Downloaded from https:// www.studiestoday.com

## കേരളപാഠാവലി

# മലയാളം

## ഭാഗം 1

സ്റ്റാൻഡേർഡ്

IX

കേരളസർക്കാർ

പൊതുവിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2019

NT-357-1-MALAYALAM-9-AT-VOL.1

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala.
website : www.scert.kerala.gov.in
email : scertkerala@gmail.com
Phone : 0471-2341883, Fax : 0471-2341869
Printed at : KBPS, Kakkanad, Kochi-30

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പ്രിയ വിദ്യാർഥികളേ,

ഒരു ജനതയ്ക്ക് കരുത്തും ആത്മവിശ്വാസവും നൽകുന്നതിൽ മാതൃഭാഷയ്ക്ക് നിർണായകമായ പങ്കുണ്ട്. മലയാളം നമ്മുടെ അഭിമാനവും സ്വത്വത്തിന്റെ അടയാളവുമാണ്. മഹത്തായ ഒരു സാഹിത്യസമ്പത്തും വിജ്ഞാനസമ്പത്തും നമ്മുടെ മാതൃ ഭാഷയായ മലയാളം ഉൾക്കൊള്ളുന്നു. അതിന് അവകാശികളാ യിത്തീരാൻ നമുക്ക് പ്രയത്നിക്കാം.

**സമഗ്ര** എന്ന വിദ്യാഭ്യാസ പോർട്ടലും സാങ്കേതികമായി ശക്തി പ്പെടുത്തിയ ക്യു.ആർ.കോഡും ക്ലാസ്റൂം പഠനപ്രവർത്തനങ്ങൾ ആയാസരഹിതവും രസകരവും ആക്കിത്തീർക്കും. ദേശീയ തൊഴിൽ നൈപുണി ചട്ടക്കൂടും (എൻ.എസ്.ക്യു.എഫ്), ദുരന്ത നിവാരണമാർഗങ്ങളും ഐ.സി.ടി. സാധ്യതകളും ഈ പാഠ പുസ്തകത്തിൽ പരിഗണിച്ചിട്ടുണ്ട്.

സ്വതന്ത്രമായ വായനയ്ക്കും ചിന്തയ്ക്കും സർഗാത്മകാവിഷ്കാ രങ്ങൾക്കും പാഠപുസ്തകത്തിൽ ഒട്ടേറെ അവസരങ്ങൾ ഒരുക്കി യിട്ടുണ്ട്. ഭാഷയുടെ പ്രയോഗസാധ്യതകൾ മനസ്സിലാക്കാനും രചനകളിൽ ഏർപ്പെടാനുമുള്ള ധാരാളം പഠനാനുഭവങ്ങൾ ക്ലാസ് മുറികളിൽനിന്ന് നേടണം. കാലികമായ മെച്ചപ്പെടുത്തലുകളോടെ പ്രസിദ്ധീകരിക്കുന്ന ഈ പാഠപുസ്തകം പുതിയ അനുഭവങ്ങളും അനുഭൂതികളും പകരട്ടെ.

സ്നേഹാശംസകളോടെ,

**ഡോ.ജെ. പ്രസാദ്**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# ഭാരതത്തിന്റെ ഭരണഘടന

## ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ – താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്:**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സംസ്കാരസമന്വയത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# ഉള്ളടക്കം


## 1 നിന്നെത്തേടുവതേതൊരു ഭാവന!.. 7

- സൗന്ദര്യലഹരി ........ 08
- പ്രകൃതിസൗന്ദര്യവും കലാസൗന്ദര്യവും... .. 11
- കുപ്പിവളകൾ ........ 14

## 2 മനുഷ്യകഥാനുഗായികൾ 21

- അമ്മ ........ 22
- നഗരത്തിൽ ഒരു യക്ഷൻ ........ 35
- കീറിപ്പൊളിഞ്ഞ ചകലാസ് ........ 37

## 3 കുതുകമോടാലപിച്ചാലും 45

- കളിപ്പാവകൾ ........ 46
- ആർഭാടത്തിൽനിന്ന് ലാളിത്യത്തിലേക്ക്.. 54
- വിശ്വം ദീപമയം ........ 57
- ജീവിതം ഒരു പ്രാർഥന ........ 60


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മിഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപത്കരമായ ജോലികളിൽ നിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽ നിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

### നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

ബന്ധപ്പെടേണ്ട വിലാസം:

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**
'ശ്രീ ഗണേഷ്', റ്റി.സി. 14/2036, വാൻറോസ് ജംഗ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം-34, ഫോൺ: 0471-2326603
ഇ-മെയിൽ: childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ്: www.kescpcr.kerala.gov.in

**ചൈൽഡ് ഹെൽപ്പ്‌ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ - 1800 425 1400**
**കേരള പോലീസ് ഹെൽപ്പ് ലൈൻ - 0471 - 3243000/44000/45000**

*online R.T.E Monitoring: www.nireekshana.org.in*

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# 1

# നിന്നെത്തേടുവതേതൊരു ഭാവന!



അടുത്തടിവച്ചു തൊടുവാൻ നോക്കുമ്പോ-
ളകലേക്കു പായും വെളിച്ചമേ നിന്നെ,
ശരിക്കു സാത്വികക്കറുകയേകി ഞാൻ
മെരുക്കുവാൻ നോക്കും മരിക്കുവോളവും!

വെളിച്ചത്തിലേക്ക്
(പി. കുഞ്ഞിരാമൻനായർ)



വരികളിൽ തെളിയുന്ന ആശയം വിശദീകരിക്കുക.

എല്ലാ കവികളുടെയും നിശ്ചയമാണോ ഇത്? ചർച്ചചെയ്യുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





# സൗന്ദര്യലഹരി

പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാണ്മൂ
പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ
ഇത്തരം സൗന്ദര്യം ഞാൻ നുകരാൻ തുടങ്ങിയി-
ട്ടെത്രകാലമാ,യെന്നാലിനിയും തീർന്നില്ലല്ലോ!
ഓരോരോ ദിവസവുമത്യനർഘമായീടും
ചാരുതയൊന്നീ ലോകഗോളത്തെപ്പുതുക്കുന്നു.
അല്ലെങ്കിൽ, പ്രാപഞ്ചികജീവിതത്തിനെ, നമ്മ-
ളെല്ലാരുമിതിൻമുൻപേ വെറുത്തുകഴിഞ്ഞേനെ!
പൂർവദിങ്മുഖത്തിങ്കൽ സിന്ദൂരപൂരം പൂശി-
പ്പൂവിനെച്ചിരിപ്പിച്ചു വന്നെത്തും പുലരിയും;
മുല്ലമൊട്ടുകൾ വാരി വാനിങ്കൽ വിതറിക്കൊ-
ണ്ടുല്ലാസഭരിതയായണയും സന്ധ്യാശ്രീയും;
വാനിലുല്ലസിച്ചീടും വാർമതിയൊഴുക്കുന്ന
പൂനിലാവിങ്കൽ കുളിച്ചെത്തിടും രജനിയും;-
എന്തിനിപ്രകൃതിയിൽ സൗന്ദര്യമയമായു-
ള്ളെന്തും, ഹാ! ജീവിതത്തെ മധുരിപ്പിച്ചീടുന്നു!
കുളിർത്ത മണിത്തെന്നൽ സൗരഭോന്മാദം പൂണ്ടു
തളിർത്ത തരുക്കളെത്തഴുകിത്തളരവേ;

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അന്തരംഗാന്തരത്തിലംബരാന്തത്തെയേന്തി-
ത്തൻതിരകളാൽ താളംപിടിച്ചു പാടിപ്പാടി
പാറക്കെട്ടുകൾതോറും പളുങ്കുമണി ചിന്നി-
യാരണ്യപ്പൂഞ്ചോലകളാമന്ദമൊഴുകവേ;
മരന്ദംതുളുമ്പുന്ന മലരിൻ ചുറ്റുംകൂടി
മുരളും തേനീച്ചകൾ പറന്നുകളിക്കവേ;
വല്ലികാനടികൾ നൽ പല്ലവാകുലമായ
ചില്ലക്കൈയുകളാട്ടി നർത്തനം ചെയ്തീടവേ;
അറിയാതവരോടുകൂടി നമ്മളു, മേതോ
പരമാനന്ദപ്രവാഹത്തിങ്കൽ മുഴുകുന്നു.
ഈവിധം മനോഹരവസ്തുക്കളെല്ലാം, നമ്മെ-
"ജ്ജീവിക്കൂ, ജീവിക്കൂ"കെ,ന്നുദ്ബോധിപ്പിപ്പൂ നിത്യം.

ബാഷ്പാഞ്ജലി
(ചങ്ങമ്പുഴ കൃഷ്ണപിള്ള)

- പ്രകൃതിയിലെ മനോഹരവസ്തുക്കൾ നിരന്തരം 'ജീവിക്കൂ, ജീവിക്കൂ' എന്ന് ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുന്നത് എങ്ങനെയെല്ലാം?

- "അന്തരംഗാന്തരത്തിലംബരാന്തത്തെയേന്തി-
ത്തൻതിരകളാൽ താളംപിടിച്ചു പാടിപ്പാടി
പാറക്കെട്ടുകൾതോറും പളുങ്കുമണി ചിന്നി-
യാരണ്യപ്പൂഞ്ചോലകളാമന്ദമൊഴുകവേ"

  വരികളിലെ കാവ്യഭംഗി വിശദമാക്കുക.

- "പൂർവദിങ്മുഖത്തിങ്കൽ സിന്ദൂരപൂരം പൂശി-
പ്പൂവിനെച്ചിരിപ്പിച്ചു വന്നെത്തും പുലരിയും;
മുല്ലമൊട്ടുകൾ വാരി വാനിങ്കൽ വിതറിക്കൊ-
ണ്ടുല്ലാസഭരിതയായണയും സന്ധ്യാശ്രീയും;
വാനിലുല്ലസിച്ചീടും വാർമതിയൊഴുക്കുന്ന
പൂനിലാവിങ്കൽ കുളിച്ചെത്തിടും രജനിയും"

  പുലരി, സന്ധ്യ, രാത്രി എന്നിവയുടെ വരവിനെ കവി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെയാണ്? വരികളിലെ സാദൃശ്യകൽപ്പനകളുടെ ഔചിത്യം വിശദീകരിക്കുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



> നാനാനിറം ചേരും കാറുകളേ
> ചാരുവർണക്കടലാസുകളേ
> ആരുവാനാരുവാനീ വിധത്തിൽ
> കീറിയെറിയുന്നു വാനിടത്തിൽ
>
> *കരിമ്പുഴ രാമകൃഷ്ണൻ*

> പച്ചിലച്ചാർത്തിൻ പഴുതിങ്കലൂടതാ കാണ്മൂ
> പശ്ചിമാംബരത്തിലെപ്പനിനീർപ്പൂന്തോട്ടങ്ങൾ
>
> *ചങ്ങമ്പുഴ*

പ്രകൃതിയുടെ സൗന്ദര്യമാണ് രണ്ടു കവികളും ആവിഷ്കരിക്കുന്നത്. പ്രകൃതിയിലെ ഏതെങ്കിലുമൊരു ദൃശ്യം നിങ്ങളിലുണ്ടാക്കിയ സൗന്ദര്യാനുഭവത്തെക്കുറിച്ച് വർണന തയാറാക്കുക.

- പ്രകൃതിസൗന്ദര്യം ആവിഷ്കരിക്കുന്ന കവിതകൾ കണ്ടെത്തി കവിതയരങ്ങ് സംഘടിപ്പിക്കുക.
  - കാടിനു കാടിന്റെ ഭംഗി (അയ്യപ്പപ്പണിക്കർ)
  - സൗന്ദര്യപൂജ (പി. കുഞ്ഞിരാമൻനായർ)
  - ഹൃദയസ്മിതം (ഇടപ്പള്ളി രാഘവൻപിള്ള)
  -
  -

- "ഓരോരോ ദിവസവുമത്യനർഘമായീടും
  ചാരുതയൊന്നീ ലോകഗോളത്തെപ്പുതുക്കുന്നു
  അല്ലെങ്കിൽ, പ്രാപഞ്ചികജീവിതത്തിനെ നമ്മ-
  ളെല്ലാരുമിതിൻ മുൻപേ വെറുത്തുകഴിഞ്ഞേനേ."

  -കവിയുടെ ഈ കാഴ്ചപ്പാടിനോടുള്ള നിങ്ങളുടെ പ്രതികരണം കുറിക്കുക.

---

**പദകോശം**

| | | |
|---|---|---|
| അനർഘം | - | വിലമതിക്കാനാവാത്ത |
| അന്തരംഗാന്തരം | - | ഹൃദയത്തിന്റെ ഉള്ളറ |
| പല്ലവാകുലം | - | പല്ലവങ്ങളാൽ സമൃദ്ധം |
| പശ്ചിമാംബരം | - | പടിഞ്ഞാറൻ ആകാശം |
| പാടലം | - | ഇളംചെമപ്പ് |
| പൂർവദിങ്മുഖം | - | കിഴക്കുദിക്ക് |
| മരന്ദം | - | പൂന്തേൻ |
| വല്ലിക | - | വള്ളി |
| വാർമതി | - | പൂർണചന്ദ്രൻ |
| സൗരഭം | - | സുഗന്ധം |

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# പ്രകൃതിസൗന്ദര്യവും കലാസൗന്ദര്യവും



മനുഷ്യൻ പ്രകൃതിയിൽനിന്നു വിഭിന്നനാണെന്നുള്ള സങ്കൽപ്പമാണ് പ്രകൃതിസൗന്ദര്യവും കലാസൗന്ദര്യവും തമ്മിലുള്ള വിവേചനത്തിനു നിദാനം. മനുഷ്യനും പ്രകൃതിയുടെ അംശമാണെന്നു വാദിച്ചാൽ ഈ വിവേചനത്തിന് അടിസ്ഥാനമില്ലാതാകുകയും മനുഷ്യനിർമ്മിതമായ കലാസൗന്ദര്യം പ്രകൃതിസൗന്ദര്യത്തിന്റെ ഒരംശം മാത്രമാണെന്നു സമ്മതിക്കേണ്ടിവരുകയും ചെയ്യും. ഒട്ടുമാവു വളർത്തുന്നതിൽ ഒട്ടിക്കൽ എന്ന കർമ്മം മനുഷ്യൻ ചെയ്യുന്നതാണെങ്കിലും അതു പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യുന്നത് ആരുടെ ശക്തികൊണ്ടാണ്? മനുഷ്യൻ പ്രകൃതിയുടെ അംശമാണെങ്കിൽ എല്ലാ ശക്തിയും എല്ലാ സൗന്ദര്യവും പ്രകൃതിയുടേതുതന്നെ. എന്നാലും സാമാന്യവ്യവഹാരത്തിൽ പ്രകൃതിയെയും മനുഷ്യനെയും നാം വേർതിരിക്കാറുണ്ട്. ഇതിനെ ആസ്പദമാക്കിയാണ് പ്രകൃതിസൗന്ദര്യത്തെയും കലാസൗന്ദര്യത്തെയും ഇവിടെ വ്യവച്ഛേദിക്കുന്നത്.

പ്രകൃതി എപ്പോഴും മാറിമാറിക്കൊണ്ടിരിക്കുന്നു. അതിന്റെ ഓരോ ഭാവവും ക്ഷണികമാണ്. ഈ ഭാവങ്ങളിൽ ചിലതു നമ്മിൽ സൗന്ദര്യപ്രതീതി ഉളവാക്കുവാൻ പര്യപ്തമായിരിക്കാം. എന്നിരുന്നാലും അതിനു സ്ഥിരതയില്ല. നേരെമറിച്ച്, കലയിൽ രമണീയഭാവത്തിനു സ്ഥിരപ്രതിഷ്ഠ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ലഭിക്കുന്നു. ആ ഭാവത്തിനു മാറ്റം സംഭവിക്കുന്നില്ല. ആസ്വാദകർ വന്നും പോയും കൊണ്ടിരിക്കുന്നു. എന്നാൽ കല നിശ്ചലമായിത്തന്നെ നിലകൊള്ളുന്നു (ഈ അർഥത്തിലാണ് കല ശാശ്വതമാണെന്നു പറയുന്നത്). പ്രകൃതിഭാവങ്ങളുടെ ക്ഷണികതയെ അപേക്ഷിച്ച് കലയുടെ ഭാവം ചിരസ്ഥായിയാണ്.

പ്രകൃതിയിൽ കേവലസൗന്ദര്യം അസുലഭമാണ്. പലപ്പോഴും ഖനിയിൽനിന്നു കുഴിച്ചെടുക്കുന്ന ലോഹംപോലെ, പ്രകൃതിസൗന്ദര്യം അസംഗതമായ മറ്റു പലതിനോടും കലർന്നു സങ്കീർണമായിട്ടാണ് ആവിർഭവിക്കുക. ഇന്നാട്ടിലെ ഒരു നദിയുടെ സൗന്ദര്യം നാം ആസ്വദിച്ചുകൊണ്ടിരിക്കുമ്പോൾ ആ നദിയുടെ തീരത്തിരുന്നു ജലം മലിനമാക്കുന്ന പാപികളുടെ കാഴ്ച നമ്മുടെ ആസ്വാദനത്തിനു വിലങ്ങുതടിയായി നിൽക്കുന്നു. കലർപ്പില്ലാത്ത സൗന്ദര്യം കലയിലാണ് പ്രായേണ കണ്ടുവരുന്നത്. അപ്രകൃതവും അസംസ്കൃതവുമായ അംശങ്ങൾ ഉപേക്ഷിച്ച്, സൗന്ദര്യസാരം മാത്രം ആവിഷ്കരിക്കുവാനാണ് കലാകാരൻ ശ്രമിക്കുന്നത്. തന്മൂലം കലാസൗന്ദര്യത്തിന്റെ പ്രതീതി ഏകാഗ്രവും അഭംഗുരവുമായിരിക്കും.

പ്രകൃതിക്കു സൗന്ദര്യം സൃഷ്ടിക്കുക മാത്രമല്ല, ഒഴിച്ചുകൂടാത്ത വേറെ പല ജോലികളുമുണ്ട്. യാദൃച്ഛികമായി മാത്രമേ പ്രകൃതിസൗന്ദര്യം ദ്രഷ്ടവ്യമാകുന്നുള്ളൂ. വസന്തത്തിലൂടെ പുഞ്ചിരിതൂകുന്ന പ്രകൃതി ചിലപ്പോൾ നഖത്തിലും ദന്തത്തിലും രക്തംപുരണ്ട ഉഗ്രരൂപിണിയായും പ്രത്യക്ഷപ്പെടുന്നു. എന്നാൽ കലാസൃഷ്ടിയിൽ ലക്ഷ്യപ്രാപ്തിയെ മുൻനിറുത്തിയുള്ള ഉപകരണസംവിധാനത്തിൽനിന്നുളവാക്കുന്ന സൗന്ദര്യാവിഷ്കരണമാണ് നാം കാണുന്നത്. കല സോദ്ദേശ്യമാണ്; ആകസ്മികമല്ല. യാതൊരു അനുഭൂതിയിൽനിന്ന് അതു ജന്മമെടുക്കുന്നുവോ, ആ അനുഭൂതിയെ സമഗ്രമായി ശേഖരിച്ച്, ഉചിതമായ രൂപത്തിൽ ആവിഷ്കരിച്ച് ഇതരർക്ക് പകർന്നുകൊടുക്കുകയാണ് അതിന്റെ ലക്ഷ്യം. കലാസൗന്ദര്യത്തെ പ്രകൃതിസൗന്ദര്യത്തിൽനിന്നു വേർതിരിക്കുന്നത് മനുഷ്യന്റെ സർഗപരമായ ചിത്തവൃത്തിയാണ്.

പ്രകൃതിസൗന്ദര്യത്തിന്റെ അനുഭൂതി ഓരോരുത്തനും സ്വകീയമാണ്. അത് അവിടെത്തന്നെ അവസാനിക്കുന്നു. എന്നാൽ കലാസൗന്ദര്യം ഒരുവക പരസ്യപ്പെടുത്തലാണ്. കലാകാരന്റെ അനുഭൂതി കലാമാർഗമായി പ്രക്ഷേപിക്കപ്പെട്ട് തത്തുല്യമായ അനുഭൂതി ആസ്വാദകന്റെ അന്തരംഗത്തിലും ഉളവാക്കുന്നു. പ്രക്ഷേപണമില്ലെങ്കിൽ കലയില്ല. കലാകാരൻ മാത്രം ആസ്വദിക്കുവാനാണ് കലാസൃഷ്ടി ചെയ്യുന്നതെന്നുള്ള വാദം അനുഭവത്തിനു യോജിച്ചതല്ല. സ്വകീയമായ അനുഭൂതി ഇതരരുടെ അന്തരംഗത്തിൽ പകർത്തിക്കഴിയുമ്പോഴാണ് കല ചരിതാർഥമാകുന്നത്. ഒരുവിധത്തിൽ നോക്കിയാൽ ഇത് വെറും പ്രചാരണമാണെന്നു സമ്മതിക്കണം. പക്ഷേ, ഈ പ്രചാരണോദ്ദേശ്യമില്ലായിരുന്നുവെങ്കിൽ കലയെന്നൊന്നുണ്ടാകുമായിരുന്നോ എന്ന് ആലോചിക്കേണ്ടതാണ്. കലാകാരന്റെ ഉദ്ദേശ്യം സൗന്ദര്യം സൃഷ്ടിക്കുകയാണെന്നുപോലും പറയാവുന്നതല്ല. തന്റെ കൃതി സുന്ദരമാണോ അല്ലയോ എന്ന് അയാൾ സൃഷ്ടിയിലേർപ്പെട്ടിരിക്കുമ്പോൾ ആലോചിക്കാറില്ല. തന്റെ അനുഭൂതിയെ പൂർണമായും സമ്യക്കായും ആവിഷ്കരിക്കുവാനാണ് അയാളുടെ ഉദ്യമം. അയാളുടെ ശ്രമം ഫലവത്തായെന്നുള്ളതിന്റെ ഒരു മുദ്രയാണ് സൗന്ദര്യം.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കലാസൗന്ദര്യം പ്രകൃതിസൗന്ദര്യത്തിന്റെ അനുകരണമല്ല. കലാസൃഷ്ടിക്കു പ്രേരകമായ അനുഭൂതി പ്രകൃതിയിൽനിന്നു ലഭിച്ചതാണെന്നിരുന്നാൽത്തന്നെയും, അത് കലാരൂപം പ്രാപിക്കുമ്പോൾ അതിൽ നൂതനമായ ഒരംശം കലരുന്നുണ്ട്. കലാകാരൻ അനുഭൂതിക്കു കൽപ്പിക്കുന്ന മൂല്യമാണ് ഈ നൂതനാംശം. പ്രകൃതിയിൽനിന്നുള്ള പ്രചോദനവും കലാകാരന്റെ പ്രത്യാഘാതവും ചേർന്നുള്ള ഒരു ശക്തിവിശേഷമാണ് കലയിൽ അവതരിക്കുന്നത്. പ്രേരകമായ അനുഭൂതി സുന്ദരമായിരിക്കണമെന്നില്ല. അതു ചിലപ്പോൾ ബീഭത്സവും ചിലപ്പോൾ ശോകമയവും ആയിരുന്നേക്കാം. എന്നാലും അതിന്റെ കലാരൂപമായ ആവിഷ്കരണം തീർച്ചയായും സൗന്ദര്യാത്മകമായിരിക്കും. കലാനിർമാണത്തിലെ ഒരു വിരോധാഭാസമാണിത്.

24B13F

**പ്രകൃതിസൗന്ദര്യവും കലാസൗന്ദര്യവും**

(എം.പി. പോൾ)

- "കലാസൗന്ദര്യം പ്രകൃതിസൗന്ദര്യത്തിന്റെ അനുകരണമല്ല" - ഈ നിരീക്ഷണം സമർഥിക്കുന്നതിന് എന്തെല്ലാം വാദഗതികളാണ് ലേഖകൻ ഉന്നയിക്കുന്നത്? നിങ്ങളുടെ കണ്ടെത്തലുകൾ കുറിക്കുക.
- "പ്രകൃതിസൗന്ദര്യത്തിന്റെ അനുഭൂതി ഓരോരുത്തനും സ്വകീയമാണ്".
  സ്വാഭിപ്രായം സമർഥിക്കുക.
- പ്രകൃതിയുടെ സൗന്ദര്യം - പ്രകൃതിസൗന്ദര്യം
  ചിത്തത്തിന്റെ വൃത്തി - ചിത്തവൃത്തി
  സൗന്ദര്യത്തിന്റെ ആവിഷ്കാരം - സൗന്ദര്യാവിഷ്കാരം
  ഇത്തരത്തിൽ പദങ്ങൾ ചേർത്തെഴുതുന്നതുകൊണ്ട് വാക്യങ്ങൾക്ക് കൈവരുന്ന മേന്മകൾ എന്തെല്ലാം? പാഠഭാഗത്തുനിന്ന് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി ചർച്ചചെയ്യുക.
- പ്രകൃതിസൗന്ദര്യം ആവിഷ്കരിക്കുന്ന ചിത്രങ്ങൾ (Paintings), കവിതകൾ എന്നിവ ശേഖരിച്ച് ക്ലാസ്സിൽ അവതരിപ്പിക്കുക. ചർച്ചയുടെ അടിസ്ഥാനത്തിൽ കലാസൗന്ദര്യം പ്രകൃതിസൗന്ദര്യത്തിൽ നിന്ന് എങ്ങനെയെല്ലാം വ്യത്യസ്തമായിരിക്കുന്നുവെന്ന് കണ്ടെത്തി കുറിപ്പ് തയാറാക്കുക.

**പദകോശം**

| | | |
|---|---|---|
| അഭംഗുരം | - | നാശമില്ലാത്ത |
| അസംഗതം | - | ചേർച്ചയില്ലാത്ത |
| ദ്രഷ്ടവ്യം | - | ദർശിക്കത്തക്കത് |
| സമ്യക്ക് | - | ശരിയായ, ഉചിതമായ |

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





# കുപ്പിവളകൾ

നാകപ്പാത്തി* യിൽക്കൂടി വെള്ളം കൂലംകുത്തി വീഴുന്ന ഇരമ്പൽ ചെവിയോർത്തു നിൽക്കുകയായിരുന്നു കണ്ണമ്മ. വരാന്തയുടെ അഴികളിൽ പിടിച്ച് കൈ പുറത്തേക്കു നീട്ടിയതേയുള്ളൂ; ആകെ നനഞ്ഞുപോയിരുന്നു. തകർത്തുള്ള മഴയാവും; സംശയമില്ല. രാവിലത്തെ കഞ്ഞിയും പുഴുക്കും ഇനി എപ്പോഴാണോ കഴിക്കുക? ഈ മഴയത്ത് ഊണുമുറിവരെ നനഞ്ഞുകുളിക്കാതെ എത്താൻ കഴിയുകയില്ലല്ലോ. നേരം വെളുത്തപ്പോഴേ വയറ് പ്രതിഷേധിച്ചുതുടങ്ങിയിരിക്കുന്നു.

പൂമുഖത്ത് കാർ ഇരച്ചുവന്നു നിൽക്കുന്നതും ഡോർ ശക്തിയായി അടയുന്നതുമായ ശബ്ദം കേട്ടപ്പോഴാണ് ശ്രദ്ധ മാറിയത്. അനാഥാലയത്തിൽ ആരോ വിശിഷ്ടാതിഥി വന്നിട്ടുണ്ടാവും. വല്ലപ്പോഴുമൊക്കെയുള്ള പതിവാണ്. ഇനിയിപ്പോൾ ആരെങ്കിലും വന്ന് തന്നെ കൈയും പിടിച്ചു കൊണ്ടുപോകും. അനാഥാലയത്തിന്റെ വലിയ അങ്കണത്തിൽ തങ്ങൾ ഒത്തുകൂടുമ്പോൾ വന്ന അതിഥി തങ്ങളോടായി സംസാരിക്കും. നല്ല കാര്യങ്ങളാണ് പറയുക എന്നാണല്ലോ ദേവൂച്ചേച്ചി പറയാറ് – എന്താണാവോ ഈ നല്ല കാര്യങ്ങൾ! തന്റെ കണ്ണുകളുടെ നിറഞ്ഞ അന്ധകാരത്തിലേക്ക് വാക്കുകൾക്ക് വലിയ അർഥമൊന്നുമില്ല, അവർ സംസാരിക്കുമ്പോൾ കുറേ നേരം പോയിക്കിട്ടുമെന്നല്ലാതെ.

ഉദ്ദേശിച്ചതുപോലെ ആരോ വന്ന് കൈയും പിടിച്ചുകഴിഞ്ഞു. സേതുവാണെന്ന് തോന്നുന്നു: "വാ, വേഗം വാ കണ്ണമ്മേ, അവിടെ ആരോ വന്നിട്ടുണ്ട്."

എല്ലാ ദിവസങ്ങളിലും തന്നെ മുൻപന്തിയിൽ നിർത്തണമെന്ന് എന്തുകൊണ്ടോ സിസ്റ്ററമ്മയുടെ പ്രത്യേകനിർബന്ധമാണ്.

"ഞങ്ങൾക്ക് ഇങ്ങനെയും ഒരാളുണ്ട് – കണ്ണിനു കാഴ്ചയില്ലാത്ത കണ്ണമ്മ."

*നാകപ്പാത്തി-ലോഹപ്പാത്തി

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



തന്നെ അങ്ങനെ പറഞ്ഞു പരിചയപ്പെടുത്താനും മറക്കാറില്ല. ചിലപ്പോൾ ചിലരുടെ മനസ്സിന്റെ അലിവ് ഒരു നെടുവീർപ്പായി കാതുകളിൽ വന്നു പതിച്ചെന്നിരിക്കും – അതിൽക്കവിഞ്ഞ്? എന്തോ, കാഴ്ചയില്ലാത്ത കണ്ണമ്മയാണ് താൻ. തന്റെ ലോകം വളരെ വളരെ ഇടുങ്ങിയതാണ് – മറ്റുള്ളവർക്ക് മനസ്സിലാക്കാനാവാത്ത വിധം! മേരിയും ലിസയും സേതുവുമൊക്കെ പറഞ്ഞുരസിക്കുന്നതൊന്നും തനിക്കുൾക്കൊള്ളാനാവില്ല. അതുകൊണ്ടുതന്നെയാവും അവർ തന്നെ സംഭാഷണങ്ങളിൽനിന്ന് ഒഴിവാക്കാൻ തിടുക്കപ്പെടുന്നത്.

എന്തെങ്കിലും തന്നെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുന്ന ഒരേയൊരാൾ മാത്രം – ദേവുച്ചേച്ചി! തന്റെ കൈവെള്ള മടിയിൽ പിടിച്ചുവച്ച് ഓരോന്നിന്റെയും പേരു പറഞ്ഞിട്ട് ചൂണ്ടുവിരൽകൊണ്ട് അമർത്തിവരയ്ക്കും – നീളത്തിൽ, വട്ടത്തിൽ, വളഞ്ഞുവളഞ്ഞ്. ചിലപ്പോൾ കൈകൊണ്ട് തൊടീപ്പിക്കും.

പ്രസംഗം തീർന്നു എന്നു തോന്നുന്നില്ല. എല്ലാവരും കൈയടിക്കുകയാണ്. ചുറ്റും ആഹ്ലാദപ്രകടനങ്ങളുടെ അടക്കിപ്പിടിച്ച ഒച്ചകൾ! സാധാരണ തങ്ങൾ നിശ്ശബ്ദം പിരിഞ്ഞുപോവുകയാണ് പതിവ്. ഇന്ന് അതിന് വിപരീതമായി എന്തേ, എന്തുകൊണ്ടാണീ പുതുമ? ചെവിയോർത്തുനിന്നു. പെട്ടെന്ന് സിസ്റ്ററമ്മ ഉച്ചത്തിൽ എല്ലാവരോടുമായി വിളിച്ചുപറഞ്ഞു, വന്ന അതിഥി തങ്ങൾക്കൊക്കെ പുതുവസ്ത്രങ്ങൾ തരാൻപോകുകയാണെന്ന്. ഇതിനുമുമ്പ് ഒരിക്കൽ ഇതുപോലൊരു വ്യക്തി ഓണത്തിന് പുതുവസ്ത്രങ്ങൾ സമ്മാനിച്ചതാണ്. അന്ന് തന്റെ കൂട്ടുകാരുടെയിടയിലെ സന്തോഷത്തിമർപ്പ് എന്തായിരുന്നു! രാത്രിയിൽ ഉറങ്ങാൻ കിടക്കുന്നതുവരെയും അതേക്കുറിച്ചുള്ള സംസാരം നിറുത്തിയിരുന്നില്ല.

“കണ്ണമ്മ, ദാ ഇങ്ങോട്ടു നീങ്ങി നിൽക്ക് – ഉം – കൈരണ്ടും നീട്ടിക്കോ!” ഇതാ തന്റെ കൈയിലും ഒരു കോടിയുടുപ്പായി! അടിച്ചു നനച്ചു കുളിക്കുമ്പോൾ മാറിയുടുക്കാൻ ഒരു വസ്ത്രമെന്നല്ലാതെ – “കണ്ണിനു കാഴ്ചയില്ല – അതാണ് ഇങ്ങനെ മുഖം വലിച്ചുകെട്ടി” – സിസ്റ്ററമ്മയാണല്ലോ പറഞ്ഞത്! ഉള്ളിലൊരു നടുക്കം. ആരെങ്കിലും എന്തെങ്കിലും സമ്മാനിച്ചാൽ പുഞ്ചിരിയോടെ വേണം സ്വീകരിക്കാൻ എന്നു കഴിഞ്ഞ തവണതന്നെ താക്കീതു തന്നതായിരുന്നുവെന്ന് പെട്ടെന്ന് ഓർത്തു. ഇനി വന്നയാൾ പോയിക്കഴിഞ്ഞാൽ തന്നെ പിടിച്ചു ശകാരിക്കുമോ ആവോ!

ആരോ പിറകോട്ടു പിടിച്ചു നീക്കുകയാണ്.

“വാ കണ്ണമ്മ!” ലിസയാണ്. “കോടി കിട്ടിയല്ലോ! ഇനി വഴി മാറിക്കൊടുക്ക്, നിന്നെ അങ്ങുകൊണ്ടാക്കിയേക്കാം.”




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ആൾക്കൂട്ടത്തിനിടയിൽനിന്ന് അവർ പുറത്തേക്കു നടത്തി.

"ആ വന്ന അമ്മച്ചിയെ നിനക്കു കാണാൻ പറ്റിയില്ലല്ലോ... എന്തു നല്ല അമ്മച്ചി! നമുക്കൊക്കെ കോടി തന്നില്ലേ! കൂടെ അവരുടെ മോളും ഉണ്ട്. എന്തു നല്ല സുന്ദരിയാണെന്നോ! നമ്മുടെയൊക്കെ അത്ര വരും. തിളങ്ങുന്ന പച്ചത്തട്ടുള്ള ഉടുപ്പാണ് ഇട്ടിരുന്നത്."

ഒന്നും മിണ്ടിയില്ല. സൗന്ദര്യവും തിളക്കവും പച്ചനിറവും ഒന്നും തനിക്കു പിടിയുള്ള വാക്കുകളല്ലല്ലോ!

പെട്ടെന്ന് അവൾ പറഞ്ഞു:

"ആ മോൾടെ കൈ രണ്ടും നിറയെ കുപ്പിവളകൾ!"



എന്താണവൾ പറഞ്ഞത്? കുപ്പിവളകൾ എന്നല്ലേ? പെട്ടെന്ന് മനസ്സിൽ ഒരു തെളിച്ചം - പള്ളിയിൽ കുർബാന സമയത്തുള്ള മണികിലുക്കംപോലെ കിലുങ്ങുന്ന - അതെ, കുറേ നാളുകൾക്കു മുമ്പ് താനും ദേവുച്ചേച്ചിയും സിസ്റ്ററമ്മയുടെ മുറിയിൽ നിൽക്കുമ്പോഴാണ് ആരോ കടന്നുവന്നപ്പോൾ മണികിലുക്കംപോലെ മനസ്സിൽ കൗതുകമുണർത്തിയ പുതിയൊരു നാദം. അന്നാണ് ദേവുച്ചേച്ചി കുപ്പിവളകളെക്കുറിച്ചു പറഞ്ഞുതന്നത്. തന്റെ കൈവെള്ളയിൽ ചൂണ്ടുവിരൽകൊണ്ട് അമർത്തി വട്ടത്തിൽ വരച്ചു കാണിച്ചു: "ഇതുപോലെ ഒന്നല്ല, ഒരടുക്ക് കൈയിലിടുമ്പോഴാണ് ഈ കിലുക്കം."

ദേവുച്ചേച്ചി പറഞ്ഞു:

"ഇതാ നിന്റെ പതിവുസ്ഥാനത്ത് കൊണ്ടെത്തിച്ചിരിക്കുന്നു കണ്ണമ്മ. ഇനി കോടി അഴുക്കാക്കാതെ വേഗം പെട്ടിയിൽ കൊണ്ടുവയ്ക്ക്."

വരാന്തയുടെ കൈവരിയിൽ തന്റെ കൈ പിടിപ്പിച്ചിട്ട് അവൾ ഓടിപ്പോയിക്കഴിഞ്ഞു.

തപ്പിത്തടഞ്ഞ് മുറിയിൽ തന്റെ തകരപ്പെട്ടി കണ്ടുപിടിച്ച് ഉടുപ്പു വച്ചിട്ട് പതിവുസ്ഥാനത്തു വീണ്ടും നിലയുറപ്പിച്ചപ്പോൾ നാകപ്പാത്തിയിൽക്കൂടി വീണുകൊണ്ടിരുന്ന വെള്ളത്തിന്റെ ശബ്ദം നേർത്തിരുന്നു. കൈ വെളിയിലേക്കു നീട്ടി. ഇടയ്ക്കിടെ ഓരോ വെള്ളത്തുള്ളി മാത്രം. പെട്ടെന്ന് നീട്ടിപ്പിടിച്ച തന്റെ കൈയിൽ ആരുടെയോ കൈത്തലം. അതു ലിസയുടെയും മേരിയു



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ടെയും സേതുവിന്റെയും അല്ല, തീർച്ച.... പൂവിതളുകളുടേതുപോലുള്ള മൃദുസ്പർശം. ആരാണോ ഓർക്കാപ്പുറത്ത്! മനസ്സിന്റെ ജിജ്ഞാസയുടെ വീർപ്പുമുട്ടൽ.... പെട്ടെന്ന് സിസ്റ്ററമ്മയുടെ പരുക്കൻ ശബ്ദം:

"കണ്ണമ്മ, ഇതാ റോസിമോൾ നിനക്കൊരു പ്രത്യേക സമ്മാനം കൊണ്ടുവന്നിരിക്കുന്നു. വേഗം കൈനീട്ടിക്കൊടുക്ക്."

ഒന്നുമൊന്നും മനസ്സിലായില്ല. എങ്കിലും വേഗം കൈനീട്ടിപ്പിടിച്ചു. സിസ്റ്ററമ്മയാണ് പറഞ്ഞത്. പെട്ടെന്ന് കലപിലകൂട്ടുന്ന കുപ്പിവളകളുടെ കിലുങ്ങുന്ന സ്വരം! ലിസ പറഞ്ഞ ആ നല്ല അമ്മയുടെ മകളായിരിക്കും. രണ്ടുകൈയും നിറയെ കുപ്പിവളകൾ അണിഞ്ഞിരുന്നുവെന്നല്ലേ ലിസ പറഞ്ഞത്! പെട്ടെന്ന് ആരോ തന്റെ കൈപ്പത്തി ഒതുക്കിപ്പിടിക്കുകയാണ്. എന്തു സംഭവിക്കുന്നു എന്നാലോചിച്ച് നിൽക്കുമ്പോൾ കലപില കൂട്ടുന്ന കുപ്പിവളകൾ തന്റെ കൈത്തണ്ടിലേക്ക് .... വിശ്വസിക്കാനാവാതെ പതുക്കെ തടവിനോക്കാൻ കൈപ്പടം അനക്കിയപ്പോൾ മണികിലുക്കം പോലെ കൗതുകമുണർത്തുന്ന നാദം! പെട്ടെന്നു മനസ്സിൽ ആഹ്ലാദത്തിന്റെ രോമാഞ്ചം! ഉള്ളിൽ ഒതുങ്ങാതെ അത് ശരീരത്തിൽ ആകെ പടർന്നു കയറുകയാണ്.

"നോക്കമ്മേ, ആ കുട്ടിയുടെ മുഖത്ത് എന്തൊരു തെളിച്ചം!"

ആരാണ് ആ പറഞ്ഞത്? എന്തോ, അറിഞ്ഞുകൂടാ. കൈകൾ കുലുക്കി കുപ്പിവളകളുടെ മന്ത്രനാദം കേൾക്കുന്ന തിരക്കിൽ അവൾ മറ്റെല്ലാം മറന്നുപോയിരുന്നു.

സാറാതോമസിന്റെ കഥകൾ
(സാറാതോമസ്)

24JH53



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- കുപ്പിവളകളുടെ മന്ത്രനാദം കണ്ണമ്മയിൽ വരുത്തിയ മാറ്റം എന്താണ്? ചർച്ചചെയ്യുക.

- • തന്റെ കണ്ണുകളുടെ നിറഞ്ഞ അന്ധകാരത്തിൽ വാക്കുകൾക്ക് വലിയ അർഥമൊന്നുമില്ല.
  • ചിലപ്പോൾ ചിലരുടെ മനസ്സിന്റെ അലിവ് ഒരു നെടുവീർപ്പായി കാതുകളിൽ വന്നുപതിച്ചെന്നിരിക്കും.
  • എന്താണവൾ പറഞ്ഞത്? കുപ്പിവളകൾ എന്നല്ലേ? പെട്ടെന്ന് മനസ്സിൽ ഒരു തെളിച്ചം.

  കണ്ണമ്മയുടെ അനുഭവലോകത്തെ അവതരിപ്പിക്കുന്ന സന്ദർഭങ്ങളാണിവ.
  കഥയുടെ ഭാവതലത്തെ ഇത്തരം അവതരണങ്ങൾ എങ്ങനെ സ്വാധീനിക്കുന്നു? ചർച്ച ചെയ്യുക.

- കണ്ണമ്മയുടെ ലോകം ശബ്ദങ്ങളുടേതാണ്. ശബ്ദങ്ങളിലൂടെ ലോകത്തെ അറിയുന്ന കണ്ണമ്മയോടുള്ള സിസ്റ്ററമ്മയുടെ സമീപനം വിലയിരുത്തി കുറിപ്പ് തയാറാക്കുക.

### സ്റ്റീഫൻ ഡബ്ല്യു ഹോക്കിങ്



24TS6Q

**ശാ**സ്ത്രജ്ഞനായ സ്റ്റീഫൻ ഹോക്കിങ്ങിനെക്കുറിച്ച് കേട്ടിട്ടിരിക്കുമല്ലോ. പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ച് നൂതനമായ അന്വേഷണങ്ങൾ നടത്തിയ ഹോക്കിങ് മോട്ടോർ ന്യൂറോൺ എന്ന ഗുരുതരരോഗം ബാധിച്ച്, ശരീരം തളർന്ന് ജീവിതം പൂർണമായും വീൽച്ചെയറിലേക്ക് ഒതുക്കപ്പെട്ട പ്രതിഭയാണ്. സംസാരശേഷി നഷ്ടപ്പെട്ട്, ആംഗ്യഭാഷയ്ക്കു പോലും പറ്റാത്ത നിസ്സഹായാവസ്ഥയിലാണെങ്കിലും രോഗത്തിനു കീഴടങ്ങി ഒതുങ്ങിക്കൂടാൻ അദ്ദേഹം തയാറായില്ല. പ്രവർത്തനക്ഷമമായ ഒരേയൊരവയവമായ വലതുകൈയിലെ ചൂണ്ടുവിരലുപയോഗിച്ച്, കംപ്യൂട്ടറിൽ തെളിയുന്ന അക്ഷരങ്ങൾ പെറുക്കിയെടുത്ത് ഹോക്കിങ് മഹത്തായ ആശയങ്ങൾ ലോകത്തിനു സമ്മാനിച്ചു. പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ചും തമോഗർത്തങ്ങളെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ ഐൻസ്റ്റീനു ശേഷമുണ്ടായ ഏറ്റവും മഹത്തായ കണ്ടെത്തലുകളായി കണക്കാക്കപ്പെടുന്നു. A brief history of time അടക്കമുള്ള ശാസ്ത്രഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ രചനകളാണ്.

ഈ നേട്ടങ്ങളുടെ അംഗീകാരമായി ഹോക്കിങ്ങിന് അനേകം ബഹുമതികൾ ലഭിച്ചിട്ടുണ്ട്. കേംബ്രിഡ്ജ് സർവകലാശാലയുടെ ലൂക്കേഷ്യൻ പ്രഫസർ ഓഫ് മാത്തമാറ്റിക്സ്, അമേരിക്കയിലെ ഏറ്റവും വലിയ ബഹുമതിയായ ആൽബർട്ട് ഐൻസ്റ്റീൻ അവാർഡ്, ബി.ബി.സി. നൽകുന്ന മാസ്റ്റർ ഓഫ് യൂണിവേഴ്സ്, ആറോളം സർവകലാശാലകളുടെ ഹോണററി ഡോക്ടറേറ്റ് എന്നിവ അവയിൽ ചിലതാണ്. ശാരീരികമായ കൊടിയ അവശതകൾ ഏൽപ്പിച്ച വെല്ലുവിളികളെ ഇച്ഛാശക്തികൊണ്ട് മറികടക്കാൻ കഴിയുമെന്നതിന്റെ ഉദാത്തമാതൃകയാണ് സ്റ്റീഫൻ ഹോക്കിങ്. 2018 മാർച്ച് 14ന് 76-ാം വയസ്സിൽ അദ്ദേഹം ലോകത്തോടു വിടപറഞ്ഞു.

253N8D

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ശാരീരികവെല്ലുവിളികൾ അതിജയിച്ച് ജീവിതവിജയം കൈവരിച്ച നിരവധി വ്യക്തികൾ സമൂഹത്തിലുണ്ട്. ഇത്തരത്തിലുള്ള ഒരാളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

## ഞാൻ എന്നെക്കുറിച്ച്

| | പൂർണമായി | ഭാഗികമായി | അൽപ്പം മാത്രം |
|---|---|---|---|
| **വർണന** | | | |
| • വസ്തു, സംഭവം, ദൃശ്യം എന്നിവ ആശയം ചോർന്നുപോകാതെ അവതരിപ്പിച്ചിട്ടുണ്ട്. | | | |
| • വർണനയുടെ സവിശേഷതകൾ പാലിച്ചിട്ടുണ്ട്. | | | |
| • പദങ്ങൾ, വിശേഷണങ്ങൾ, പ്രയോഗങ്ങൾ, വാക്യങ്ങൾ എന്നിവ ഔചിത്യപൂർവം ഉപയോഗിച്ചിട്ടുണ്ട്. | | | |
| **കവിതയരങ്ങ്** | | | |
| • വിഷയവുമായി ബന്ധപ്പെട്ട കവിത കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • ഭാവാത്മകമായി, ഈണത്തിൽ, അർഥവ്യക്തതയോടെ ആലപിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • കവിതാസ്വാദനചർച്ചയിൽ അഭിപ്രായങ്ങൾ അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • കവിതകളുടെ പ്രമേയം, ചമൽക്കാരഭംഗി എന്നിവ തിരിച്ചറിഞ്ഞ് കുറിപ്പ് തയാറാക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com








### ചങ്ങമ്പുഴ കൃഷ്ണപിള്ള
**(1911–1948)**

എറണാകുളത്തെ ഇടപ്പള്ളിയിൽ ജനനം. കാൽപ്പനികപ്രസ്ഥാനത്തിൽ ശ്രദ്ധേയൻ. രമണൻ, ബാഷ്പാഞ്ജലി, സങ്കല്പകാന്തി, സ്പന്ദിക്കുന്ന അസ്ഥിമാടം, പാടുന്ന പിശാച്, സ്വരരാഗസുധ, യവനിക, കളിത്തോഴി, അമൃതവീചി, രക്തപുഷ്പങ്ങൾ തുടങ്ങിയവ പ്രധാന കൃതികൾ. നിരവധി വിവർത്തനകൃതികളും ചങ്ങമ്പുഴയുടേതായിട്ടുണ്ട്.



### എം.പി. പോൾ
**(1904 – 1952)**

വാരാപ്പുഴയിൽ ജനിച്ചു. ചങ്ങനാശ്ശേരി എസ്.ബി. കോളേജ്, തൃശൂർ സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിൽ പ്രഫസറായിരുന്നു. പുരോഗമന സാഹിത്യസംഘടനയുടെ സ്ഥാപകാധ്യക്ഷൻ, സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ ആദ്യ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു.

*പ്രധാന കൃതികൾ*

നോവൽ സാഹിത്യം, ചെറുകഥാപ്രസ്ഥാനം, സൗന്ദര്യനിരീക്ഷണം, ഗദ്യഗതി, സാഹിത്യവിചാരം



### സാറാതോമസ്

1934ൽ തിരുവനന്തപുരത്ത് ജനനം. 'ജീവിതം എന്ന നദി' ആദ്യനോവൽ. നാർമുടിപ്പുടവ എന്ന നോവലിന് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. നീലക്കുറിഞ്ഞികൾ ചുവക്കും നേരം, ഗ്രഹണം, അഗ്നിശുദ്ധി, അസ്തമയം, പവിഴമുത്ത്, മുറിപ്പാടുകൾ, അർച്ചന, സാറാതോമസിന്റെ കൃതികൾ (കഥാസമാഹാരം) തുടങ്ങിയവ പ്രധാന കൃതികൾ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# 2

# മനുഷ്യകഥാനുഗായികൾ



ഗുരു ശിഷ്യർക്കു മുന്നിലെത്തി.
അന്നേരം കിളിവാതിലിലൊരു പക്ഷി വന്നിരുന്നു.
അതു പാടാൻ തുടങ്ങി.
അവർ ആ പാട്ടിൽ ലയിച്ചിരുന്നു.
പക്ഷി പറന്നുപോയപ്പോൾ ഗുരു പറഞ്ഞു:
"ഇനി പൊയ്ക്കോളൂ. ഇന്നത്തെ അധ്യയനം കഴിഞ്ഞു."

– സെൻകഥ

കിളിയുടെ പാട്ടിൽനിന്ന് എന്തായിരിക്കാം ശിഷ്യർ ഗ്രഹിച്ചത്? നിഗമനങ്ങൾ അവതരിപ്പിക്കുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com




# അമ്മ

അമ്മ, ദൂരദേശത്ത് ഏതോ ഒരു പട്ടണത്തിൽ നാനാവിധ ക്ലേശങ്ങളിൽ കഴിഞ്ഞുകൂടുന്ന മകന് ഹൃദയവേദനയോടെ എഴുതുകയാണ്:

"മകനേ, ഞങ്ങക്കു നിന്നെ ഒന്നു കാണണം."

ഇത്രയുമല്ല, വളരെ വളരെ വാക്യങ്ങൾ. വ്യാകരണനിയമമോ അക്ഷരവടിവോയില്ല. എങ്കിലും അമ്മയുടെ മനോദുഃഖം മുഴുവനും സ്പഷ്ടം. തമ്മിൽ കണ്ടിട്ടു വളരെ കാലമായി.

അമ്മ നിത്യവും പ്രതീക്ഷിക്കുന്നുണ്ടെന്നു മകനറിയാം. പക്ഷേ, എന്തു ചെയ്യും? ചെന്നുപറ്റാൻ പണമില്ല. നിത്യജീവിതത്തിനുതന്നെ ഞെരുക്കം. "എങ്ങനെയെങ്കിലും നാളെ യാത്ര തിരിക്കണം; ചെന്ന് അമ്മയെ കാണണം" എന്നു സമാധാനിക്കും. ഇതിനിടയിൽ ദിവസങ്ങൾ ആഴ്ചകളായും ആഴ്ചകൾ മാസങ്ങളായും മാസങ്ങൾ വർഷങ്ങളായും -കാലം അങ്ങനെ കടന്നുപോകയാണ്.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അമ്മ നിത്യവും മകനെ പ്രതീക്ഷിക്കുന്നു.


ഞാൻ ഇതുവരെ പറഞ്ഞതും ഇനി പറയാൻ പോകുന്നതും എന്റെ അമ്മ യെപ്പറ്റിയാണ്. ഇത്തരം സംഭവങ്ങൾ, ഭാരതത്തിലെ ഓരോരോ അമ്മമാരെ പ്പറ്റിയും ഓരോരോ മക്കൾക്കും പറയാൻ കാണും. ഇന്ത്യയുടെ സ്വാതന്ത്ര്യസ മരത്തെപ്പറ്റിയാണ് ഞാൻ പറയാൻ പോകുന്നത്. ഓർക്കാൻ വിഷമമുള്ള കാര്യം. അതും അമ്മയുമായിട്ടു വലിയ ബന്ധം ഒന്നുമില്ല. ഞാൻ അമ്മയുടെ മകനാ ണെന്നുള്ള ബന്ധം മാത്രം. എന്നെപ്പോലുള്ള സന്താനങ്ങളെ പ്രസവിച്ച അമ്മമാർ ഭാരതത്തിലെങ്ങുമുണ്ട്. അവരുടെ സന്താനങ്ങൾ മാതൃഭൂമിയുടെ സ്വാതന്ത്ര്യ ത്തിനായി പോരാടിയ കുറ്റത്തിനു ജയിലുകളിൽ അടയ്ക്കപ്പെട്ട കാലത്ത് ആ അമ്മമാർ എന്തു ചെയ്തു? ഭാരതത്തിലെ യുവതീയുവാക്കന്മാർ– അവരെ എവി ടെനിന്നോ വലിഞ്ഞുകയറിയ വെള്ളക്കാരുടെ ഗവൺമെന്റിന്റെ കിങ്കരന്മാരായ ഭാരതീയർതന്നെ ഇടിച്ചും തൊഴിച്ചും എല്ലുകൾ ഞെരിച്ചു ജയിലുകളിൽ അട ച്ചിരുന്ന കാലത്ത് അവരുടെ അമ്മമാർ വെളിയിലുള്ള ലക്ഷോപലക്ഷം ഭവന ങ്ങളിൽ ഇരുന്ന് എന്തു ചെയ്തു? ഓർക്കാൻ കഴിയുമോ? ഒന്നും എനിക്ക് ഊഹി ക്കാൻ കഴിയുകയില്ലെങ്കിലും എന്റെ അമ്മ എന്തു ചെയ്തു എന്ന് എനിക്കു നല്ലവണ്ണം അറിയാം.

ആ പഴമ്പുരാണം ഞാൻ ഇവിടെ കുറിക്കുവാൻ പോകുന്നതു മറ്റു യാതൊരുദ്ദേശ്യത്തിൻപേരിലുമല്ല. അമ്മയുടെ എഴുത്തു വായിച്ചപ്പോൾ പഴയ ചില ഓർമ്മകൾ എന്നിലുണ്ടായി. ഞാൻ വൈക്കം തലയോലപ്പ റമ്പിൽനിന്നു നൂറ്റിച്ചിലാനം മൈൽ ദൂരെ കോഴിക്കോട്ടേക്ക് ഉപ്പുസത്യ ഗ്രഹത്തിനു പോയ കഥ.

25CJA1

ഉപ്പുസത്യഗ്രഹം! ഓർമ്മിക്കുവാൻ കഴിയുമോ?

അതിവിടെ രേഖപ്പെടുത്തുന്നതിനു മുമ്പ് ചിലതു പറയുവാനുണ്ട്. ഞാൻ ഇതെഴുതുന്നത് ആയിരത്തിത്തൊള്ളായിരത്തി മുപ്പത്തെട്ടിൽ ആണെന്നോ ഇന്ത്യ ഇന്നും അസ്വതന്ത്രയാണെന്നോ ഉള്ള രഹസ്യമല്ല. മോഹൻദാസ് കരം ചന്ദ് ഗാന്ധി എന്ന മനുഷ്യൻ കാരണമാണ് ഞാൻ ആദ്യമായി അടിയും ഇടിയും കൊണ്ടതെന്നുള്ള രഹസ്യമാണ് എനിക്കിവിടെ രേഖപ്പെടുത്താനുള്ളത്. ഏതാ യാലും അമ്മ എന്നെ പ്രസവിച്ചില്ലായിരുന്നെങ്കിൽ എന്നെ സംബന്ധിച്ചു യാതൊരു കുഴപ്പവും സംഭവിക്കില്ലായിരുന്നു. ഞാൻ കാരണം അമ്മയ്ക്ക് ഈ മനോവേദനയൊന്നും ഉണ്ടാവുകയുമില്ലായിരുന്നു. അടിമത്തവും ദാരിദ്ര്യവും, ഇതുപോലെ മറ്റനേകം ഭയങ്കര വ്യാധികളും നിറഞ്ഞ ഹതഭാഗ്യയായ ഈ നാട്ടിലേക്ക് അമ്മ എന്നെ എന്തിനു പ്രസവിച്ചു? ഈ ചോദ്യം ഇന്ത്യയിലെ ഓരോ അമ്മമാരോടും അവരുടെ ആണും പെണ്ണുമായ സന്താനങ്ങൾ ഓരോ രുത്തരും ചോദിക്കുമോ? ഏതായാലും ഇന്ത്യാരാജ്യം എങ്ങനെ ഇത്ര ദരിദ്ര മായി? ഞാൻ ഒരു ഇന്ത്യക്കാരനാണ് എന്നെനിക്ക് അഭിമാനത്തോടെ പറയു വാൻ കഴിയുന്നില്ല. ഞാൻ വെറും ഒരു അടിമ. അടിമരാജ്യമായ ഇന്ത്യയെ ഞാൻ വെറുക്കുന്നു! പക്ഷേ...ഇന്ത്യ എന്റെ അമ്മയല്ലേ? എന്നെ പ്രസവിച്ച എന്റെ അമ്മ എന്നെ പ്രതീക്ഷിക്കുന്നതുപോലെ ഭാരതവും എന്നെ പ്രതീക്ഷിക്കുന്നില്ലേ? ഭാരതഭൂമി മരിച്ച എന്നെയും എന്നെ പ്രസവിച്ച എന്റെ അമ്മ ജീവിച്ചിരിക്കുന്ന എന്നെയും.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



പ്രതീക്ഷ!

ഞാൻ ഓർക്കുകയാണ്.

അമ്മ എന്നെ പ്രസവിച്ചു. മുലപ്പാലും മറ്റും തന്ന് എന്നെ വളർത്തി. അങ്ങനെയങ്ങനെ എന്നെ ഒരാളാക്കിത്തീർത്തു. ദാഹിച്ചു മോഹിച്ചുണ്ടായ സന്താനമാണു ഞാൻ, എന്നൊക്കെയാണ് അമ്മയുടെ വാദം! 'നീ ദാഹിച്ചു മോഹിച്ചുണ്ടായ സന്താനമാണ്!' ഇങ്ങനെ ഓരോ സന്താനത്തേയും നോക്കി ഓരോ അമ്മയും പറയുമോ? എന്റെ ഹൃദയത്തിൽ തിങ്ങിവിങ്ങുന്നതൊന്നും ഇവിടെ പകർത്താൻ വയ്യ. നിരോധനത്തിന്റെ കൈവിലങ്ങുള്ളതുപോലെ പോലീസ് ലാക്കപ്പുകൾ, ജയില്, തൂക്കുമരം. ഓർമ്മിക്കുന്നുണ്ടോ?

"മനസ്സിനേയും ശരീരത്തേയും വീർപ്പുമുട്ടിക്കുന്ന ഉന്നതപ്രാകാരങ്ങളോടു കൂടിയ ഒരു ഭയങ്കര കാരാഗാരമാണ് ഇന്ത്യ!" ഗാന്ധിജി പറഞ്ഞതാണ്, എന്നാണെന്നു നിശ്ചയമില്ല. ഗാന്ധിജികാരണം തല്ലും ഇടിയും കൊണ്ടത് എനിക്കു നല്ല ഓർമ്മയുണ്ട്. അടിച്ചത് ഒരു ബ്രാഹ്മണൻ. പേര് വെങ്കിടേശ്വരയ്യർ. വൈക്കം ഇംഗ്ലീഷ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. ചൂരലുകൊണ്ടു ശക്തിയോടെ ഏഴെണ്ണം. അതു വൈക്കം സത്യഗ്രഹകാലത്താണ്. എല്ലാ അധഃകൃതഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം അനുവദിക്കണം. സത്യഗ്രഹികളുടെ കണ്ണുകളിൽ സവർണഹിന്ദുക്കൾ പച്ചച്ചുണ്ണാമ്പു കുത്തിനിറയ്ക്കുന്നു, മർദിക്കുന്നു. ഇതിനൊക്കെ ഒരറുതി വരുത്തണം. വരുന്നൂ ഗാന്ധിജി! ഓർമ്മയുള്ളവരുണ്ടോ?

25LFBN

വൈക്കം ബോട്ടുജട്ടിയിലും കായലോരത്തും വലിയ തിരക്ക്. എങ്ങും ബഹളം. മറ്റു വിദ്യാർഥികളോടൊന്നിച്ചു ഞാനും തിക്കിത്തിരക്കി ജനക്കൂട്ടത്തിന്റെ മുമ്പിലെത്തി. ബോട്ടിൽ ഗാന്ധിജിയെ ദൂരെവച്ചേ കണ്ടു. ജട്ടിയിൽ ബോട്ടടുത്തു. ആയിരമായിരം കണ്ഠങ്ങളിൽനിന്നു ശബ്ദം ഉയർന്നു; ഇന്ത്യയിലെ എല്ലാ അനീതികളോടുമുള്ള സമരപ്രഖ്യാപനംപോലെ. ഉഗ്രമായ ഒരു വെല്ലുവിളിപോലെ; ആയിരമായിരം കണ്ഠങ്ങളിൽനിന്നു കടലിരമ്പംമാതിരി:

"മഹാത്മാ... ഗാന്ധീ.. കീ... ജേ...!"

ആ 'അർധനഗ്നനായ ഫഖീർ' രണ്ടു പല്ലുപോയ മോണ കാണിച്ചു ചിരിച്ചുകൊണ്ടു തൊഴുകൈയോടെ കരയ്ക്കിറങ്ങി. വല്ലാത്ത ആരവം. തുറന്ന കാറിൽ അദ്ദേഹം മെല്ലെ കയറിയിരുന്നു. തിങ്ങിനിറഞ്ഞ ജനക്കൂട്ടത്തിന്റെ ഇടയിലൂടെ കാർ സത്യഗ്രഹാശ്രമത്തിലേക്കു പതുക്കെ നീങ്ങി. വിദ്യാർഥികളിൽ പലരും കാറിന്റെ സൈഡിൽ തൂങ്ങിനിന്നു; അക്കൂട്ടത്തിൽ ഞാനും. ആ ബഹളത്തിനിടയ്ക്ക് എനിക്കൊരാഗ്രഹം! ലോകവന്ദ്യനായ ആ മഹാത്മാവിനെ ഒന്നു തൊടണം! ഒന്നു തൊട്ടില്ലെങ്കിൽ ഞാൻ മരിച്ചുവീണുപോകുമെന്നെനിക്കു തോന്നി. ലക്ഷോപലക്ഷം ജനങ്ങളുടെ നടുക്ക്. ആരെങ്കിലും കണ്ടാലോ? എനിക്കു ഭയവും പരിഭ്രമവും ഉണ്ടായി. എല്ലാം മറന്ന് ഞാൻ ഗാന്ധിജിയുടെ വലതുതോളിൽ പതുക്കെ ഒന്നു തൊട്ടു! വീഴാൻ പോയതിനാൽ കൈത്തണ്ടിൽ പിടിച്ചു. മസിലിനു ബലമില്ല. പിളുപിളിപ്പ്! ഗാന്ധിജി എന്നെ നോക്കി മന്ദഹസിച്ചു.

അന്നു സന്ധ്യക്കു വീട്ടിൽ ചെന്ന് അമ്മയോട് അഭിമാനത്തോടെ ഞാൻ പറഞ്ഞു:

"ഉമ്മാ, ഞാൻ ഗാന്ധിയെ തൊട്ട്!"

ഗാന്ധിജി എന്തു സാധനമാണെന്നറിയാത്ത എന്റെ മാതാവു പേടിച്ച് അമ്പരന്നു

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



പോയി. "ഹോ... എന്റെ മകനേ!..'' അമ്മ തുറന്ന വായയോടെ എന്നെ നോക്കി.

ഞാൻ ഓർക്കുകയാണ്:

ഹെഡ്മാസ്റ്റർ ക്ഷേത്രപ്രവേശന സത്യഗ്രഹത്തിനെതിരായിരുന്നു. ഗാന്ധിജിയോടും വിരോധമായിരുന്നു. അതുകൊണ്ടു വിദ്യാർഥികളിൽ ആരും ഖദർ ധരിക്കാൻ പാടില്ലെന്നു നിരോധിച്ചിരുന്നു; സത്യഗ്രഹാശ്രമത്തിൽ പോകാൻ പാടില്ലെന്നും.

ഞാൻ അന്നു ഖദറാണു ധരിച്ചിരുന്നത്; ആശ്രമത്തിലും പൊയ്ക്കൊണ്ടിരുന്നു. ഒരിക്കൽ ഞാൻ ക്ലാസിലേക്കു പോകുമ്പോൾ ഹെഡ്മാസ്റ്റർ എന്നെ വിളിച്ച്, ക്രോധഹാസ്യത്തോടെ പറഞ്ഞു:

"അമ്പട! അവന്റെ വേഷം കണ്ടോ?"

ഞാൻ ഒന്നും മിണ്ടിയില്ല. വീണ്ടും അദ്ദേഹം ചോദിച്ചു:

"നിന്റെ ബാപ്പ ഇട്ടിട്ടുണ്ടോടാ ഇത്!"

ഞാൻ പറഞ്ഞു: "ഇല്ല."

ആയിടെ ഒരു ദിവസം ഞാൻ ക്ലാസിൽ ചെന്നതു മണിയടിച്ചു രണ്ടുമൂന്നു മിനിട്ടു കഴിഞ്ഞിട്ടാണ്. അദ്ദേഹം ചൂരലുമായി വരാന്തയിൽ നിൽപ്പുണ്ടായിരുന്നു. എന്നെ വിളിച്ചുചോദിച്ചപ്പോൾ ഞാൻ പറഞ്ഞു: 'ആശ്രമത്തിൽ പോയിരുന്നു!'

"അവിടെ നിന്റെ ആരാ ഉള്ളത്?" അദ്ദേഹം നീണ്ടു നിവർന്ന് 'പട പടോ'ന്ന് ഒരാറെണ്ണം എന്റെ കൈവെള്ളയിൽ. "ഇനി പോകരുത്! മനസ്സിലായോടാ?"

എന്റെ പിൻവശത്ത് ഒന്നുകൂടി.

"ഇനി പോയാൽ നിന്നെ ഡിസ്മിസ് ചെയ്യും!"

പക്ഷേ, ഞാൻ പിന്നേയും പോയി.

ഞാൻ ഓർക്കുകയാണ്:

അക്കാലത്ത് എനിക്ക് ഒരു ഖദർഷർട്ടും ഒരു ഖദർ മുണ്ടും ഉണ്ടായിരുന്നു. ഒരു ഷർട്ടും ഒരു മുണ്ടും മാത്രം. അന്നു ഖദർ സ്വാതന്ത്ര്യത്തിന്റെയും പ്രതിഷേധത്തിന്റെയും ചിഹ്നമായിരുന്നു. വിദേശിത്തരങ്ങൾ ധരിക്കയില്ലെന്നു ഞാൻ നിർബന്ധം വച്ചിരുന്നു.

ഈയിടെയെങ്ങാൻ ഞാൻ മരിച്ചുപോവുകയാണെങ്കിൽ എന്നെ ഈ ഖദറിൽ അടക്കം ചെയ്യണം എന്നു ഞാൻ പറയും. ഉമ്മാ ചോദിക്കും: "കാന്തിക്ക് എവിടെ കിട്ടിയെടാ ഈ ചാക്കുപോലത്തെ പുഷ്ക്കടിമുണ്ട്?"

ഖദർ ദേഹത്തു തൊട്ടാൽ ചൊറിയുമെന്നാണ് ഉമ്മയുടെ വിശ്വാസം!

ഞാൻ പറയും:

"ഇതു നമ്മുടെ ഇന്ത്യാരാജ്യത്തുണ്ടാക്കിയത്."

അങ്ങനെ ഗാന്ധിജി, അലിസഹോദരന്മാർ, മൗലാനാ അബുൽകലാം ആസാദ്, ജവഹർലാൽ നെഹ്റു, സ്വയംഭരണം, ബ്രിട്ടീഷ്മേധാവിത്വം -അതൊക്കെയായിരുന്നു സംഭാഷണവിഷയങ്ങൾ. അന്നാട്ടിലുള്ള വൃദ്ധന്മാർക്കു ചൈനയെപ്പറ്റിയോ ഇംഗ്ലണ്ടിനെപ്പറ്റിയോ സംശയങ്ങൾ ചോദിക്കുവാൻ രണ്ടു ചെറുപ്പക്കാരേ ഉണ്ടായിരുന്നുള്ളൂ. ഒന്നു മിസ്റ്റർ കെ. ആർ. നാരായണൻ. സ്ഥിരപരിശ്രമിയായ മിസ്റ്റർ നാരായ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ണൻ അന്നുള്ള മിക്ക പത്രങ്ങളുടെയും സ്വന്തം ലേഖകനായിരുന്നു. ആരെങ്കിലും എന്തിനെപ്പറ്റിയെങ്കിലും എന്നോടു സംശയം ചോദിച്ചാൽ 'എനിക്കറിയാൻ വയ്യ' എന്നു ഞാൻ അന്നു പറഞ്ഞിരുന്നില്ല. പക്ഷേ, ഒരിക്കൽ എനിക്ക് ഉത്തരം മുട്ടിപ്പോയി.

അമ്മ ചോദിച്ചു:

"എടാ, ഈ കാന്തി ഞമ്മടെ പഷ്ണി തീർക്കുവോ?"

ഒരു വലിയ പ്രശ്നം, ഭാരതത്തെ ആകമാനം ബാധിക്കുന്നത്. അതേപ്പറ്റി ഒന്നും എനിക്ക് അറിഞ്ഞുകൂടാ. എങ്കിലും ഞാൻ പറഞ്ഞു:

"ഭാരതം സ്വതന്ത്രമായാൽ നമ്മുടെ പട്ടിണി തീരും!"

ആയിരത്തിത്തൊള്ളായിരത്തി മുപ്പതിലാണത്. ആ കാലത്താണെന്നു തോന്നുന്നു, ഗാന്ധിജി അദ്ദേഹത്തിന്റെ പ്രസിദ്ധമായ പതിനൊന്നു സംഗതികളടങ്ങിയ കത്ത് അന്നത്തെ വൈസ്രോയി ഇർവിൻ പ്രഭുവിന് സബർമതി ആശ്രമത്തിൽ നിന്നയച്ചത്. റയിനാൾഡ് എന്ന ഒരു ഇംഗ്ലീഷ് യുവാവാണെന്നു തോന്നുന്നു, കത്തു കൊണ്ടുപോയത്. പക്ഷേ, തൃപ്തികരമായ മറുപടി ലഭിച്ചില്ല. കത്തിൽ പറഞ്ഞിരുന്നതുപോലെ ഗാന്ധിജി സത്യാഗ്രഹസമരം ആരംഭിച്ചു. ഉപ്പുനിയമം ലംഘിക്കുന്നതിന് എഴുപത് അനുയായികളോടുകൂടി ഗാന്ധിജി ദണ്ഡിസമുദ്രതീരത്തിലേക്കു തിരിച്ചു. ഇന്ത്യയിലെ ദരിദ്രകോടികൾ കഞ്ഞിക്കും കറിക്കും ഉപയോഗിക്കുന്ന ഉപ്പിനുകൂടി വിദേശത്തുനിന്നു വലിഞ്ഞുകയറി ആധിപത്യമുറപ്പിച്ച ബ്രിട്ടീഷ് ഗവൺമെന്റ് കരം ചുമത്തിയിരുന്നു. ഇന്ത്യയെ വിറപ്പിച്ച ഗാന്ധിജിയുടെ ആ ദണ്ഡിയാത്രയ്ക്കു മുമ്പായി അദ്ദേഹം പ്രസ്താവിച്ചു:

25VBDB

"ഒന്നുകിൽ ഞാൻ ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ സാധിച്ച് ആശ്രമത്തിൽ മടങ്ങിയെത്തും. അല്ലെങ്കിൽ എന്റെ ശവശരീരം അറബിക്കടലിൽ കിടന്നൊഴുകുന്നതു കാണാം!"

ഗാന്ധിജി മരിക്കുകയോ? ഹിമാലയം മുതൽ കന്യാകുമാരിവരെ മാറ്റൊലിക്കൊണ്ടു. ഭാരതം ആകെ പ്രക്ഷുബ്ധമായി. ബ്രിട്ടീഷ് ഗവൺമെന്റും ഇന്ത്യക്കാരായ നാട്ടുരാജാക്കന്മാരും അവരുടെ സർവശക്തികളുമുപയോഗിച്ച് നിരായുധരായ ഹിന്ദു, മുസ്‌ലിം, ക്രിസ്ത്യാനി, പാർസി, സിഖ്-സത്യഗ്രഹികളോടെതിർത്തു. പട്ടാളം, പോലീസ്, ജയിൽ, തൂക്കുമരം- ഇതായി ഭരണം. ഗാന്ധിജിയേയും കൂട്ടരേയും ദണ്ഡിസമുദ്രതീരത്തുവച്ച് അറസ്റ്റ് ചെയ്തു.

മറ്റെവിടത്തേയുംപോലെത്തന്നെ കേരളത്തിലേയും അന്തരീക്ഷം ശാന്തമായിരുന്നില്ല. കോഴിക്കോട്ടെ കടപ്പുറത്ത് ഉപ്പുനിയമലംഘനത്തിൽ ഏർപ്പെട്ടവരെ ഇന്ത്യക്കാരനായ പോലീസ് സൂപ്രണ്ടിന്റെ ആജ്ഞയനുസരിച്ച് കഠിനമാംവിധം മർദിച്ചു. ബൂട്ട്സുകൊണ്ടു ചവിട്ടുക, ലാത്തികൊണ്ടടിക്കുക- അതായിരുന്നു ഏർപ്പാട്. അതും ഇന്ത്യക്കാരായ പോലീസും പട്ടാളവും!

കേളപ്പൻ, മുഹമ്മദ് അബ്ദുറഹ്മാൻ മുതലായവരെ അറസ്റ്റ് ചെയ്തു. തുടർന്ന് നിയമലംഘനങ്ങളും അറസ്റ്റും പോലീസിന്റെ കൈയേറ്റവും. അക്കൂട്ടത്തിൽ കോഴിക്കോട്ടെ കടപ്പുറത്തുവച്ചു വിദ്യാർഥികളോടു കാണിച്ചതായിരുന്നു ഏറ്റവും മർമ്മഭേദകമായത്. പിഞ്ചു വിദ്യാർഥികൾ! കേരളത്തിന്റെ ഭാവിപൗരന്മാർ. അവരെ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കേരളീയരായ പോലീസ് അടിച്ചു നിലംപതിപ്പിച്ചു. തലപൊട്ടിയും ചോര ഒലിച്ചും കോഴിക്കോട്ടെ കടപ്പുറത്തു കിടന്നു – നൂറുനൂറു വിദ്യാർഥികൾ! 'മാതൃഭൂമി' പത്രത്തിൽ ഒരു നേതാവു പ്രസിദ്ധപ്പെടുത്തിയ ദാരുണമായ സ്റ്റേറ്റ്മെന്റുകളിൽ ഒന്ന്:

"മാതൃരാജ്യത്തോടുള്ള കടമ നിർവഹിക്കുവാൻ കോഴിക്കോട്ടെ കടപ്പുറത്തു കൂടിയ സാധുവിദ്യാർഥികളെ– നിരായുധരും നിരപരാധികളുമായ ചെറുബാലന്മാരെ നിർദയമായും ക്രൂരമായും ലാത്തികൾകൊണ്ടടിച്ചു തല പൊട്ടിക്കുവാനും കൈകാലുകൾ തല്ലി ഒടിക്കുവാനും മലയാളത്തിലെ സ്ത്രീകൾ പെറ്റവരാണെന്നു പറയുന്ന പോലീസുകാർക്കു കൈ പൊന്തിയല്ലോ! ഈ നഗരത്തിലെ യോഗ്യന്മാരെന്നും ധനികന്മാരെന്നും പൗരപ്രമാണികളെന്നും പറയുന്നവർ ഇതെല്ലാം കണ്ടും കേട്ടും അടങ്ങിയിരിക്കുന്നതു കാണുമ്പോൾ മേലധികാരികളുടെ കല്പനകളെ കണ്ണും ചിമ്മി അനുസരിക്കുന്ന വിവരമില്ലാത്ത പോലീസുകാരെ ഞാൻ എന്തിനു പഴിക്കുന്നു...!"

അങ്ങനെ കേൾപ്പോരും കേൾവിയുമില്ലാത്ത കാലം. എങ്കിലും ബഹുജനങ്ങൾ അടങ്ങിയില്ല. സംഘടിതമായ പടപ്പാട്ട്:

"വരിക വരിക സഹജരേ, സഹനസമരസമയമായ്!..."

അങ്ങനെ ഞാനും പോയി. ആരോടും ചോദിക്കാതെ വിദ്യാഭ്യാസം ഉപേക്ഷിച്ച്, കോഴിക്കോട്ടേക്കു പോയി. അന്നു സന്ധ്യക്ക് എന്റെ അമ്മ അടുക്കളയിൽ ആഹാരം പാകം ചെയ്കയായിരുന്നു. അമ്മ ഒന്നും അറിഞ്ഞിരുന്നില്ല. ഞാൻ അമ്മയോട് ഒരു ഗ്ലാസ് വെള്ളം അവസാനമായി വാങ്ങിക്കുടിച്ച് ഉമ്മായെ ഒന്നു നോക്കിയിട്ട് ഇറങ്ങിനടന്നു.

ആരെങ്കിലും പിന്തുടരുമെന്ന് ഭയപ്പെട്ടു. പിറ്റേദിവസം ബോട്ടിൽനിന്ന് എറണാകുളത്തിറങ്ങി ഇടപ്പള്ളിയിലേക്കു നടന്ന് റെയിൽവേസ്റ്റേഷനിൽ എത്തി. സന്ധ്യ കഴിഞ്ഞിരുന്നു. വണ്ടി വരാൻ വളരെ വൈകി. അപ്പോൾ നാലഞ്ചു പോലീസുകാർ വിളക്കുമായി വന്നു. ഞാൻ ഭയപ്പെട്ടു വിറച്ചു. ഓരോരുത്തരേയും വിളിച്ച് അവർ ചോദിച്ചു, ഞാൻ ഉറങ്ങിയതുപോലെ കിടന്നു. ഒരുവൻ ലാത്തികൊണ്ട് എന്റെ പള്ളയ്ക്ക് തട്ടിവിളിച്ചു. വിളക്ക് എന്റെ മുഖത്ത് അടുപ്പിച്ചിട്ടു ചോദിച്ചു:

"എവിടെ പോകുന്നെടാ നീ?"

എന്താണു പറയേണ്ടത്? കോൺഗ്രസ്സിൽ ചേരാൻ തിരുവിതാംകൂറിൽ നിന്നു കോഴിക്കോട്ടു പോകുന്നു എന്നു പറയാൻ ഞാൻ ഭയപ്പെട്ടു.

ഞാൻ കളവു പറഞ്ഞു: "ഷൊർണൂർക്കു പോണു."

"എന്തിന്?"

വീണ്ടും ഒരു കളവ്: "അവിടെ എന്റെ അമ്മാമനു ചായക്കച്ചവടമുണ്ട്."

ഭാഗ്യത്തിനു തുടർന്നു ചോദിച്ചില്ല. ഒരു കള്ളനെ അന്വേഷിച്ചു നടക്കുകയായിരുന്നു അവർ. ഷൊർണൂർക്കു ടിക്കറ്റു വാങ്ങി. അവിടെ ഇറങ്ങി പട്ടാമ്പിവരെ നടന്നു. വീണ്ടും തീവണ്ടിയിൽ യാത്രചെയ്തു കോഴിക്കോട്ടെത്തി. മുഹമ്മദ് അബ്ദുറഹിമാന്റെ 'അൽഅമീൻ' പത്രത്തിന്റെ 'അൽഅമീൻ' ലോഡ്ജിൽ താമസിച്ചു. ഞാൻ ആദ്യമായി ചെയ്തത് എന്റെ സ്വദേശീയനായ സെയ്ദ് മുഹമ്മദിന് ബല്ലാരി ജയിലിലേക്കു രഹസ്യമായി ഒരു കത്തയക്കുകയായിരുന്നു: "എന്റെ സർവസ്വവും ഭാരതമാതാവിന്റെ പാദങ്ങളിൽ അർപ്പിക്കുവാൻ തീർച്ചയാക്കിയിരിക്കുന്നു. അടിമത്തശൃംഖല പൊട്ടിക്കുവാൻ എന്റെ സർവശക്തിയും ഞാൻ ദാനം ചെയ്യുന്നു. ഉടനെതന്നെ ഞാൻ അറസ്റ്റ് വരിക്കും!"

അതിന് അദ്ദേഹം എഴുതി: "ഇനി എനിക്കു കുറച്ചു ദിവസംകൂടിയേയുള്ളൂ. ഉടനെ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഞാൻ വിമോചിതനാവും. തമ്മിൽ കണ്ടു സംസാരിച്ചിട്ടു കോൺഗ്രസ്സിൽ ചേർന്നാൽ മതി.'' അദ്ദേഹം, 'അൽഅമീൻ' സഹപത്രാധിപരും അക്കാലത്തെ നേതാക്കളിൽ ഒരുവനുമായിരുന്നു. ഒറ്റപ്പാലത്തുവച്ച് ഇ. മൊയ്തുമൗലവി മുതലായവരോടൊന്നിച്ച് ആമുസൂപ്രണ്ടിന്റെ കഠിനമർദനങ്ങൾ ഏറ്റിട്ടുള്ള മനുഷ്യനുമാണ്. അദ്ദേഹം വരുന്നതുവരെ താമസിക്കാൻ എനിക്കു ക്ഷമയില്ലായിരുന്നു. ഭാരതം നാളെ സ്വതന്ത്രമാവും; സ്വാതന്ത്ര്യസമരത്തിൽ എനിക്കും പങ്കുവേണം! എന്റെ നാട്ടിൽ നിന്ന് എന്റെ ജാതിക്കാർ അധികം ചേർന്നിട്ടില്ല. ആ കുറവ് എനിക്കു പരിഹരിക്കണം. ആ സന്ദർഭത്തിൽ എന്റെ പിതാവും വന്നു. സെയ്ദ് മുഹമ്മദിന്റെ കത്തു കാണിച്ചിട്ടു ബാപ്പയോടു പറഞ്ഞു: "ഞാൻ കോൺഗ്രസ്സിൽ ചേരുന്നില്ല. സ്കൂളിലും പോകുന്നില്ല. ഒരു ജോലിക്ക് അന്വേഷിക്കുകയാണ്. ഉടനെ കിട്ടും.'' അങ്ങനെ ഒരു വിധത്തിൽ ബാപ്പയെ സമാധാനിപ്പിച്ചയച്ചു. പിന്നീടു ഞാൻ നേരെ കോൺഗ്രസ് ആഫീസിലേക്കാണു ചെന്നത്. അവിടെയും എനിക്കു നിരാശയ്ക്കു കാരണമുണ്ടായി. ഞാൻ ഒരു സി. ഐ. ഡിയാണെന്ന് അവർ തെറ്റിദ്ധരിച്ചു. അതിനു ശക്തികൂട്ടിയത് എന്റെ ഡയറിയാണ്. അതിൽ ഇംഗ്ലീഷ്, തമിഴ്, ഹിന്ദി, അറബി, മലയാളം - ഇങ്ങനെ പലതിലുമാണ് ഞാൻ എഴുതിയിരുന്നത്. അത് ബെഞ്ചിന്മേൽ വച്ചിട്ട് ഞാൻ മൂത്രം ഒഴിക്കാൻ പോയി. മടങ്ങിവന്നപ്പോൾ സിക്രട്ടറി അതു തുറന്നു വായിക്കുന്നതു കണ്ടു. അദ്ദേഹത്തിന് അധികമൊന്നും മനസ്സിലായിക്കാണുകില്ല. എങ്കിലും എന്നെ സംശയിക്കുന്നതിനു കാരണമായിത്തീർന്നു. ഞാൻ സെയ്ദ് മുഹമ്മദിന്റെ കത്തു കാണിച്ചു. എന്നിട്ടും സംശയം തീർന്നില്ല.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എന്റെ ഭാവവും എന്റെ നോട്ടവും ആകപ്പാടെ അവർ നോക്കിക്കൊണ്ടിരുന്നു. ആഫീസിൽ രാഷ്ട്രീയനേതാക്കന്മാരുടെ ചിത്രങ്ങൾ തൂക്കിയിരുന്നു. ഫെൽട്ട്ഹാറ്റ് ചരിച്ചുവച്ച് വലിയ കോളറുകളുള്ള വെള്ള ഷർട്ടും ധരിച്ച് മേൽച്ചുണ്ടു നിറയെ നേരിയ മീശയും ശോകഗംഭീരമായ മുഖഭാവവും പൂണ്ട ചിത്രം ആരുടേതെന്നു ഞാൻ ചോദിച്ചു. കാരണം, സായ്പിന്റെ വേഷത്തിൽ ഇരിക്കുന്ന ആ നേതാവിനോട് എനിക്കു വെറുപ്പു തോന്നിയതാണ്. സിക്രട്ടറി പറഞ്ഞു:

"ഭഗവത്സിങ്."

അതു കേട്ടപ്പോൾ എന്റെ ഉള്ള് ആന്തിപ്പോയി. വീരപരാക്രമിയായ ഭഗവത്സിങ്! അന്ന് അദ്ദേഹത്തെ തൂക്കിക്കൊന്നിട്ടുണ്ടായിരുന്നില്ല. ഭഗവത്സിങ്, രാജ്ഗുരു, ശുകദേവ്- പഞ്ചാബ് ഗൂഢാലോചനയിൽപ്പെട്ട ആ മൂന്നു വിപ്ലവകാരികളെപ്പറ്റി ഞാൻ പത്രത്തിൽ വായിച്ചിരുന്നു. അസംബ്ലിഹാളിൽ ബോംബെറിഞ്ഞതും വൈസ്രോയിയുടെ തീവണ്ടി തകർക്കാൻ ശ്രമിച്ചതും ഞാൻ അറിഞ്ഞിരുന്നു. ആ ഫോട്ടോയെ ഞാൻ നിർന്നിമേഷനായി നോക്കി. സിക്രട്ടറി പറഞ്ഞു:

"ഭഗവത്സിങ്ങിന്റെ മുഖച്ഛായ നിങ്ങൾക്കുണ്ട്. മീശയും കോളറും അതുപോലെത്തന്നെ. ഒരു ഫെൽട്ട് ഹാറ്റ്കൂടി വച്ചാൽ മതി!" ഞാൻ ഒന്നും പറഞ്ഞില്ല. എനിക്ക് ഭഗവത്സിങ്ങിന്റെ ഛായയുണ്ടെന്നുള്ളതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ സിക്രട്ടറി വീണ്ടും എന്നോടു ചോദിച്ചു: "പരമാർഥത്തിൽ നിങ്ങൾ മുസൽമാനാണോ?"

ഞാൻ ചോദിച്ചു: "നിങ്ങൾക്കെന്താണു സംശയം?" എന്നിട്ട് അതുവരെയുള്ള എന്റെ ജീവിതചരിത്രം ഞാൻ പറഞ്ഞു കേൾപ്പിച്ചു. ഒടുവിൽ അദ്ദേഹം ചോദിച്ചു:

"നാളെ കടപ്പുറത്ത് ഉപ്പു കുറുക്കാൻ പോകാൻ തയാറാണോ?"

"തയാർ!" ഞാൻ സമ്മതിച്ചു.

അങ്ങനെ പിറ്റേന്നു വെളുപ്പിനേ എണീറ്റു. ചട്ടി, കൊടി മുതലായവയുമായി ഞങ്ങൾ പോകാൻ തയാറാവുകയായിരുന്നു. ആ സമയത്തു കോവണിപ്പടിയിൽ 'ചട പട' ശബ്ദം കേട്ട്, അമ്പരന്നു ഞങ്ങൾ നോക്കി. ആറേഴു പോലീസുകാരോടുകൂടി ഇൻസ്പെക്ടർ ഉള്ളിൽ കടന്നു. ഞങ്ങളെ പതിനൊന്നുപേരെയും അറസ്റ്റ്ചെയ്തു കൊണ്ടുപോയി.



അതൊരു ഞായറാഴ്ച കാലത്തായിരുന്നു. ഞങ്ങൾ ആരും ഒന്നും കഴിച്ചിട്ടുണ്ടായിരുന്നില്ല. ഉറക്കക്ഷീണവും എനിക്കു നന്നേ ഉണ്ടായിരുന്നു. ഞങ്ങളുടെ പിന്നാലെ ഒരു ജനക്കൂട്ടവും വന്നു. സ്റ്റേഷനടുത്തപ്പോൾ എന്റെ ധൈര്യമെല്ലാം ആവിയായിപ്പോയി. ആദ്യമായി ഞാൻ പോലീസ്സ്റ്റേഷനിലേക്കു പോകയാണ്. വാളും ബയനറ്റും കൈവിലങ്ങുകളും ഭിത്തിയിൽ കിടന്നു ഭീകരതയോടെ മിന്നുന്നുണ്ടായിരുന്നു. അതിന്റെ കഠിനമായ തിളക്കവും സ്റ്റേഷനിൽ നിന്നിരുന്ന പോലീസുകാരുടെ ക്രൂരമുഖഭാവവും എന്നെ വല്ലാതെ പേടിപ്പെടുത്തി. നരകത്തിന്റെ ഒരു ഓർമ്മയാണ് എനിക്കു വന്നത്.

ഞങ്ങളെ നിരത്തി വരാന്തയിൽ നിർത്തി. കുറുകിയ പൂച്ചക്കണ്ണനായ ഇൻസ്പെക്ടർ അകത്തേക്കു പോയി. ഞങ്ങളുടെ മുമ്പിൽക്കൂടി ആജാനുബാഹുവായ ഒരു പോലീസുകാരൻ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്നു. ചുവന്നു തുറിച്ച കണ്ണുകൾ ഞങ്ങളെ ഓരോരുത്തരെയും നോക്കി. അയാളുടെ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



നമ്പർ 270 ആണ്. ഒന്നാമതായി നിന്ന ക്യാപ്റ്റന്റെ പിടലിക്കു പിടിച്ച് അയാൾ അകത്തേക്കു തള്ളി. അകത്തുനിന്ന് ഇടിയും തൊഴിയും നിലവിളിയും കേട്ടു. എന്റെ ഹൃദയം പതറി. ഞാൻ നാലാമതായി നിൽക്കുകയായിരുന്നു. പത്തുമിനിട്ടു കഴിഞ്ഞു രണ്ടാമനേയും കൊണ്ടുപോയി.

അദ്ദേഹത്തിന്റെ ഹൃദയം തകർന്നുള്ള നിലവിളി കേട്ടപ്പോൾ ഞാൻ വിറച്ചു. മാപ്പു ചോദിച്ചുകളയാമെന്ന് തീരുമാനിച്ചു. ഒരു നിമിഷനേരത്തേക്കു മാത്രം. എന്തെന്നാൽ, ഉടനെ എനിക്കു തോന്നി- എന്തിനു മാപ്പു ചോദിക്കുന്നു? തെറ്റൊന്നും ചെയ്തിട്ടില്ലല്ലോ. സ്വാതന്ത്ര്യം-അതിനുവേണ്ടി എത്രയെത്ര യുവതീയുവാക്കൾ മരണമടഞ്ഞുകഴിഞ്ഞു. ഞാൻ ഭഗവത്സിങ്ങിനെയും സഖാക്കളെയും സ്മരിച്ചു. മരിച്ചുകളയാം, അതാണ് എന്റെ കടമ!

മുമ്പിൽ നടന്ന 270 ഓരോരുത്തരോടും ചോദിച്ചു, ഓരോരുത്തരുടെയും ദേശമേതെന്ന്. ഓരോരുത്തരും പറഞ്ഞു:

“കണ്ണൂർ, തലശ്ശേരി, പൊന്നാനി.”

അയാൾ എന്നോട് ചോദിച്ചു:

“നിന്റെ?”

ഞാൻ പറഞ്ഞു: “വൈക്കം.”

“വൈക്കം!” അയാൾ അദ്ഭുതത്തോടെ എന്നെ നോക്കി. തിരുവിതാംകൂറുകാരൻ!

“പേര്?”

ഞാൻ പേരു പറഞ്ഞുകൊടുത്തു. തലയെടുപ്പോടെ 270 എന്നോടു ചോദിച്ചു:

“തിരുവിതാംകൂറിൽ സ്വയംഭരണം കിട്ടിയോ?”

ഞാൻ പറഞ്ഞു:

“ഇല്ല. ഗാന്ധിജി പറഞ്ഞിരിക്കുന്നത് നാട്ടുരാജ്യങ്ങളിൽ സമരം വേണ്ടെന്നാണ്.”

“ങും!” അയാൾ ഭയങ്കരമായി ഒന്നു മൂളി. രൗദ്രതയോടെ അടുത്തുവന്നു. എന്റെ രണ്ടു കരണത്തും ‘പടപടേ’ന്നു രണ്ടെണ്ണം! എന്നിട്ടു പിടലിക്കു പിടിച്ചു കുനിച്ചു നിർത്തി ഇടി തുടങ്ങി. ചെമ്പുകലത്തിന്മേൽ ഇടിച്ചാലെന്നപോലെ ശബ്ദം കേട്ടു. പതിനേഴുവരെ, അതോ ഇരുപത്തേഴുവരെയോ, ഞാൻ എണ്ണി. പിന്നെ ഞാൻ എണ്ണിയില്ല. എന്തിനെണ്ണുന്നു?

ഒടുവിൽ രണ്ടു പോലീസുകാരുടെ സഹായത്തോടുകൂടി, അവശനായ എന്നെ അകത്തു കൊണ്ടുപോയി. ഇൻസ്പെക്ടർ എന്റെ സ്ഥിതി കണ്ടു ചോദിച്ചു:

“ഊം?”

ഒരു പോലീസുകാരൻ പറഞ്ഞു:

“നമ്പ്യാര് ചെനമ്പ് തച്ച്...”

സാരമില്ലാത്ത മട്ടിൽ പോലീസ് ഇൻസ്പെക്ടർ മൂളി:

“ഊം.”



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വേറൊരു പോലീസുകാരൻ എന്റെ ഷർട്ടും മറ്റും ഊരി, എന്റെ പൊക്കം, വണ്ണം, അടയാളമൊക്കെ നോക്കി പറഞ്ഞു.

ഒടുവിൽ ഞങ്ങളെ പതിനൊന്നുപേരെയും ലോക്കപ്പിലിട്ടു.

സിമന്റിട്ട ഒരു ചെറിയ മുറിയായിരുന്നു അത്. ഇരുമ്പഴിവാതിലിനു മുകളിൽ ശക്തിയോടെ പ്രകാശിക്കുന്ന ബൾബ്. ലോക്കപ്പുമുറിയുടെ മൂലയ്ക്ക് ഒരു കുടം നിറച്ചു മൂത്രം ഉഗ്രമായ ഗന്ധത്തോടെ ഇരുന്നിരുന്നു. അന്നു ഞങ്ങൾക്ക് ആഹാരം കിട്ടിയില്ല. രാത്രി ഭയങ്കരമായ തണുപ്പായിരുന്നു. കിടക്കാൻ പായ ഉണ്ടായിരുന്നില്ല. പിറ്റേദിവസം കാലത്തെഴുന്നേറ്റപ്പോൾ ഓരോരുത്തരുടെയും മുഖം നീരുകെട്ടി വീങ്ങിയിരുന്നു. ഞങ്ങൾക്കു തീരെ നടക്കാൻ വയ്യായിരുന്നു. കൈവിലങ്ങു ധരിപ്പിച്ചു ഞങ്ങളെ കോഴിക്കോട്ടങ്ങാടി വഴി തോക്കും വാളുമായി പോലീസ് അകമ്പടിയോടെ കോടതിയിൽ കൊണ്ടുപോയി.

പതിന്നാലു ദിവസത്തെ റിമാൻഡിനു കോഴിക്കോട്ടെ സബ്ജയിലിലേക്കയച്ചു. അവിടെവച്ച് കൂട്ടുകാർ പറഞ്ഞു, 270 എന്റെ പുറത്ത് കൈചുരുട്ടി ഇടിച്ചിട്ട് ഒടുവിൽ കൈമുട്ടുകൾകൊണ്ടാണ് ഇടിച്ചതെന്ന്. എണ്ണപുരട്ടി ഒരു ധർമ്മഭടൻ തിരുമ്മി. പക്ഷേ, ഒമ്പതു സ്ഥലത്തു രൂപാവട്ടത്തിൽ കരുവാളിച്ചു കിടപ്പുണ്ടെന്നു പറഞ്ഞു.

എനിക്കു കിട്ടിയതു മൂന്നുമാസം കഠിനതടവാണ്. തന്മൂലം എന്നെ കണ്ണൂർ സെൻട്രൽ ജയിലിലേക്കു മാറ്റി. ടി. പ്രകാശം, ബാട്ട്ളിവാലാ, ഇ. മൊയ്തുമൗലവി മുതലായവരടക്കം അവിടെ 600 രാഷ്ട്രീയത്തടവുകാരോളം ഉണ്ടായിരുന്നു.

ജയിലിലെ ആഹാരം വളരെ മോശമായിരുന്നു. കഞ്ഞിയിൽ പീരപോലെ പുഴു പൊങ്ങിക്കിടക്കും. അതു കളഞ്ഞിട്ടാണു ഞങ്ങൾ കുടിച്ചിരുന്നത്. പുറമേയുള്ള വാർത്ത അറിഞ്ഞിരുന്നതു പുതുതായി ശിക്ഷിച്ചുവന്നവരിൽ നിന്നുമാണ്. ആയിടെ ഭഗവത്സിങ്ങിനേയും മറ്റും തൂക്കിക്കൊന്ന വാർത്ത അറിഞ്ഞു മൂന്നു ദിവസം ഞങ്ങൾ നിരാഹാരവ്രതം അനുഷ്ഠിച്ചു; എന്റെ ആദ്യത്തെ നിരാഹാരവ്രതം. മൂന്നാമത്തെ ദിവസം വെള്ളം കഴിച്ചപ്പോൾ തൊണ്ട പൊട്ടിയതുപോലെ തോന്നി.

ഇന്ത്യയുടെ നാനാഭാഗങ്ങളിൽ നിന്നുമുള്ള തടവുകാർ അവിടെയുണ്ടായിരുന്നു. വിപ്ലവകാരികൾ, അരാജകകക്ഷിക്കാർ, സോഷ്യലിസ്റ്റുകാർ, കമ്മ്യൂണിസ്റ്റുകാർ -അങ്ങനെ പല ആദർശക്കാർ. എല്ലാവരുടെയും ലക്ഷ്യം ഇന്ത്യയുടെ സ്വാതന്ത്ര്യവും. മാസം കുറേ കഴിഞ്ഞപ്പോൾ ഗാന്ധി - ഇർവിൻ സന്ധി അനുസരിച്ചു ഞങ്ങളെയൊക്കെ മോചിപ്പിച്ചു. വെളിയിൽ വന്നപ്പോൾ എങ്ങോട്ടാണു പോകേണ്ടതെന്ന് എനിക്കു നിശ്ചയമില്ലായിരുന്നു. എന്നെപ്പോലെ കഷ്ടപ്പെട്ട ധർമ്മഭടന്മാർ അനവധിയുണ്ടായിരുന്നു. മിക്കവർക്കും റെയിൽവേപാസുപോലും കിട്ടിയിരുന്നില്ല.

എനിക്ക് രണ്ട് ആഗ്രഹങ്ങളായിരുന്നു. രണ്ടാമത്തേത് ഒരു ഷാളിന്. അരുകിനു മുന്തിരിവള്ളിയുള്ള ഖദർഷാൾ എനിക്കു മിസ്റ്റർ അച്ചുതൻ വാങ്ങിച്ചുതന്നു. ഒന്നാമത്തെ ആഗ്രഹം, 270 നെ കൊല്ലണം! പക്ഷേ, എന്റെ പക്കൽ ആയുധം ഒന്നുമില്ല. ഒരു റിവോൾവർ കിട്ടിയെങ്കിൽ... ഞാൻ വളരെ കൊതിച്ചു. അയാൾ പാളയത്തു ട്രാഫിക് ഡ്യൂട്ടിയിൽ നിൽക്കുന്നത് ഞാൻ കണ്ടു. ആറടി പൊക്കമുള്ള ഒരു രാക്ഷസൻ. ഞാൻ ഇടിച്ചാൽ അയാൾക്കു പറ്റുകില്ല. പേനാക്കത്തികൊണ്ടു നെഞ്ചിനു കുത്തിവാറണം!'അൽഅമീൻ' ലോഡ്ജിൽനിന്ന് ഒരു പേനാക്കത്തി ഞാൻ മോഷ്ടിച്ചു. അതുമായി പോകുമ്പോൾ മിസ്റ്റർ അച്ചുതനെ കണ്ടു. അദ്ദേഹം അദ്ഭുതപ്പെട്ടു.

"പോയില്ലേ?"

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഞാൻ പറഞ്ഞു: "ഇല്ല"

അദ്ദേഹം ചോദിച്ചു:


"വീട്ടിൽപോയി ബാപ്പായേയും ഉമ്മായേയും കാണണ്ടേ?"

ഞാൻ പറഞ്ഞു:

"അതിനുമുമ്പ് എനിക്ക് ഒരു കാര്യം ചെയ്യാനുണ്ട്." ഞാൻ സംഗതികളൊക്കെ പറഞ്ഞു. അദ്ദേഹം എന്നെ മാനാഞ്ചിറ (കുളത്തിനടുത്ത്) കൂട്ടിക്കൊണ്ടുപോയി, വളരെ സൗമ്യതയോടെ ചോദിച്ചു:

"നിങ്ങളാണോ സത്യഗ്രഹി?" എന്നിട്ട് ഗാന്ധിജിയുടെ പല്ലുപോയ കഥ പറഞ്ഞു കേൾപ്പിച്ചു.

"പിന്നെ, അങ്ങനെ കൊല്ലുകയാണെങ്കിൽ ജീവിക്കുവാൻ അർഹനായ ഒരൊറ്റ പോലീസുകാരനും ഇന്നില്ല. ഇന്നത്തെ ഭരണകൂടത്തിന്റെ ഒഴിക്കുവാൻ വയ്യാത്ത ഒരു ഘടകമാണ് പോലീസുകാരൻ. ഗവൺമെന്റിന്റെ കരുക്കൾ മാത്രമാണ് ആ സാധുക്കൾ. അവരെ പഴിച്ചതുകൊണ്ട് എന്തു ഫലം? ക്ഷമിക്കൂ, വീട്ടിൽ പോകൂ."



മിസ്റ്റർ അച്ചുതൻതന്നെ എന്നെ വണ്ടികയറ്റി അയച്ചു. എറണാകുളത്തു വന്നു മുസ്‌ലിം ഹോസ്റ്റലിൽ ഒരു മാസം താമസിച്ചു. വീട്ടിലേക്കു ചെല്ലാൻ നാണം. നിരാശയും വ്യസനവും മടിയും! അവസാനം, ഒരു രാത്രി ബോട്ടുമാർഗം ഞാൻ വൈക്കത്തെത്തി. അവിടെനിന്ന് തലയോലപ്പറമ്പിലേക്കു നടന്നു. നാലഞ്ചു മൈലുണ്ട്. നല്ല ഇരുട്ട്. പാമ്പും മറ്റും ഉള്ള വഴിയാണ്. ശ്രുവേലിക്കുന്നിനടുത്ത് ഒരു മാങ്കൊമ്പിൽ ഒരാൾ കെട്ടിത്തൂങ്ങി ചത്തിട്ടുണ്ടായിരുന്നു. രാത്രി മൂന്നുമണി കഴിഞ്ഞിരുന്നു. ഞാൻ വീട്ടിൽ, മുറ്റത്തു ചെന്നപ്പോൾ "ആരാത്?" എന്ന് എന്റെ മാതാവു ചോദിച്ചു. ഞാൻ വരാന്തയിൽ കയറി. അമ്മ വിളക്കുകൊളുത്തി. ഒന്നും സംഭവിച്ചിട്ടില്ലാത്ത മാതിരി എന്നോടു ചോദിച്ചു:

"നീ വല്ലതും കഴിച്ചോ മകനേ?"

ഞാൻ ഒന്നും പറഞ്ഞില്ല. ഞാൻ ആകെ വിങ്ങിപ്പൊട്ടി. ലോകമെല്ലാം ഉറങ്ങിക്കിടക്കുകയാണ്. എന്റെ മാതാവുമാത്രം ഉറക്കമിളച്ചിരിക്കുന്നു! വെള്ളവും കിണ്ടിയും കൊണ്ടുവച്ചിട്ട്, മാതാവ് എന്നോടു കൈകാലുകൾ കഴുകാൻ പറഞ്ഞു. എന്നിട്ടു ചോറുമ്പാത്രം നീക്കിവച്ചുതന്നു.

വേറൊന്നും ചോദിച്ചില്ല.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എനിക്കദ്ഭുതം തോന്നി. "ഞാൻ ഇന്നു വരുമെന്ന് ഉമ്മ എങ്ങനെ അറിഞ്ഞു?"

അമ്മ പറഞ്ഞു: "ഓ.. ചോറും കറിയുംവെച്ച് എല്ലാ രാത്രിയും ഞാൻ കാത്തിരിക്കും."

നിസ്സാരമായ ഒരു പ്രസ്താവന. ഞാൻ ചെല്ലാതിരുന്ന ഓരോ രാത്രിയും അമ്മ ഉറക്കമിളച്ച് എന്റെ വരവും കാത്തിരുന്നു!

വർഷങ്ങൾ പിന്നെയും കഴിഞ്ഞു. ജീവിതത്തിൽ പലതും സംഭവിച്ചു. അമ്മ ഇന്നും മകനെ പ്രതീക്ഷിക്കുന്നു:
"മകനേ, ഞങ്ങക്കു നിന്നെ ഒന്നു കാണണം.."

ഓർമ്മക്കുറിപ്പ്
(വൈക്കം മുഹമ്മദ് ബഷീർ)

2657EY

- "എന്നെ പ്രസവിച്ച എന്റെ അമ്മ എന്നെ പ്രതീക്ഷിക്കുന്നതുപോലെ ഭാരതവും എന്നെ പ്രതീക്ഷിക്കുന്നില്ലേ?"

  ബഷീറിന്റെ ഈ വാക്കുകളിൽ തെളിയുന്ന സ്നേഹസങ്കൽപ്പം വിശകലനം ചെയ്യുക.

- "ലോകവന്ദ്യനായ ആ മഹാത്മാവിനെ ഒന്നു തൊടണം. ഒന്നു തൊട്ടില്ലെങ്കിൽ ഞാൻ മരിച്ചുവീണുപോകുമെന്നെനിക്കു തോന്നി."

  ഗാന്ധിജിയോടുള്ള ബഹുമാനം ബഷീറിന്റെ ജീവിതാവബോധത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം? വിശദമാക്കുക.

- • "എല്ലാം മറന്ന് ഞാൻ ഗാന്ധിജിയുടെ വലതുതോളിൽ പതുക്കെ ഒന്നു തൊട്ടു. വീഴാൻ പോയതിനാൽ കൈത്തണ്ടയിൽ പിടിച്ചു. മസിലിനു ബലമില്ല, <u>പിളുപിളിപ്പ്</u>!"
  • "അവിടെ നിന്റെ ആരാ ഉള്ളത്? അദ്ദേഹം നീണ്ടുനിവർന്നു <u>പടപടോന്ന്</u> ഒരാറെണ്ണം എന്റെ കൈവെള്ളയിൽ."
  • "മണ്ടകൊണേശന്മാരായ പുരുഷവൃന്ദങ്ങൾക്കെന്തറിയാം? <u>ഡുങ്കു ഡുങ്കു</u>" (പാത്തുമ്മായുടെ ആട്)

  അടിവരയിട്ടതുപോലെയുള്ള രസികൻ പ്രയോഗങ്ങളാണ് ബഷീർക്കഥകളുടെ പ്രത്യേകതകളിലൊന്ന്. മറ്റെന്തൊക്കെ സവിശേഷതകളാണ് ബഷീർകൃതികളിൽ നിങ്ങൾ കണ്ടിട്ടുള്ളത്? 'ബഷീർകൃതികളുടെ സവിശേഷതകൾ' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കൂ.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



**സ്വീകരിക്കാവുന്ന ഉപവിഷയങ്ങൾ**

- ആത്മാംശമുള്ള രചനകൾ
- ആഖ്യാനശൈലി
- കഥാപാത്രസൃഷ്ടിയിലെ വൈവിധ്യം
- തനതായ ഭാഷാരീതി

- "മനസ്സിനെയും ശരീരത്തെയും വീർപ്പുമുട്ടിക്കുന്ന ഉന്നതപ്രാകാരങ്ങളോടു കൂടിയ ഒരു ഭയങ്കര കാരാഗാരമാണ് ഇന്ത്യ. ഗാന്ധിജി പറഞ്ഞതാണ്." ഗാന്ധിജിയുടെ ഈ നിരീക്ഷണത്തിന്റെ പൊരുൾ വിശദമാക്കുക.

- അടിച്ചമർത്തപ്പെട്ട ജനതയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയ വിദ്യാർഥിയായിരുന്നു ബഷീർ. അമ്മ എന്ന കഥ നമുക്കു നൽകുന്ന തിരിച്ചറിവുകളിൽ ഒന്നാണിത്.

  സാമൂഹികപ്രതിബദ്ധതയുള്ള വിദ്യാർഥിസമൂഹമാണ് ഒരു നാടിന്റെ കരുത്ത്. സമീപകാലത്ത് അനുഭവിച്ച ദുരന്തങ്ങൾ വിദ്യാർഥികൾക്ക് സാമൂഹികമായ നിരവധി ഉത്തരവാദിത്തങ്ങളുണ്ടെന്ന് നമ്മെ ഓർമിപ്പിക്കുന്നു. സ്വയം സുരക്ഷിതരാവുന്നതോടൊപ്പം സാമൂഹികസുരക്ഷയും ഉറപ്പുവരുത്തുന്ന ജനതയെ സൃഷ്ടിക്കാൻ നമുക്ക് എന്തെല്ലാം ചെയ്യാൻ കഴിയും? ചർച്ചചെയ്യുക.

**പദകോശം**

| | | |
|---|---|---|
| ആന്തിപ്പോയി | - | ആളിക്കത്തി |
| കിങ്കരൻമാർ | - | ദാസന്മാർ, അടിമകൾ |
| ഗാന്ധർവം | - | അഷ്ടവിവാഹങ്ങളിലൊന്ന് |
| ചെനമ്പ് | - | കുറച്ച് |
| പ്രക്ഷുബ്ധം | - | ഇളകിമറിഞ്ഞ |
| ഫഖീർ | - | ഭിക്ഷു, സന്ന്യാസി |
| വ്യാധി | - | രോഗം |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# നഗരത്തിൽ ഒരു യക്ഷൻ



മാഞ്ഞു പുതുമ; വിവാഹിതയാം മുമ്പു
നീയണിയാറുള്ള ഭംഗികൾക്കൊക്കെയും
വേനലിൻ ചൂടിൽ വരണ്ടു, കൊടുംമഞ്ഞു-
കാലത്തഭംഗികലർന്നു നിൻചുണ്ടുകൾ
പേന മരിച്ചുകിടപ്പൂ നിൻ ട്രങ്കിന്റെ
മൂലയിൽ, കൊക്കുകൾ പൂട്ടിയിരുന്നു നാം.
എത്രയോ ദമ്പതിമാർ തൻ മധുവിധു-
ച്ചിത്രങ്ങൾതൂങ്ങും തളത്തിലെ ഭിത്തിമേൽ
നാമന്നു നിഷ്കർഷ പാലിച്ചെടുത്തൊരാ-
ച്ഛായയും തൂങ്ങിക്കിടപ്പുണ്ടൊരോർമ്മയായ്.
മാറ്റമുണ്ടാകയാൽ രണ്ടുനാൾ ദൂരത്തി-
ലുള്ള തിരക്കാർന്ന പട്ടണം പൂകി ഞാൻ
ഓഫീസിലൊപ്പം പണിയെടുക്കുന്നവ-
രൊത്തൊരു 'ലോഡ്ജി'ൽ കഴിയുന്ന വേളയിൽ
നിന്നഭാവത്തിലനുഭവിക്കുന്നു ഞാ-
നമ്മയെപ്പണ്ടു പിരിഞ്ഞതിൻ വേദന.
വീറുപിടിച്ചവർ വാദിച്ചു വിശ്രമ-
വേളയിൽ വൃത്താന്തപത്രക്കുറിപ്പുകൾ
(തങ്ങൾതന്നുള്ളറയിങ്കലൊറ്റയ്ക്കിരു-
ന്നപ്പൊഴും കേഴുകയാണവരെങ്കിലും).
ബാല്യകാലത്തിൻ നുറുങ്ങുകഥകളാൽ
പിന്നെയും മാധുരി ചേർത്തു നീ കാപ്പിയിൽ
ബോംബെയിൽ താമസിച്ചീടുമമ്മായിതൻ
വീമ്പും പകൽവന്ന ഭിക്ഷുവിൻ ദൈന്യവും
ഞാനറിയാതയൽപക്കത്തുകാരിതൻ
മാസക്കുറിയിൽ നറുക്കൊന്നു ചേർന്നതും
രാവിൽ നിലാവുമറയുംവരെച്ചൊല്ലു-
മാറില്ലയോ വീട്ടുമുറ്റത്തിരുന്നു നീ?
മൂളായ്കിലപ്പോൾ പിണങ്ങിക്കിടക്കുവാൻ
പോയിടാറില്ലേ പലപ്പോഴുമന്നു നീ!
പൂട്ടിവച്ചുള്ള മനസ്സോടിരുന്നു ഞാ-
നോർക്കുകയാണദ്ദിനങ്ങൾ തൻ ലാഘവം
പോയ മധുവിധുക്കാലത്തിനേക്കാളു-
മിന്നു പ്രിയമുണ്ടെനിക്കു നിന്നോടെടോ.

കവിത
(ആറ്റൂർ രവിവർമ്മ)

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- "നിന്നഭാവത്തിലനുഭവിക്കുന്നു ഞാ-
നമ്മയെപ്പണ്ടു പിരിഞ്ഞതിൻ വേദന."

മാതൃഭാവത്തിന്റെ രണ്ടവസ്ഥകളാണ് കവിയെ വേദനിപ്പിക്കുന്നത്. സ്വന്തം നിരീക്ഷണം സമർഥിക്കുക.

- "മാഞ്ഞൂ പുതുമ വിവാഹിതയാം മുമ്പു
നീയണിയാറുള്ള ഭംഗികൾക്കൊക്കെയും"

എന്നാണ് കവിത ആരംഭിക്കുന്നത്.

"പോയ മധുവിധുക്കാലത്തിനേക്കാളു-
മിന്നു പ്രിയമുണ്ടെനിക്കു നിന്നോടെടോ"

അവസാനിക്കുന്നത് ഈ വരികളിലും.

കുടുംബജീവിതത്തിന്റെ പ്രസാദാത്മകമായ ചിത്രം ഈ വരികളിലുണ്ടോ? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

- "വിരഹത്തിലല്ലാതെ ലാവണ്യം സമഗ്രമായ്
നിരവദ്യമായിട്ടു കാണുവാൻ കഴിവീല."

*എന്റെ വേളി (ജി. ശങ്കരക്കുറുപ്പ്)*

തന്നിരിക്കുന്ന വരികളെ പാഠഭാഗവുമായി താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

- 'നഗരത്തിൽ ഒരു യക്ഷൻ' എന്ന ശീർഷകത്തിന്റെ ഔചിത്യം കണ്ടെത്തുക.

**പദകോശം**

| | | |
|---|---|---|
| ഛായ | - | ചിത്രം |
| ട്രങ്ക് | - | ലോഹനിർമ്മിതമായ പെട്ടി |
| തളം | - | നാലുകെട്ടുകളിലെ അങ്കണത്തിനു ചുറ്റുമുള്ള തുറസ്സായ സ്ഥലം |
| നിഷ്കർഷ | - | ശ്രദ്ധ |
| പൂകുക | - | പ്രവേശിക്കുക |
| ഭിക്ഷു | - | സന്ന്യാസി, ഭിക്ഷക്കാരൻ |
| മാധുരി | - | മാധുര്യം |

26HYI9

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# കീറിപ്പൊളിഞ്ഞ ചകലാസ്

യാതൊരു മുന്നറിയിപ്പും കൂടാതെ അയാൾ ഉൾനാട്ടിലുള്ള തന്റെ വീടിന്റെ പടിക്കൽ സർക്കാർവക ജീപ്പിൽ വന്നിറങ്ങിയപ്പോൾ, ഉമ്മറത്ത് ഒരു ചാരുകസേരമേൽ കിടക്കുകയായിരുന്ന അമ്മ എഴുന്നേൽക്കുവാൻ ഒരു ശ്രമം നടത്തി.


"കമലം, ആരാ വന്നിരിക്കണ്?" അവർ ചോദിച്ചു: "ആരാ കാറില് വന്നിരിക്ക്ണ്?"

വിധവയായ മൂത്ത മകൾ ഒരു തോർത്തുമുണ്ടുകൊണ്ട് തലയും ചെവിയും മൂടി ഉമ്മറത്തിണ്ണമേൽ ചൂളിപ്പിടിച്ചിരിക്കുകയായിരുന്നു. അവർ മനമില്ലാമനസ്സോടെ എഴുന്നേറ്റ് വാതിൽക്കൽച്ചെന്ന്, പുറത്തെ ഇരുട്ടിലേക്ക് കണ്ണിറുക്കിക്കൊണ്ട് നോക്കി.

തടിയനും കഷണ്ടിത്തലയനുമായ ഒരു മധ്യവയസ്കൻ പടികടന്നു വരുകയായിരുന്നു.

"ആര്? ഗോപിയോ?" അവർ അയാളെ തന്റെ പരുക്കൻ സ്വരത്തിൽ വിളിച്ചു ചോദിച്ചു: "എന്താ ഇങ്ങനെ ആരേം അറീയ്ക്കാണ്ടെ ഒരു വരവ്?"

"ആരാ അത് കമലം?" അമ്മ ചോദിച്ചു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





"ഇത് ഞാനാണ്, അമ്മേ, ഗോപി" – അയാൾ പറഞ്ഞു: "തിരുവനന്തപുരത്ത് ഒരു മീറ്റിങ്ങുണ്ടായിരുന്നു. അതിനു വന്നതാണ്."

"ആരാ കമലം? ആരാ വന്നിരിക്കണ്?" അമ്മ പരിഭ്രമത്തോടെ ചേദിച്ചു.

"അമ്മ എന്തിനാ ഇങ്ങനെ പേടിക്കണ്" – ജ്യേഷ്ഠത്തി ചോദിച്ചു: "അമ്മയ്ക്ക് ഗോപിയെ ഓർമ്മല്യാണ്ടായോ?"

അയാൾ അമ്മയുടെ നേർക്കു കുനിഞ്ഞ് തന്റെ മുഖം അവരുടെ ചുക്കിച്ചുളിഞ്ഞ കവിളുകളോടടുപ്പിച്ചു.

"അമ്മേ, ഇത് ഞാനാണ്, ഗോപി" – അയാൾ പറഞ്ഞു.

"ഗോപിയോ? എന്താ കമലം ഈ കേക്കണ്. അവന്റെ സ്കൂളു പൂട്ടിയോ?" അമ്മ ചോദിച്ചു.

"അമ്മയ്ക്ക് ഈയിടെയായിട്ട് ഇങ്ങനെയാണ്" – ജ്യേഷ്ഠത്തി പറഞ്ഞു: "ചെലപ്പൊ യാതൊരു ഓർമ്മേല്യ. ചെലപ്പോ നല്ല ഓർമ്മയാ. അപ്പൊ ചോദിക്കും, ഗോപീടെ കത്ത് വന്ന്വോ എന്ന്. അപ്പൊ ഞാൻ പറേം, വന്നു, വന്നു. ഗോപിക്കും വിമലയ്ക്കും കുട്ട്യോൾക്കും ഒക്കെ സുഖാണെന്ന്. ഒരു കൊല്ലായി കത്തു വന്നിട്ട് എന്ന് എന്തിനാ പറേണ്? അമ്മയെ വെസനിപ്പിച്ചിട്ട് എന്താ കാര്യം?"

"കഴിഞ്ഞ കൊല്ലം എനിക്ക് ഉദ്യോഗക്കയറ്റം കിട്ടി. അതിനുശേഷം എനിക്ക് എല്ലായ്പ്പോഴും പണിത്തിരക്കാണ്. സർക്കീട്ടിന്നും പോണം. കത്തെഴുതാൻ സമയം കിട്ടാറില്ല" – അയാൾ പറഞ്ഞു.

"എന്നാൽ വിമലയെക്കൊണ്ട് എഴുതിച്ചൂടെ?" ജ്യേഷ്ഠത്തി ചോദിച്ചു: "അതോ, അവൾക്കുണ്ടോ ഈ പണിത്തിരക്ക്?"

"ആരോടാ നീയിങ്ങനെ പിറുപിറുക്കണത്?" അമ്മ ചോദിച്ചു: "ആരാ കാറിൽ വന്നിരിക്കണ്?"

"ഞാൻ പറഞ്ഞില്ലേ ഗോപിയാണെന്ന്?" ജ്യേഷ്ഠത്തി ചോദിച്ചു.

"ഗോപിയോ? അവൻ ഡൽഹീലല്ലേ?" അമ്മ ചോദിച്ചു:

"അതേ, ഞാൻ ഡൽഹീന്ന് വന്നതാണ് അമ്മേ" – അയാൾ പറഞ്ഞു.

"ആരെയാ ഗോപി കല്യാണം കഴിച്ചിരിക്കണ്?" അമ്മ സ്വരം താഴ്ത്തിക്കൊണ്ട് മകളോടു ചോദിച്ചു: "ആരാ അവന്റെ ഭാര്യ?"

"വിമല, ഓർമ്മല്യേ അമ്മയ്ക്ക്?" ജ്യേഷ്ഠത്തി ചോദിച്ചു: "അമ്മ വിമലയെ മറന്ന്വോ? കളക്ടർ നമ്പ്യാരുടെ മൂത്ത മകള് – വിമല."



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



"ഞാൻ ആ പേരു മറന്നു." -അമ്മ പറഞ്ഞു.

"ഗോപീടെ കത്ത് വന്വോ കമലം? ഇന്നും കത്ത് വന്നില്യേ?"

"ഉവ്വ്. അവന്റെ കത്ത് നിത്യേം വരാറുണ്ട്" -ജ്യേഷ്ഠത്തി പറഞ്ഞു.

"അവന്റെ കത്ത് വന്നില്ലെങ്കിൽ എന്റെ വയറ്റില് തിയ്യാണ്." -അമ്മ പറഞ്ഞു.

"അത് അവനറിയാം. അതോണ്ടാ അവൻ നിത്യോം കത്തയ്ക്കണ്..."

"ഞാൻ പറഞ്ഞില്ലേ?" ജ്യേഷ്ഠത്തി അയാളുടെ നേരെ തിരിഞ്ഞുകൊണ്ട് ചോദിച്ചു: "നിനക്ക് അവടെ ഇരിക്കുമ്പൊ ഇതൊന്നും മനസ്സിലാവില്യ."

"ആരാ ഈ നിക്കണ്?" അമ്മ ചോദിച്ചു: "ആരാ കാറില് വന്നിരിക്യണ്?"

"ഇതു ഞാനാണ്" -അയാൾ പറഞ്ഞു: ''തിരുവനന്തപുരം വരെ വരേണ്ട ആവശ്യ മുണ്ടായിരുന്നു. അപ്പോൾ അമ്മയെ ഒന്നു കണ്ടേയ്ക്കാമെന്നു കരുതി."

"നിങ്ങടെ അമ്മ എവിടയാ താമസിക്യണ്?" അമ്മ ചോദിച്ചു: "ഇവടന്നു കൊറേ ദൂരണ്ടാ?"

"ഇല്ലാ, ദൂരമില്ല" -അയാൾ പറഞ്ഞു.

"ഈ അമ്മെ പറഞ്ഞു മനസ്സിലാക്കാൻ എന്നെക്കൊണ്ട് വയ്യ" -ജ്യേഷ്ഠത്തി പറഞ്ഞു.

അയാൾ എഴുന്നേറ്റ് തന്റെ ചെറിയ തോൽപ്പെട്ടി തിണ്ണമേൽ വച്ചു. പിന്നീട് അത് തുറന്ന് അതിലെ സാമാനങ്ങൾ അവിടെ നിരത്തി. ഷർട്ടുകൾ, കാലുറകൾ, ഫയലുകൾ, ക്ഷൗരസാമഗ്രികൾ.

"ഗോപിയെ അറിയോ?" അമ്മ ചോദിച്ചു. "അവൻ ഡെൽഹീലാ... ഗവൺമെന്റുദ്യോഗസ്ഥനാ.... അവന് കേസരിയോഗം ഉണ്ട്. അതോണ്ടാ ഇങ്ങനെ അടിയ്ക്കടി കേറ്റം. അവന് രണ്ടായിരത്തഞ്ഞൂറുറുപ്യ ശമ്പളമുണ്ട്. അവനെ അറീല്യേ?"

"അറിയും" -അയാൾ പറഞ്ഞു.

"അവനോടു പറയൂ, എനിക്ക് ഒരു ചകലാസ് കൊടുത്തയയ്ക്കാൻ" -അമ്മ പറഞ്ഞു: "ഇബിടെ രാവിലെ മഞ്ഞ് സഹിക്കില്യ. എനിക്യാണെങ്കില് നീരിറക്കം പിടിച്ചാല് അതൊട്ട് മാറൂല്യ. ഒരു ചകലാസ് അയയ്ക്കാൻ പറയൂ. ചോന്ന നെറം മതി. എന്റെ കൈല് ഉണ്ടായിരുന്നു ഒന്ന്. അവൻ മദിരാശീ പഠിക്കുമ്പോൾ കൊണ്ടന്നതാണ്. അതപ്പടി കീറി. ഇപ്പൊ അത് ഉപയോഗിക്കാൻ വയ്യ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഒരു നൂലാമാലയാ, ഗോപിയോട് അയയ്ക്കാൻ പറയ്യോ? ഒരു ചോന്ന ചകലാസ്......."

"പറയാം" -അയാൾ പറഞ്ഞു.

"മറക്കരുത് ട്ടൊ" -അമ്മ പറഞ്ഞു: "ഇബിടത്തെ മഞ്ഞ് സഹിക്കില്യ.... ഞാൻ ഇനി പോയി കൊറച്ച് കെടക്കട്ടെ. ഇരുന്ന് ഇരുന്ന് എന്റെ പിരടി കടഞ്ഞു."

അമ്മയെ അകത്ത് കൊണ്ടുപോയാക്കിയതിനുശേഷം അയാളുടെ ജ്യേഷ്ഠത്തി ഉമ്മറത്തേക്കു മടങ്ങിവന്നു.

"ഗോപി എന്തിനാ വന്നിരിക്കണ്?" അവൾ ചോദിച്ചു: "അമ്മയെക്കാണാൻ മാത്രമല്ല.... അതെയോ?"

"അവിടെ ചെലവുകൾ കൂടിക്കൂടി വരുകയാണ്" -അയാൾ പറഞ്ഞു: "ഇപ്പോൾ എനിക്ക് നാലു കുട്ടികളായല്ലോ. എന്റെ ശമ്പളംകൊണ്ട് ഒന്നിനും തികയുന്നില്ല, കുറച്ചൊരു അന്തസ്സിൽ ജീവിക്കുകയും വേണമല്ലോ. എന്റെ പേരിലുള്ള നിലം വിറ്റ് പണമാക്കിയാൽ അതെനിക്കു വലിയ ഉപകാരമാവും. അതിനെപ്പറ്റി ഏട്ടത്തിയോട് സംസാരിക്കാനാണ് ഞാൻ വന്നത്."

"നിലം വിറ്റ് നിന്റെ ഓഹരീംകൊണ്ട് നീ നിന്റെ പാട്ടിനുപോവും. പിന്നെ നിന്നെ ഒന്ന് കാണാനും കൂടി കഴിയില്ല."

ജ്യേഷ്ഠത്തി പറഞ്ഞു:

"അങ്ങിനെയൊന്നുമില്ല" -അയാൾ പറഞ്ഞു:

"സൗകര്യപ്പെടുമ്പോൾ ഞാൻ വരാം."

"നിന്റെ സൗകര്യം!"

ജ്യേഷ്ഠത്തി നീരസത്തോടെ പറഞ്ഞു.

"അഞ്ചരക്കൊല്ലം കഴിഞ്ഞപ്പഴല്ലേ നിനക്ക് സൗകര്യം കിട്ടിയത്?

അമ്മയ്ക്ക് എൺപത്തിമൂന്നായി. ഇന്നോ നാളെയോ എന്ന മട്ടിലാണ് ഇപ്പോഴത്തെ സ്ഥിതി. അമ്മേ വന്നു കാണാൻ നിനക്ക് ഇത്രകാലം തോന്നീല്യല്ലോ?"

"അമ്മയ്ക്ക് എന്നെ ഓർമ്മയില്ലല്ലോ" -അയാൾ ചിരിക്കുവാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു.

"നിനക്ക് അമ്മയെ ഓർമ്മയുണ്ടോ ഗോപീ?" ജ്യേഷ്ഠത്തി ചോദിച്ചു.

മാധവിക്കുട്ടിയുടെ കഥകൾ
(മാധവിക്കുട്ടി)

26HUJH



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- കമലം, ഗോപി എന്നിവരുടെ സ്വഭാവത്തിലെ പ്രത്യേകതകൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

- "അമ്മയ്ക്ക് എന്നെ ഓർമ്മയില്ലല്ലോ" -അയാൾ ചിരിക്കുവാൻ ശ്രമിച്ചുകൊണ്ട് പറഞ്ഞു. "നിനക്കമ്മയെ ഓർമ്മയുണ്ടോ ഗോപീ?"

  ഈ സംഭാഷണം കഥാകൃത്തിന്റെ നിലപാടു വ്യക്തമാക്കുന്നുണ്ടോ? സ്വാഭിപ്രായം സമർഥിക്കുക.

- മനുഷ്യബന്ധങ്ങളിൽ ഊന്നിക്കൊണ്ടുള്ള മനുഷ്യാവസ്ഥകളാണ് മാധവിക്കുട്ടി വിശകലനം ചെയ്തത്. ഓരോ മനുഷ്യനും ഓരോ കാലഘട്ടത്തിൽ ചെന്നുപെടുന്ന അവസ്ഥകൾ അവരുടെ ജീവിതത്തിന്റെ അദൃശ്യമായ പൊരുളുകളിലെത്താൻ സഹായകമാവുന്നു. മനുഷ്യബന്ധങ്ങളുടെ ഓർമ്മകളിലേക്ക്, ശൈഥില്യങ്ങളിലേക്ക് അത് നമ്മെ കൊണ്ടുപോകുകയും ചെയ്യും. ആ അർഥത്തിൽ മനുഷ്യബന്ധങ്ങളില്ലാതെ ഒരു കഥയുമില്ല എന്ന നിർവചനം സാർഥകമാണ്. അത് ഫലപ്രദമായി ഉപയോഗിച്ച് മാധവിക്കുട്ടിക്കഥകൾ വായിക്കുകയുമാകാം.

  *ആളൊഴിഞ്ഞ നൃത്തശാല (ബാലചന്ദ്രൻ വടക്കേടത്ത്)*

  മേൽക്കൊടുത്ത ഖണ്ഡികയിലെ ആശയങ്ങളും താഴെ കൊടുത്ത സൂചനകളും പരിഗണിച്ച് കഥാനിരൂപണം തയാറാക്കുക.

  - കഥയുടെ പ്രമേയം
  - കഥാപാത്രങ്ങളുടെ വ്യക്തിത്വം
  - സംഭാഷണങ്ങളുടെ പ്രാധാന്യം
  - സമാനരചനകൾ
  - കാലികപ്രസക്തി

- കുടുംബബന്ധങ്ങൾ പ്രമേയമായ നിരവധി കഥകൾ മലയാളത്തിലുണ്ട്. കൂടുതൽ കഥകൾ കണ്ടെത്തി ക്ലാസിൽ കഥയരങ്ങ് സംഘടിപ്പിക്കുക.
- "അമ്മ'യിലെയും 'കീറിപ്പൊളിഞ്ഞ ചകലാസി'ലെയും പുത്രന്മാർ പ്രതിനിധാനം ചെയ്യുന്നത് വ്യത്യസ്ത ജീവിതവീക്ഷണങ്ങളാണ്." ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ കഥാസന്ദർഭങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

- 'കീറിപ്പൊളിഞ്ഞ ചകലാസി'ലെ അമ്മ അവഗണിക്കപ്പെടുന്ന മാതൃത്വത്തിന്റെ പ്രതീകമാണ്. സമകാലികസംഭവങ്ങൾ വിശകലനം ചെയ്ത് മുഖപ്രസംഗം തയാറാക്കുക.

**പദകോശം**

കേസരിയോഗം - ശുഭയോഗം
ചകലാസ് - കമ്പിളിപ്പുതപ്പ്

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഞാൻ എന്നെക്കുറിച്ച്

| | പൂർണമായി | ഭാഗികമായി | അൽപ്പം മാത്രം |
|---|---|---|---|
| **താരതമ്യക്കുറിപ്പ്** | | | |
| • രചനകളുടെ ആശയതലം, ഭാവതലം എന്നിവ തിരിച്ചറിഞ്ഞിട്ടുണ്ട്. | | | |
| • രചനകൾ താരതമ്യം ചെയ്ത് സാമ്യവ്യത്യാസങ്ങൾ കണ്ടെത്തിയിട്ടുണ്ട്. | | | |
| • സ്വന്തം കാഴ്ചപ്പാടുകൾ യുക്തിയോടെ അവതരിപ്പിച്ചിട്ടുണ്ട്. | | | |
| • യോജിച്ച പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ ഉൾപ്പെടുത്തി ആശയങ്ങൾ ക്രമീകൃതമായി അവതരിപ്പിച്ചിട്ടുണ്ട്. | | | |
| **കഥാനിരൂപണം** | | | |
| • കഥയുടെ ആശയം, കാലികപ്രസക്തി എന്നിവ തിരിച്ചറിഞ്ഞിട്ടുണ്ട്. | | | |
| • കഥയുടെ ആഖ്യാനരീതി (തുടക്കം, വളർച്ച, ഒടുക്കം, കഥപറയൽ) എന്നിവയെക്കുറിച്ച് ധാരണയുണ്ട്. | | | |
| • സമാനകഥകളുമായി താരതമ്യം ചെയ്ത് കാഴ്ചപ്പാടുകൾ അവതരിപ്പിച്ചിട്ടുണ്ട്. | | | |
| • യോജിച്ച പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ ഉപയോഗിച്ച് ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്. | | | |
| **കഥയരങ്ങ്** | | | |
| • വിഷയവുമായി ബന്ധപ്പെട്ട കഥ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • കഥ ഭാവാത്മകമായി ശബ്ദവിന്യാസം പാലിച്ച് ഉചിതമായി അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • കഥാസ്വാദനചർച്ചയിൽ അഭിപ്രായങ്ങൾ അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • അവതരിപ്പിച്ച സമാനകഥകളുടെ പ്രസക്തി, പ്രമേയം, സവിശേഷത എന്നിവ സന്ദർഭോചിതം അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |


Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





എഴുത്തുകാരെ അറിയുക



## വൈക്കം മുഹമ്മദ് ബഷീർ

**(1908–1994)**

പ്രസിദ്ധ നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമരപോരാളിയും. 'ബേപ്പൂർ സുൽത്താൻ' എന്നു വിളിക്കപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ വൈക്കത്തെ തലയോലപ്പറമ്പിൽ ജനിച്ചു. 1930ൽ കോഴിക്കോട്ട് ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. 'ഉജ്ജീവനം' എന്ന പത്രത്തിലെഴുതിയ തീപ്പൊരിലേഖനങ്ങളാണ് ആദ്യകാല കൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു. ഒമ്പതുവർഷത്തോളം നീണ്ട ഈ യാത്രകളിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു.

പത്മശ്രീ, കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, ലളിതാംബിക അന്തർജനം അവാർഡ്, മുട്ടത്തുവർക്കി അവാർഡ്, വള്ളത്തോൾ പുരസ്കാരം തുടങ്ങിയ ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

*പ്രധാന കൃതികൾ*

പ്രേമലേഖനം, ബാല്യകാലസഖി, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്, ആനവാരിയും പൊൻകുരിശും, പാത്തുമ്മായുടെ ആട്, മതിലുകൾ, സ്ഥലത്തെ പ്രധാന ദിവ്യൻ, മരണത്തിന്റെ നിഴലിൽ, മുച്ചീട്ടുകളിക്കാരന്റെ മകൾ, ജീവിതനിഴൽപ്പാടുകൾ, താരാ സ്പെഷ്യൽസ്, മാന്ത്രികപ്പൂച്ച, ശബ്ദങ്ങൾ (നോവൽ); ഭൂമിയുടെ അവകാശികൾ, വിശ്വവിഖ്യാതമായ മൂക്ക്, കഥാബീജം, ജന്മദിനം, ഓർമ്മക്കുറിപ്പ്, അനർഘനിമിഷം, വിഡ്ഢികളുടെ സ്വർഗം, നേരും നുണയും, ഓർമ്മയുടെ അറകൾ, ആനപ്പൂട, ചിരിക്കുന്ന മരപ്പാവ, ശിങ്കിടിമുങ്കൻ, യാ ഇലാഹി!, നൂറുരൂപാ നോട്ട്



## ആറ്റൂർ രവിവർമ്മ

1930ൽ തൃശൂർ ജില്ലയിലെ ആറ്റൂരിൽ ജനനം. കോളേജ് അധ്യാപകനായിരുന്നു. ആറ്റൂർ രവിവർമ്മയുടെ കവിതകൾ, വിവർത്തനങ്ങൾ- ജെ.ജെ. ചില കുറിപ്പുകൾ, ഒരു പുളിമരത്തിന്റെ കഥ, പുതുനാനൂറ്(തമിഴ് പുതുകവിത), ഭക്തികാവ്യം (മധ്യകാല തമിഴ്കവിത). കവിതയ്ക്കും വിവർത്തനത്തിനും കേന്ദ്ര സാഹിത്യ അക്കാദമിയുടെയും കേരള സാഹിത്യ അക്കാദമിയുടെയും അവാർഡുകൾ ലഭിച്ചു.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





## മാധവിക്കുട്ടി (കമലാ സുരയ്യ)

**(1934-2009)**

തൃശൂർ ജില്ലയിലെ പുന്നയൂർകുളത്ത് ജനിച്ചു. മലയാളത്തിലും ഇംഗ്ലീഷിലും ഒരുപോലെ പ്രശസ്തയായ എഴുത്തുകാരി. മലയാളത്തിൽ 'മാധവിക്കുട്ടി' എന്ന പേരിലും ഇംഗ്ലീഷിൽ 'കമലാദാസ്' എന്ന പേരിലുമാണ് അവർ രചനകൾ നടത്തിയിരുന്നത്. വയലാർ അവാർഡ്, എഴുത്തച്ഛൻ പുരസ്കാരം, കേരള സാഹിത്യ അക്കാദമി പുരസ്കാരം, ഏഷ്യൻ വേൾഡ് പ്രൈസ്, ഏഷ്യൻ പൊയട്രി പ്രൈസ്, കെന്റ് അവാർഡ് എന്നിവ ലഭിച്ചു.

കടൽമയൂരം, ഭയം എന്റെ നിശാവസ്ത്രം, എന്റെ സ്നേഹിത അരുണ, ചുവന്ന പാവാട, പക്ഷിയുടെ മണം, തണുപ്പ്, മാനസി, എന്റെ കഥ, ബാല്യകാലസ്മരണകൾ, വർഷങ്ങൾക്കു മുൻപ്, ഡയറിക്കുറിപ്പുകൾ, നീർമാതളം പൂത്ത കാലം, നഷ്ടപ്പെട്ട നീലാംബരി, ചന്ദനമരങ്ങൾ, മനോമി, വീണ്ടും ചില കഥകൾ, ഒറ്റയടിപ്പാത, യാ അല്ലാഹ്, കവാടം (സുലോചനയുമൊത്ത്), വണ്ടിക്കാളകൾ, കൽക്കട്ടയിലെ വേനൽ (Summer in Calcutta), കാമത്തിന്റെ അക്ഷരങ്ങൾ (Alphabet of the lust), പിതൃപരമ്പര (The Descendance), പഴയ കളിവീടും മറ്റു കവിതകളും (Old Play House and Other Poems), തിരഞ്ഞെടുത്ത കവിതകൾ (Collected Poems), എങ്ങനെ പാടണമെന്ന് ആത്മാവിനേ അറിയൂ (Only the Soul Knows How to Sing), ചൂളംവിളികൾ (The Sirens) എന്നിവയാണ് പ്രധാന കൃതികൾ.




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# 3

# കുതുകമോടാലപിച്ചാലും



മനസ്സിൽ
ഇരുട്ടാണെങ്കിൽ
ലോകം മുഴുവൻ
ഇരുണ്ടതായി
തോന്നുന്നു.
മനസ്സിൽ
വെളിച്ചമാണെങ്കിൽ
എല്ലായിടത്തും
വെളിച്ചമുള്ളതായി
തോന്നുന്നു.

മനസ്സിലെ വെളിച്ചത്താൽ ലോകത്തെ പ്രകാശപൂർണമാക്കാൻ കഴിയുമോ? ചർച്ചചെയ്യുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# കളിപ്പാവകൾ



**ഞാ**നാദ്യം കാണുമ്പോൾ മൊയമ്മതാലിക്കാക്ക ഇങ്ങനെയായിരുന്നില്ല. ആയിസമ്മായി മരിച്ച ദിവസമാണ് മൊയമ്മതാലിക്കാക്കയെ ഞാൻ കണ്ടത്. തൂവെള്ള കുപ്പായമിട്ടു മാവിൻചോട്ടിൽ ഒറ്റയ്ക്കു നിന്നു ഇക്കാക്ക. തലയ്ക്കു മീതെ തുടുത്ത മാങ്ങകൾ തൂങ്ങിക്കിടന്നിരുന്നു.

"ഇക്കാക്കാ മാങ്ങ" -ഞാൻ ചൂണ്ടിക്കാണിച്ചു. ഇക്കാക്ക നഖം കടിക്കുന്നുണ്ടായിരുന്നു. ചുവന്ന മുഖത്ത് ചുണ്ടുകൾ അയഞ്ഞുകിടക്കുന്നതു കാണാൻ രസമായിരുന്നു. വെള്ളാരങ്കല്ലുപോലെയുള്ള കണ്ണു നിറയെ വെള്ളം. ചുവന്ന കവിളിൽ കണ്ണീർത്തുള്ളികൾ. ഇക്കാക്കയെ നോക്കിനിന്നു പോയി.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മുറ്റത്ത് ആളുകൾ.

മുറ്റത്തു വച്ച മയ്യത്തുകട്ടിൽ അകത്തേക്കെടുക്കുന്നു.

ഇക്കാക്ക കരയുന്നു. ബാപ്പയും മൂത്താപ്പയും വന്ന് ഇക്കാക്കയെ കൊത്തിപ്പിടിച്ചു. ബാപ്പയുടെ തോളിൽ ഇക്കാക്കയുടെ മുഖം.

മയ്യത്തുകട്ടിൽ താങ്ങിയെടുത്ത് നാലുപേർ ചുമലിൽവച്ചു; മൊല്ലാക്കയും തങ്ങളും മുന്നിൽ.

"ലാഇലാഹ ഇല്ലല്ലാ..."

ആ ശബ്ദം ഇക്കാക്കയുടെ പൊട്ടിക്കരച്ചിലിൽ നിലച്ചുപോയോ? ഒരു നിമിഷം മൂത്താപ്പ ഇക്കാക്കയെ കോരിയെടുത്തു. അകത്തേക്കു കൊണ്ടുപോകുമ്പോൾ...

"ഓന്റെ ഉമ്മല്ലെ, അവസാനത്തെ കാഴ്ച കണ്ടോട്ടെ-"

ഇക്കാക്കയെ മയ്യത്ത് കാണിച്ചു.

ആളുകൾ പടിയിറങ്ങി ഓതി വരിവരിയായിപ്പോകുമ്പോൾ അകത്തുനിന്നു കരച്ചിൽ. മറിയമ്മായി ബോധംകെട്ടു വീണു. ഇന്നലെ വരെ ആയിസമ്മായിക്കൊന്നുമുണ്ടായിരുന്നില്ല. ബുറുദ ഓതിക്കിടന്നതായിരുന്നു.

ഇന്ന് ആയിസമ്മായി ഖബറിൻകാട്ടിലേക്ക്...

അമ്മായി മരിച്ച് ഏഴു ദിവസം കഴിഞ്ഞിരുന്നു. ഞങ്ങൾ കോഴിക്കോട്ടേക്ക് മടങ്ങിയിരുന്നില്ല. പുരയിൽ ഒരുപാട് ആളുകൾ. പനത്തിൽ പള്ളിയിലെ മൊയ്ല്യാരുകുട്ടികൾ വന്നിരുന്നു. അവർ മൗലൂദ് ചൊല്ലി. മൗലൂദ് ചൊല്ലിയത് ഒരു വെള്ളത്തുണി വിരിച്ചതിന്റെ നാലറ്റത്തും ഇരുന്നായിരുന്നു. ചന്ദനത്തിരികൾ പുകഞ്ഞിരുന്നു. അവ കാറ്റിൽ വളഞ്ഞ വരകളും വട്ടങ്ങളുമായി അലിഞ്ഞു ചേരുമ്പോൾ മൗലൂദിന് താളവും മുറുക്കവും കിട്ടി. കുന്തിരിക്കക്കൂടുകളിൽനിന്നു പുകച്ചീളുകൾ ഓടിവരുകയായിരുന്നു. പെട്ടെന്ന് മൊയ്ല്യാരുകുട്ടികൾ എണീറ്റ്:

"യാ നബി സലാമു അലൈക്കും
യാ റസൂൽ സലാമു അലൈക്കും."

നിന്നാണ് അവർ ഓതിയത്. റസൂലിന്റെ കാൽപ്പാടുകൾ വെള്ളവിരിപ്പിൽ കാണുമല്ലോ. മൗലൂദ് തീർന്നപ്പോൾ, നടുവകത്തു പായവിരിച്ചു. പായയ്ക്കു നടുവിൽ സുപ്ര. സുപ്രയ്ക്കു നടുവിൽ കാസയിൽ ഇറച്ചിക്കറി, സാനിൽ അരിപ്പത്തിരിക്കൂട്ടം, കുണ്ടം പിഞ്ഞാണത്തിൽ കഞ്ഞി. കഞ്ഞിയിൽ എമ്പാടും ചിരട്ടക്കയിലുകൾ.

ഞാൻ മൊയ്ല്യാരുകുട്ടികളോടൊപ്പം ഇരുന്നിരുന്നു.

അവർ പോകാനൊരുങ്ങി. ഇക്കാക്കയാണവരുടെ കൂടെ പോയത്. ഇക്കാക്ക പള്ളിയിൽ പോകാറുണ്ടല്ലോ. ഇക്കാക്കയുടെ കൈ ഞാൻ പിടിച്ചു.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





"മോനും പോര്."

പള്ളിയിൽനിന്നു മടങ്ങുമ്പോൾ മൊയമ്മതാലിക്കാക്ക എന്നെ ചന്തപ്പുരയിലേക്കു കൊണ്ടുപോയ ദിവസം; എന്തൊരോർമ്മ. തുറന്നുവച്ച പീടികകളിൽ, പളുങ്കുഭരണിയിൽ മിഠായികൾ. കത്തിയെരിയുന്ന പതിനാലാംനമ്പർ വിളക്കുകൾ. നിരത്തിനും പൊന്നുനിറം. ഇക്കാക്ക പീടികയിൽനിന്നൊരു കോൽമിഠായി വാങ്ങിത്തന്നു. ഞാനത് ഈമ്പുകയായിരുന്നു. മധുരം, നാരങ്ങച്ചുവ. രണ്ടിന്റെയും രസം. വായിൽ വെള്ളമൊഴുകി. അതു കൈകൊണ്ടു തുടച്ചു. കൈയിലെ സ്വർണക്കാപ്പിൽ എന്തോ ഒട്ടിപ്പിടിക്കുന്നു. ഇക്കാക്കയ്ക്കു കാണിച്ചുകൊടുത്തു.

വീണ്ടും തോളിൽ കേറ്റി പള്ളിയിലേക്ക്.

പള്ളിയുടെ മുമ്പിൽ പള്ളിക്കുളം. ഇരുട്ടിൽ വെള്ളത്തിൽ അരണ്ട നിലാവ്. വെള്ളത്തിൽ അമ്പിളിമാമൻ തിളങ്ങുന്നു. അമ്പിളിമാമൻ പൊട്ടിപ്പോയിരുന്നു. പഴകിയ സോപ്പുപത ഉണങ്ങിയ മിനുസമുള്ള പടവിൽ ഇക്കാക്ക എന്നെ ഇരുത്തി. ഇക്കാക്കയുടെ കൈക്കുമ്പിളിൽ വെള്ളം. അപ്പുറം പള്ളി. പള്ളി വലിയതായിരുന്നു. തട്ടും തട്ടിന്മേൽ തട്ടും. ജനാലകളിൽനിന്നു വിളക്കുവെളിച്ചം ഞങ്ങളെ നോക്കുന്നു. മുകളിൽനിന്നോതുകയാണ്. ഓത്തു കുശുകുശുപ്പായി, ഈണമുള്ള മാറ്റൊലിയായി പള്ളിക്കുളത്തിൽ വീണു പൊടിയുകയായിരുന്നു. കുളത്തിൽ ചിറ്റോളങ്ങൾ. അപ്പോൾ വെള്ളത്തിനു നൂറായിരം കണ്ണുകൾ. മൊയമ്മതാലിക്കാക്കയുടെ വെള്ളാരങ്കണ്ണുകൾപോലെ.

-ഒക്കെ മൊയമ്മതാലിക്കാക്ക മറന്നല്ലോ.

വന്നപ്പോളേ ഉമ്മ പറഞ്ഞിരുന്നു: 'നെടുമ്പുരയിലേക്കു പോകരുത്.' ഇവിടെ കെട്ടിയിട്ടമാതിരിയാണ്. പറമ്പിൽ ചുറ്റിയടിക്കാൻ പാടില്ല. പാമ്പുകളുണ്ട്. മുളങ്കൂട്ടത്തിലെ കിളികളെ കാണാൻ പാടില്ല. മുളയുടെ മുള്ളുകൾക്കിടയിൽ പൂതങ്ങളും പാമ്പുകളും പാർക്കുന്നതെന്തിനാണ്? മുള്ളു തട്ടി മേലു കീറില്ലേ?

പുരയുടെ തെക്കേ ചരുവിലായിരുന്നു നെടുമ്പുര.

നെടുമ്പുരയിൽ ഇക്കാക്ക മാത്രം.

നെടുമ്പുരയിൽ ഇക്കാക്കയ്ക്കു കിടക്കാൻ കട്ടിലില്ല.

തിന്നാൻ കൊടുക്കുക കറുത്തുവരണ്ട അലുമിനിയം പാത്രങ്ങളിൽ. മറ്റാരും ആ പാത്രത്തിൽ തിന്നുകൂടാ.

രണ്ടു വലിയ മരമുട്ടികൾ. മുട്ടികളിന്മേൽ ഇരുമ്പുചങ്ങലകൾ. ഇരുമ്പുചങ്ങലയുടെ അറ്റത്തു വലയങ്ങൾ. വലയ



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ത്തിനകത്താണ് കാലുകൾ. കാലിൽ ചങ്ങല തട്ടി ചോന്ന വട്ടം. അതിനു ചുറ്റും മണിയനീച്ചകൾ ആർക്കുന്നു. തുടുത്ത കറുകറുപ്പൻ മണിയനീച്ചകൾ. അവ പാറുമ്പോൾ കിർറു... കിർറു... എന്ന ഒച്ചയാണ്. ആകെ അറപ്പ്.

കാലിലെ ചങ്ങല കിലുക്കി തുടരിട്ട നെടുമ്പുരയുടെ ഒത്തനടുവിലുള്ള തൂണിൽ മൊയമ്മതാലിക്കാക്ക നിന്നു – തുണിയില്ല, കുപ്പായമില്ല. ഒരു ചാക്കുകണ്ടം മുന്നിൽ കെട്ടിയിരുന്നു. ഇക്കാക്കയതു പിച്ചിക്കീറിയിട്ടു. കുണ്ടിലാണ്ടുപോയ വെള്ളാരങ്കണ്ണുകൾ. കട്ടപിടിച്ച മുടി. വളർന്ന താടിമീശ.

ഉമ്മ കാണാതെ, അമ്മായി കാണാതെ, മൂത്താപ്പ കാണാതെ ഞാൻ നെടുമ്പുരയിലേക്കു നോക്കി നിൽക്കുകയായിരുന്നു. മൊയമ്മതാലിക്കാക്ക ഒരുണക്കില തറയിൽനിന്നെടുത്തു. വലത്തുകൈ വായിൽ വച്ചു. കൈ നിറയെ തുപ്പൽ. ഛീ. ചൂണ്ടാണി വിരലിന്റെ അറ്റത്തു ചപ്പില വച്ചു തള്ളവിരൽകൊണ്ട് ഇലയുടെ തുമ്പത്ത് ഒരു മേട്ടം. പിന്നെയും മേട്ടം. തള്ളവിരൽ ഇളക്കിക്കൊണ്ടിരിക്കുന്നു. പമ്പരംപോലെ ഇല തിരിയുന്നു. ഇല തിരിയുന്നതിന്റെ ഊക്കിൽ ജാക്കരാം ജാക്കരാം എന്ന ഇക്കാക്കയുടെ പാട്ട്. ഇടയ്ക്കു കൂക്കിവിളി – ചെമ്പോത്തിന്റെ ഒച്ചയിടുന്ന ഇക്കാക്ക.



അപ്പോൾ പിറകിൽ ഉമ്മു വന്നു.

“ഇബടെ ബാ.”

ഞാൻ കുതറി. ഉമ്മു ബലമായി എന്റെ കൈ പിടിച്ചു.

“വാ മോനേ – ഇക്കാക്കന്റടുത്തു നിക്കരുത്.”

തുടങ്ങിയല്ലോ ഉമ്മുവിന്റെ വകയും. ഉമ്മു മുളങ്കാടി നടുത്തേക്കു കൊണ്ടുപോയി. അവിടെ തുപ്രൻ ഉണ്ടായിരുന്നു. തുപ്രൻ ഇല്ലിക്കോലു വെട്ടുകയായിരുന്നു. ഇപ്പോൾ കൂടില്ലാത്ത പൂതങ്ങൾ പുറത്തു ചാടും. പൂതങ്ങളെ എനിക്കു കാണിച്ചുതരാനായിരിക്കും വിളിച്ചുകൊണ്ടുവന്നത്. പൂതങ്ങൾക്കു തലയിൽ കൊമ്പുണ്ടെന്ന് ആരാ പറഞ്ഞുതന്നത്?

“കോയസ്സാ കോയസ്സാ” –അട്ടം പൊട്ടിക്കുന്ന വിളി.

“വല്ല്യക്കാ, വല്ല്യക്കാ.”

ഞാൻ തിരിഞ്ഞുനോക്കി. മറിയമ്മായിയും ഉമ്മയുമാണ് ഒച്ച കൂട്ടുന്നത്. മൂത്താപ്പ അകത്തായിരിക്കും.

അപ്പോളാണ് മൊയമ്മതാലിക്കാക്കയെ കാണുന്നത്. ഇക്കാക്ക ചങ്ങല പൊട്ടിച്ചിരിക്കുന്നു.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഇക്കാക്കയുടെ കാലിൽ ചങ്ങലത്തുണ്ടുകൾ. വേച്ചുവേച്ചു നടക്കുന്ന ഇക്കാക്കയുടെ മുഖം എന്റെ നേർക്ക്.

പടച്ചോനേ! ഇക്കാക്ക മുൻഭാഗം മറച്ച ചാക്കുകണ്ടം കീറിക്കളഞ്ഞിരിക്കുന്നു. അടിവെച്ചടിവെച്ചു കൈചുരുട്ടി ഇക്കാക്ക വരുന്നു. ജാക്കരാം ജാക്കരാം. പിന്നെ ചെമ്പോത്തിന്റെ കൂക്ക്.

മൂത്താപ്പ എവിടെനിന്നാണ് മുളങ്കൂട്ടത്തിലേക്ക് ഓടിവന്നത്? കൈയിൽ നിറയെ മുള്ളും ഇലകളുമുള്ള ഇല്ലിക്കോൽ.

വിറയ്ക്കുന്നു. നെട്ടോട്ടം മുറ്റത്തേക്കു പാഞ്ഞുവന്നു മൂത്താപ്പ. അടി. മൊയമ്മതാലിക്കാക്കയെ മൂത്താപ്പ ഇടത്തും വലത്തും ആഞ്ഞടിക്കുകയായിരുന്നു. മൂത്താപ്പ കിതയ്ക്കുന്നുണ്ട്.

“കടക്കെടാ നെടുമ്പുരയിലേക്ക്” -മൂത്താപ്പ.

അടികൊണ്ടിട്ടും പതറാതെ ഇക്കാക്ക നിന്നു. കണ്ണിൽ തീയുമായി. മൂത്താപ്പയുടെ കഴുത്തുപിടിക്കാൻ ഇക്കാക്ക കൈനീട്ടുന്നു.

“റബ്ബേ!” അമ്മായി.

ഇപ്പോൾ മൂത്താപ്പയുടെ കഴുത്തുപിടിക്കും മൊയമ്മതാലിക്കാക്ക. ഞാൻ കണ്ണുചിമ്മി. എനിക്കിതു കാണണ്ട. ഏതോ ഒരു മൃഗത്തിന്റെ പരുക്കൻശബ്ദമാണ് ശരീരത്തിൽ അടിവീഴുമ്പോൾ ഇക്കാക്ക പുറപ്പെടുവിക്കുന്നത്. മൂത്താപ്പയ്ക്ക് തടിയോർമ്മയില്ല. ഉശിരു കൂടി. ഇക്കാക്കയുടെ തലമുടി പിടിച്ചുവലിച്ചു മൂത്താപ്പ. ഇക്കാക്ക വീണുപോയി. അടിയോടടി. നിലത്തു കിടന്നുരുളുന്ന ഇക്കാക്കയുടെ ശരീരത്തിൽ ചോരപ്പാടുകൾ.

“എടീ മറിയം, ചങ്ങലയെടുക്ക്.”

അമ്മായി നെടുമ്പുരയിലേക്ക് ഓടി.

ഉമ്മ വന്ന് എന്റെ മുഖം തടവി. എനിക്കു വിറയ്ക്കുന്നുണ്ടായിരുന്നു. തൂക്കിപ്പിടിച്ച ചങ്ങല മൂത്താപ്പയുടെ കൈയിലേക്ക് എറിഞ്ഞുകൊടുത്തു മറിയമ്മായി.

ഇക്കാക്കയെ ചങ്ങലകൊണ്ടടിച്ചപ്പോൾ അമ്മായി പറഞ്ഞു:

“മന്സക്കുട്ട്യേന്നു വിചാരിക്ക് കോയസ്സാ.”

“മന്സക്കുട്ട്യാ!” മൂത്താപ്പ പറഞ്ഞു: “ഇതൊന്നും ഓന്റെ സക്തിയല്ല. മന്സന്റെ സക്തിയല്ല. പൂതത്തിന്റെ സക്തിയാണ്. മൂന്ന് മൂർത്തികളാ ഓന്റെ മേത്ത്, അനക്കറിയൂലേ?”

അമ്മായി മിണ്ടിയില്ല.

ഇക്കാക്ക അനങ്ങാതെ കിടന്നു. തുപ്രനോടിവന്നിരിക്കുന്നു.

“എടാ, ഓന്റെ കാലിൽ ചങ്ങലയിട്.”

അരണ്ടാണ് തുപ്രൻ നിലത്തിരുന്നത്. ഇക്കാക്ക അനങ്ങിയില്ല. മുറിവുള്ള കാലിൽ ചങ്ങലയിട്ടപ്പോൾ ഇക്കാക്ക ഞരങ്ങി. വായയിൽനിന്നു കേല ഒഴുകിയിരുന്നു.

“പിടിക്കെടാ തുപ്രാ.”



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കാലിലിട്ട ചങ്ങലയുടെ അറ്റം പിടിച്ചു മൂത്താപ്പയും തുപ്രനും. നിലത്തിട്ടു വലിച്ച് നെടുമ്പുരയിലേക്ക് മൊയമ്മതാലിക്കാക്കയെ കൊണ്ടുപോയി; ഓലമടൽ വലിച്ചുകൊണ്ടുപോവുംപോലെ.

ഉമ്മുവും ഞാനും അകത്തേക്കു കടന്നു. ഉമ്മയും അമ്മായിയും അടക്കം പറയുന്നു:

"ആയിസാത്ത ഇദ് കാണാതെ കണ്ണു ചിമ്മിയത് നന്നായി."

"ഓന്റെ ബാപ്പയും."

മൊയമ്മതാലിക്കാക്കാ, നിങ്ങൾക്ക് ഞാനുണ്ട്. ഞാൻ വലുതായി നിങ്ങളെ സുഖക്കേട് മാറ്റിച്ചു...

മൂത്താപ്പ അകത്തേക്കു വന്നപ്പോൾ ഇലയനക്കമില്ല. എല്ലാവരുടെയും മുഖം കനത്ത്. അമ്മായി വിങ്ങിപ്പൊട്ടുന്നു.

"മറിയം, ഓനെ പിന്നെങ്ങനെ ചങ്ങലക്കിടും?"

"നമ്മളെ ബിതി" -അമ്മായി പറഞ്ഞു.

ഉമ്മ മിണ്ടിയില്ല. പുറത്തു കാറ്റൂതുന്നു, ഇലകളിൽ.

ദൈവത്തിന്റെ കണ്ണ്
(എൻ.പി. മുഹമ്മദ്)

276QLJ

- "ഞാനാദ്യം കാണുമ്പോൾ മൊയമ്മതാലിക്കാക്ക ഇങ്ങനെയായിരുന്നില്ല."
  കഥാപാത്രസൃഷ്ടിയിൽ നോവലിസ്റ്റ് പാലിക്കുന്ന സൂക്ഷ്മത ഈ സന്ദർഭത്തിൽ എങ്ങനെയെല്ലാം വ്യക്തമാകുന്നു? വിശകലനം ചെയ്യുക.

- "മൊയമ്മതാലിക്കാക്കാ, നിങ്ങൾക്കു ഞാനുണ്ട്. ഞാൻ വലുതായി നിങ്ങളുടെ സുഖക്കേടു മാറ്റിച്ചു...."
  മനോനില തകരാറിലായവരോടുള്ള സമീപനം എങ്ങനെയാവണമെന്ന സൂചന കഥാകൃത്ത് ഈ സന്ദർഭത്തിൽ നൽകുന്നുണ്ടോ? സ്വാഭിപ്രായം എഴുതുക.

- "പള്ളിയുടെ മുമ്പിൽ പള്ളിക്കുളം. ഇരുട്ടിൽ വെള്ളത്തിൽ അരണ്ട നിലാവ്. വെള്ളത്തിൽ അമ്പിളിമാമൻ തിളങ്ങുന്നു..."
  കഥയുടെ ഭാവതലത്തിന് ഇത്തരം അവതരണങ്ങൾ നൽകുന്ന സവിശേഷത ചർച്ചചെയ്യുക.

- മയ്യത്ത്, മൗലൂദ്, ബുറുദ
  ഇത്തരത്തിലുള്ള പരകീയപദങ്ങൾ പാഠഭാഗത്തുണ്ട്. അവ കണ്ടെത്തി നിഘണ്ടു തയാറാക്കുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



പേടിച്ചുപേടിച്ചുകൊണ്ടാണ് പുറത്തുവന്നത്. വാതിൽക്കൽനിന്ന് ആദ്യം തളത്തിലേക്കു നോക്കി. അച്ചുതൻനായർ നല്ല ഉറക്കമാണ്. ഒരു നിമിഷം സംശയിച്ചുനിന്നു. അയാൾ കൂർക്കംവലിക്കുമ്പോൾ കഴുത്തിൽ ഉരുണ്ടുകളിക്കുന്ന മുഴ കാണാൻ നല്ല രസമുണ്ട്. അരയിൽ തിരുകിവച്ച പഴുക്കടയ്ക്ക അഴിഞ്ഞുവീഴാറായിരിക്കുന്നു. രോമം നിറഞ്ഞ ആ വലിയ കൈത്തണ്ടയും അറപ്പുതോന്നുന്ന തടിച്ച വിരലുകളും കണ്ടപ്പോൾ ആദ്യം ഒരരിശമാണ് തോന്നിയത്.

ആ കൈകൊണ്ടല്ലേ ഇന്നലെ സന്ധ്യക്ക്...ഇന്നലെയാണോ? അതോ കുറേ ദിവസം മുമ്പോ?

വേലായുധൻ കഴുത്തു തടവി. വേദന ഇപ്പോഴും ബാക്കിനിൽപ്പുണ്ട്.

ഒരു ദിവസം ആരുമറിയാതെ ആ കൈ വെട്ടിക്കളയണം. വലിയൊരു മടവാക്കത്തി നേർത്തെ കൊണ്ടുവന്നു സൂക്ഷിക്കണം. എന്നിട്ടു രോമം നിറഞ്ഞ പരുക്കൻകൈ നിലത്തു പരത്തിവച്ചു കിടക്കുമ്പോൾ പതുങ്ങിച്ചെന്ന് ഒറ്റവെട്ട്!

അയാൾക്കങ്ങനെ വേണം. അല്ലെങ്കിൽ ഇങ്ങനെ മനുഷ്യനെ ദ്രോഹിക്കണോ?

ഇന്നലെ...ഇന്നലെയാണോ? കുറേ ദിവസങ്ങൾക്കു മുമ്പോ?

പടിഞ്ഞാറേ ഇറയത്ത് കുളിപ്പിക്കാൻ അവനെ കൊണ്ടുവന്നിരുത്തി. കുറച്ചുകാലമായി അച്ചുതൻനായരാണ് കുളിപ്പിക്കുന്നത്. അത് വേലായുധന് ഇഷ്ടമാവുന്നില്ല. മറ്റൊരാൾ കുളിപ്പിക്കാൻ അവനൊരു കുട്ടിയാണോ? വലുതായിരിക്കുന്നു; വളരെ വലുതായിരിക്കുന്നു. ഗോപിയുടെ അത്ര വലുപ്പമുള്ള കാലത്ത് പുഴയിൽ കുരുതിപ്പറമ്പിനടുത്ത കടവിലിറങ്ങി കുളിച്ചിട്ടുണ്ട്. അമ്മയാണ് കുളിപ്പിക്കുക.

ഇപ്പോൾ അവൻ വലിയൊരാളാണ്. മുത്തശ്ശി പറയാറുണ്ട്: "പത്തിരുപത്തൊന്നു വയസ്സായ ഒരാണൊരുത്തനാണേ-സുകൃതക്ഷയം...സുകൃതക്ഷയം!"

വേലായുധനറിയാം, അതു തന്നെപ്പറ്റിയാണെന്ന്.

എന്നിട്ടും അച്ചുതൻനായർ കുളിപ്പിക്കാൻ പിടിച്ചുകൊണ്ടുപോകുന്നു. വലിയ മൂന്നു കുട്ടകങ്ങളിൽ നിറയെ വെള്ളം ഒഴിച്ചുവച്ചിരിക്കും. വക്കു പൊട്ടിയ ചെറിയ പിച്ചളച്ചെമ്പുകൊണ്ടു തലയിലങ്ങനെ വെള്ളം കോരിയൊഴിക്കുക...

വെള്ളം നിറച്ച കുട്ടകത്തിനടുത്തു പലകയിൽ പിടിച്ചിരുത്തി, അച്ചുതൻനായർ പാത്രമെടുക്കാൻ പോയപ്പോൾ വേലായുധന് ഒരു യുക്തി തോന്നി.

പടിഞ്ഞാറേ ഇറയത്തിലൂടെ ഒരു ചെറിയ പുഴയൊഴുകുന്നുണ്ടെങ്കിൽ എങ്ങനെയിരിക്കും? പായ കെട്ടിയ വലിയ വഞ്ചികളും മീൻപിടിക്കുന്ന കൊച്ചുതോണികളും പോകാൻ തുടങ്ങും. അവൻ കിടക്കാറുള്ള മുറിയുടെ കിളിവാതിലിൽനിന്ന് എല്ലാം കാണാം. ഇടവപ്പാതി വരുമ്പോൾ നരിമീൻ പുളയ്ക്കുന്നതും. വേണമെങ്കിൽ ചൂണ്ടലിടുകയുമാവാം; കിളിവാതിലിലൂടെത്തന്നെ.

മതിലിനരികിൽ വെട്ടിയ ചാലിലേക്കു മൂന്നു കുട്ടകങ്ങളിലെയും വെള്ളം ചരിച്ചുകളഞ്ഞു. മണ്ണുപുരണ്ട ചുവന്ന വെള്ളം ഒഴുകിപ്പോവുന്നതു നോക്കി നിൽക്കുമ്പോൾ അച്ചുതൻനായർ വിളിച്ചു: "വേലായുധാ!" വിളിയായിരുന്നില്ല; ഒരലർച്ച!

ഭയത്തോടെയാണ് അയാളുടെ മുഖത്തു നോക്കിയത്.

"അഹമ്മതി കാട്ട്യേ?"

ഒന്നും മിണ്ടിയില്ല. കണ്ണുകളിൽനിന്നു തീ പറക്കുന്നുണ്ടെന്നു തോന്നി. അയാളുടെ തല മൂടിക്കളയാമെന്നുവച്ച് ഒഴിഞ്ഞ കുട്ടകം പൊക്കിയെടുക്കുമ്പോഴാണ് ഒരടി വീണത്.

"എന്നെ തല്ലല്ലേ... എന്നെ തല്ലല്ലേ..."

ഉച്ചത്തിൽ കരഞ്ഞുപോയി.

കോലായുടെ വക്കിൽ മുത്തശ്ശിയെത്തി. പിറകെ വലിയമ്മയും ഗോപിയും.

മുത്തശ്ശി പുതച്ച തോർത്തിന്റെ തുമ്പുകൊണ്ടു കണ്ണുതുടച്ചു പറഞ്ഞു: "ദൈവദോഷംണ്ട് അച്ചുതാ...സ്വബുദ്ധിയില്ലാഞ്ഞിട്ടല്ലേ?"

"കാട്ട്യേ പണി കണ്ടോ കാര്യേമേ?"

വലിയമ്മ മുറുമുറുത്തു: "അടീലും മീതെ ഒരൊടീല്യാ. ഇതൊക്കെ അഹമ്മതികൊണ്ടാ."

മുത്തശ്ശി ഒരിക്കൽക്കൂടി കണ്ണുതുടച്ച് സാധാരണ പറയാറുള്ളതുപോലെ പിറുപിറുത്തു: "സുകൃതക്ഷയം...സുകൃതക്ഷയം!"

27FLN7

ഇരുട്ടിന്റെ ആത്മാവ്
(എം.ടി. വാസുദേവൻനായർ)

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കഥാസന്ദർഭം പരിചയപ്പെട്ടല്ലോ. പാഠഭാഗവുമായി താരതമ്യം ചെയ്ത് അവയുടെ ഉള്ളടക്കം, അവതരണരീതി എന്നിവ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

- പാഠഭാഗത്തുനിന്ന് ഉചിതമായ ഭാഗം കണ്ടെത്തി നാടകരൂപത്തിലാക്കി അവതരിപ്പിക്കുക.

## പദകോശം


| | | |
|---|---|---|
| കാസ | - | കറി വിളമ്പാനുപയോഗിക്കുന്ന വലിയ കുഴിഞ്ഞ പാത്രം |
| കാപ്പ് | - | കൈയിൽ കെട്ടുന്ന മന്ത്രച്ചരട്, കൈവള |
| ഖബറിൻകാട് | - | ശ്മശാനം |
| പതിനാലാംനമ്പർ വിളക്ക് | - | തിരിയിട്ട്, മണ്ണെണ്ണയൊഴിച്ച് കത്തിക്കുന്ന ഒരിനം വലിയ വിളക്ക് |
| കൊത്തിപ്പിടിക്കുക | - | കെട്ടിപ്പിടിക്കുക |
| പിഞ്ഞാണം | - | ചീനക്കളിമണ്ണുകൊണ്ട് നിർമ്മിക്കുന്ന, ഭക്ഷണം കഴിക്കാനുപയോഗിക്കുന്ന പാത്രം |
| ബിതി | - | വിധി |
| ബുറുദ | - | അൽ ബുസീരീ (1213-1295) എഴുതിയ അറബിക്കവിത. മുഹമ്മദ്നബിയെ പ്രകീർത്തിക്കുന്ന കൃതി |
| മൊയ്ല്യാരുകുട്ടികൾ | - | പള്ളികളിൽ താമസിച്ച് ഇസ്‌ലാംമത പഠനം നടത്തുന്ന കുട്ടികൾ |
| മൗലൂദ് ഓതൽ | - | മുഹമ്മദ്നബിയുടെ ജന്മദിനാചരണത്തിന്റെ ഭാഗമായി നടത്തുന്ന, അറബിഭാഷയിൽ രചിക്കപ്പെട്ട ഗദ്യപദ്യമിശ്രരചനകളുടെ സംഘപാരായണം |
| സാൻ | - | ഭക്ഷണം വിളമ്പാനുപയോഗിക്കുന്ന വലിയ, പരന്ന പാത്രം |
| സുപ്ര | - | ഭക്ഷണപ്പാത്രങ്ങൾ വയ്ക്കാനുള്ള വിരിപ്പ് |
| റസൂൽ | - | ദൈവദൂതൻ, മുഹമ്മദ്നബി |

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# ആർഭാടത്തിൽനിന്നു ലാളിത്യത്തിലേക്ക്



ആർഭാടമായി ജീവിക്കണം എന്ന കൊതിയാണ് കുട്ടികളുമൊത്ത് ഒരു ചെറുപുരയിൽ പാർത്തിരുന്ന ചെറുപ്പക്കാരനെ അഞ്ചെട്ടു കൊലപാതകങ്ങൾക്ക് പ്രേരിപ്പിച്ചത് എന്ന് അയാൾതന്നെ പറയുന്നു. ആ മനസ്സിൽ ആരെയും കൊല്ലാൻ മടിക്കാത്ത ഇരുട്ട് ഉണ്ടായിരുന്നു. ആർഭാടം ഒരു ഉന്മാദാവസ്ഥയാണ്. ആളുകൾക്കോ വീടുകൾക്കോ ചരിത്രത്തിനോ ഉന്മാദം വരാം. ഉന്മാദത്തിൽ ശരി മാത്രമേ ഉള്ളൂ. തെറ്റും തോൽവിയും ഇല്ല. അസാധ്യം എന്ന ഒരു വാക്കില്ല. ഉണർവും മത്സരവും ഏറിയ നമ്മുടെ സമുദായത്തിൽ അതുകൊണ്ട് ആർഭാടത്തിന്റെ ഉന്മാദം വർധിച്ചുവരുന്നു. Beg, borrow or steal എന്നതാണ് മുദ്രാവാക്യം. കടക്കെണിയായി, കളവും കൊള്ളയുമായി തെരുവുകളിലും രാജനീതിയിലും ഇത് പ്രത്യക്ഷപ്പെടാം. മൂലയ്ക്കായിപ്പോകുന്ന മനുഷ്യരുടെയും രാജ്യങ്ങളുടെയും പ്രതികരണം, നിറവേറ്റാത്ത മോഹം, പ്രണയത്തെപ്പോലെ നിങ്ങളെ ആത്മഹത്യയിലേക്കു കൂട്ടിക്കൊണ്ടുപോകുന്നു. ഇല്ലാ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ത്തവർ ചെലവാക്കി മുടിയുന്നതിനെ ഗുരുവാണ് നിരോധിച്ചത്; ആർഭാടത്തിനെതിരായ നമ്മുടെ ആദ്യത്തെ ശബ്ദം. ആരാധനയെപ്പോലും ഗുരു നിരാഡംബരമാക്കി. പാവങ്ങളുടെ മോഹങ്ങളെ അറിവിലേക്കും വ്യവസായത്തിലേക്കും തിരിച്ചുവിട്ടു. സമുദായസംഘടനകൾക്ക് ഇക്കാര്യത്തിൽ പലതും ചെയ്യാൻ കഴിയും. പക്ഷേ, അവർക്ക് ഇച്ഛാശക്തി നഷ്ടപ്പെട്ടിരിക്കുന്നു. ഉള്ളവന് ആർഭാടമാകുന്നു സ്വന്തം തെളിവ്. പതിനൊന്ന് ആനയുള്ള ദൈവം ആനയില്ലാത്ത മറ്റു ദൈവങ്ങളേക്കാൾ എത്രയോ വലിയവൻ. മത്സരിക്കുന്ന പാവങ്ങൾ പതുക്കെ പാപ്പരായിത്തീരും. അവർക്കു മാത്രമായി മീനിന്റെ വില കുറയുകയുമില്ല. ആർഭാടത്തിനുള്ള ചെലവും മാറുകയില്ല. ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നുവടികൊണ്ട് സാധാരണക്കാരന്റെ ഉയരം കൂട്ടേണ്ടിയിരിക്കുന്നു. സമുദായസ്ഥാപനങ്ങൾക്ക് മാത്രമേ ഇപ്പോൾ ധൂർത്താചാരങ്ങളെ സാമാന്യനിലയിലേക്ക് ഇറക്കിക്കൊണ്ടുവരാൻ കഴിയൂ. ഇത് സർക്കാരിന്റെയോ രാഷ്ട്രീയക്കാരന്റെയോ തട്ടകമല്ല. ആചാരങ്ങളുടെ സ്വത്വവൈകാരിക തലമാകുന്നു. അതുകൊണ്ട് ഇപ്പോൾ നേതൃത്വം വിപരീതങ്ങളെ ആദർശവൽക്കരിക്കണം.

സമ്പൂർണകൃതികൾ-സംസ്കാരം-2

(എം.എൻ. വിജയൻ)

27PHPU

1. "ആദർശത്തിന്റെയും ലാളിത്യത്തിന്റെയും ഊന്നുവടികൊണ്ട് സാധാരണക്കാരന്റെ ഉയരം കൂട്ടേണ്ടിയിരിക്കുന്നു."

   ഈ നിരീക്ഷണത്തിന്റെ സമകാലികപ്രസക്തി ചർച്ച ചെയ്യുക.

2. "കിട്ടും പണമെങ്കിലിപ്പോൾ മനുഷ്യർക്ക്
   ദുഷ്ടത കാട്ടുവാനൊട്ടും മടിയില്ല
   കിട്ടിയതൊന്നും മതിയല്ല പിന്നെയും
   കിട്ടിയാലും മതിയല്ല ദുരാഗ്രഹം"

   *(ധ്രുവചരിതം - കുഞ്ചൻനമ്പ്യാർ)*

- ആർഭാടം ഒരു ഉന്മാദാവസ്ഥയാണ്.
- Beg, Borrow or steal എന്നതാണ് മുദ്രാവാക്യം.

കുഞ്ചൻനമ്പ്യാരുടെ വരികളിലെ ആശയവും ലേഖകന്റെ നിരീക്ഷണവും താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



3. “സമുദായസ്ഥാപനങ്ങൾക്കുമാത്രമേ ഇപ്പോൾ ധൂർത്താചാരങ്ങളെ സാമാന്യനിലയിലേക്ക് ഇറക്കിക്കൊണ്ടുവരാൻ കഴിയൂ.”

*(എം.എൻ. വിജയൻ)*

“അനാവശ്യമായ ധനവ്യയം ഒരു മംഗളകർമ്മത്തിനും പാടില്ല.”

*(ശ്രീനാരായണഗുരു)*

മേൽ കൊടുത്ത പ്രസ്താവനകളും നിങ്ങളുടെ നിരീക്ഷണങ്ങളും ഉൾപ്പെടുത്തി ‘കേരളീയസമൂഹവും ധൂർത്തും’ എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

**പദകോശം**

ഉന്മാദം - സ്വബോധമില്ലായ്മ, സ്വയം മറക്കൽ
സ്വത്വം - തനതുസത്ത, വ്യക്തിത്വം

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





# *വിശ്വം ദീപമയം

മാലുള്ളതാണീ മഹിയെന്നുവെച്ചു
മാഴ്കുന്നതെന്തിന്നു മനുഷ്യരേ! നാം?
തൻസൃഷ്ടിയിൽപ്പെട്ടൊരതിന്നുമീശൻ
സ്ഥാനത്തെ നൽകേണ്ടതു ധർമ്മമല്ലേ?

കൈവിട്ടുപൊയ്പ്പോയ് പകലെന്നുവെച്ചു
കണ്ണീരൊലിപ്പിച്ചൊരു കാര്യമുണ്ടോ?
വരേണ്ടതല്ലേ നിശയും നമുക്കു
വപുസ്സിനുത്ഥാനമുഷസ്സിലേകാൻ?

ഇനൻ പൊലിഞ്ഞാലുഡുപംക്തിയെക്കൊ-
ണ്ടിരുട്ടുതൽക്കാലമകറ്റിയീശൻ
അടഞ്ഞ കൺ നമ്മൾ തുറന്നിടുംമുൻ-
പദ്ദീപമേകുന്നു കൊളുത്തി വീണ്ടും.

---

* *'നവയുഗോദയം' എന്ന കവിതയിൽനിന്നുള്ള വരികൾ*

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വേലയ്ക്കു ദീപപ്രഭയത്ര വേണം;
വിശ്രാന്തികൊള്ളുന്നതിനിത്രപോരും;
അതായിരിക്കാം പൊരുളാപ്രവൃത്തി-
ക്കജൻ ഹിതം മർത്ത്യനറിഞ്ഞു ചെയ്‌വോൻ.

വിളക്കു കത്തിപ്പതിനന്തിയായാൽ
മിന്നാമിനുങ്ങും ത്വരയാർന്നിരിക്കേ,
ദീനത്വമെന്തിന്നു നമുക്കുമാത്രം
തീക്കോലുരയ്ക്കാൻ? തിരിയിൽക്കൊളുത്താൻ?

അല്ലെങ്കിലും സ്വച്ഛവിവേകദീപ-
മകത്തു കത്തുന്നളവേതു ധീരൻ
വിഷാദമേന്തും, വിധി ദൂരെയെങ്ങോ
വിയത്തിൽ മിന്നിച്ച വിളക്കു കെട്ടാൽ?

ഉണർന്നിടാമെന്നു നിനച്ചുതന്നെ-
യുറങ്ങുവാനോർപ്പതു നമ്മളെല്ലാം;
പ്രാദുർഭവിച്ചാൽ മതി,യമ്മഹത്താം
പ്രത്യാശ സർവത്തിലുമൊന്നുപോലെ.

മനസ്സിൽ നൈരാശ്യമെഴുന്നവന്നു
മധ്യാഹ്നവും പ്രത്യഹമർധരാത്രം;
ശുഭം പ്രതീക്ഷിപ്പവനേതു രാവും
സൂര്യാംശുദീപ്തം പകൽപോലെതന്നെ.

കല്പശാഖി
(ഉള്ളൂർ എസ്. പരമേശ്വരയ്യർ)

27YDRH

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- “വിളക്കുകൈവശമുള്ളവനെങ്ങും വിശ്വം ദീപമയം
വെണ്മ മനസ്സിൽ വിളങ്ങിന ഭദ്രനു മേന്മേലമൃതമയം”

*പ്രേമസംഗീതം (ഉള്ളൂർ)*

“മനസ്സിൽ നൈരാശ്യമെഴുന്നവന്നു
മധ്യാഹ്നവും പ്രത്യഹമർധരാത്രം;
ശുഭം പ്രതീക്ഷിപ്പവനേതു രാവും
സൂര്യാംശുദീപ്തം പകൽപോലെതന്നെ.”

ആത്മവിശ്വാസത്തിന്റെ പ്രാധാന്യം വരികളിൽ എങ്ങനെ തെളിയുന്നു. ചർച്ചചെയ്യുക.

- “വിളക്കു കത്തിപ്പതിനന്തിയായാൽ
മിന്നാമിനുങ്ങും ത്വരയാർന്നിരിക്കേ,
ദീനത്വമെന്തിന്നു നമുക്കുമാത്രം
തീക്കോലുരയ്ക്കാൻ? തിരിയിൽക്കൊളുത്താൻ?”

കവി നൽകുന്ന സന്ദേശം വിശകലനം ചെയ്യുക.

- “ശുഭാപ്തിവിശ്വാസമാണ് ജീവിതത്തെ മുന്നോട്ടു നയിക്കുന്നത്.” പാഠഭാഗത്തിലെ ആശയങ്ങൾ ഉൾപ്പെടുത്തി പ്രഭാഷണം തയാറാക്കുക.

## പദകോശം

| | |
|---|---|
| അജൻ | - ഈശ്വരൻ |
| ഇനൻ | - സൂര്യൻ |
| ഉഡുപംക്തി | - നക്ഷത്രക്കൂട്ടം |
| പ്രത്യഹം | - ദിവസംതോറും |
| പ്രാദുർഭവിക്കുക | - പ്രത്യക്ഷമാവുക |
| മഹി | - ഭൂമി |
| മാല് | - ദുഃഖം |
| വിയത്തിൽ | - ആകാശത്തിൽ |
| വിശ്രാന്തി | - വിശ്രമം |

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# ജീവിതം ഒരു പ്രാർഥന



ജീവിതത്തിൽ ഞാൻ വരുത്തിയ ചില ഭരണപരിഷ്കാരങ്ങളെക്കുറിച്ചു പറയാം. അതിലേറ്റവും പ്രധാനം ഈ വീട്ടിലെ സഹായികളുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കിയതാണ്. അന്നമ്മയുള്ള കാലത്ത് വീട്ടിലെ സഹായികളുമായി അങ്ങനെയൊരു ബന്ധം ഞാൻ പുലർത്തിയിരുന്നില്ല. അതിന്റെ ആവശ്യം അന്നു തോന്നിയിരുന്നുമില്ല. സമയത്ത് തീൻമേശയിൽ പോയിരുന്നു ഭക്ഷണം കഴിക്കുക, ആ നേരത്ത് അവരോട് എന്തെങ്കിലും ചോദിച്ചാലായി, അത്രതന്നെ. അവരോട് അന്നമ്മ കാണിച്ച ഹൃദയബന്ധം അത്രയ്ക്കും ആഴമുള്ളതായതുകൊണ്ട് ഇനി എന്റെ കൂടി ആവശ്യമില്ല എന്നെനിക്കു തോന്നിക്കാണണം. ഇക്കാര്യത്തിൽ വേണ്ട ശ്രദ്ധ നൽകാതിരുന്നതിന് എന്റെ ജോലിത്തിരക്കും കാരണമാണ്.

ഞങ്ങളുമായി ബന്ധപ്പെട്ട സഹായികളുടെ വളരെ വ്യക്തിപരമായ കാര്യങ്ങളിൽക്കൂടി അന്നമ്മയുടെ സ്നേഹവും കരുതലും നിറഞ്ഞ ഇടപെടലുകൾ ഉണ്ടായിരുന്നു. അന്നമ്മയുടെ പ്രാർഥനകൾക്കിടയിലായിരുന്നു ഈ സ്നേഹവും കരുതലും അക്ഷരാർഥത്തിൽ പുറത്തുവന്നിരുന്നത്. ഉച്ചത്തിലായിരുന്നു അന്നമ്മ പ്രാർഥിച്ചിരുന്നത്. അതുകൊണ്ടുതന്നെ, സഹായികളിലൊരാളുടെ പനി മാറാൻ പ്രാർഥിക്കുന്നതു കേൾക്കുമ്പോൾ കേൾവിക്കാർക്ക് യാതൊരു അസ്വാഭാവികതയും തോന്നുകയില്ല. മറിച്ച്, സഹായികൾക്കൊപ്പമുള്ള സന്ധ്യാപ്രാർഥനയിൽ ഇങ്ങനെയൊരു പരസ്യ ആവശ്യമാണ് അന്നമ്മയിൽനിന്ന് ദൈവത്തിന് കിട്ടുന്നതെങ്കിലോ? "ദൈവമേ, അവന്റെ കുടി വല്ലാതെ കൂടുന്നുണ്ട്. ഭാര്യയും പിള്ളേരുമെല്ലാം നല്ല വിഷമത്തിലാണ്. അവന്റെ കുടി നിർത്തിക്കണേ, ദൈവമേ...." ഈ പ്രാർഥനയ്ക്കും



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



സാധാരണഗതിയിൽ കുഴപ്പമില്ല; പ്രാർഥനയിൽ പരാമർശിക്കപ്പെട്ട വ്യക്തി അതു കേട്ടുനിൽക്കുന്നില്ലായിരുന്നെങ്കിൽ...! അന്നമ്മയുടെ പ്രാർഥനാരീതിയുടെ മറ്റൊരു ഉദാഹരണം: "ദൈവമേ, ഈ മഴയത്ത് മോട്ടോർസൈക്കിളിൽ പ്രദീപ് വീട്ടിലെത്തുന്നതുവരെ അവനൊരു ആപത്തും വരുത്തല്ലേ..." വൈകുന്നേരം ജോലി കഴിഞ്ഞു വീട്ടിലേക്കു പോയ ഞങ്ങളുടെ സഹായി പ്രദീപിനെക്കുറിച്ച് അന്നത്തെ സന്ധ്യാപ്രാർഥനയിൽ ഓർമ്മിക്കുകയായിരുന്നു അന്നമ്മ. ഇങ്ങനെ ഇത്രയും നിഷ്കളങ്കമായി ദൈവത്തോട് പ്രാർഥിക്കാൻ അധികം പേർക്കു കഴിയില്ലെന്നാണ് എന്റെയൊരു വിശ്വാസം.

* * * *

അന്നമ്മയെപ്പോലെ ഇങ്ങനെ ഉറക്കെ, മനസ്സു തുറന്നു പ്രാർഥിക്കാൻ എന്റെ മിഥ്യാബോധം സമ്മതിച്ചിരുന്നില്ല. അന്നമ്മ പോയ ശേഷം, അടുത്തകാലം മുതലാണ് ഞാനിങ്ങനെ പ്രാർഥിക്കാൻ ശീലിച്ചത്. അപ്പോഴാണ് ഈ പ്രാർഥനയുടെ ലാളിത്യവും സൗന്ദര്യവും അറിഞ്ഞതും. നമുക്കും ദൈവത്തിനുമിടയിൽ മറ്റൊന്നുമില്ലാത്തതുപോലെ ഒരനുഭവം... എല്ലാവരും ഒരുമിച്ചുള്ള സന്ധ്യാപ്രാർഥനയ്ക്കുശേഷം, തീർത്തും സ്വകാര്യമായ എന്തെങ്കിലും പ്രയാസം മനസ്സിലുണ്ടെങ്കിൽ അതു ദൈവത്തോടു മൗനമായി പറയും. പ്രാർഥനയുടെ പടവുകളിലൂടെയാണ് ഞാനിപ്പോൾ ഉറക്കത്തിലേക്കു നടന്നുനീങ്ങുന്നത്.

പ്രാർഥനയിൽ അന്നമ്മയുടെ ഓർമ്മകളുണ്ട്. വേർപാടിന്റെ ഒന്നാം വാർഷികത്തിൽ, അന്നമ്മയുടെ സ്വർണവളകളിൽനിന്ന് നാല് കുരിശുമാലകളുണ്ടാക്കി ഞാൻ മക്കൾക്കു കൊടുത്തു. പ്രാർഥനകളിൽ അവരെപ്പോഴും അന്നമ്മയെ ഓർമ്മിക്കാനായിരുന്നു ആ കുരിശുമാല. അമ്മച്ചിയുടെ ഓർമ്മ ഒപ്പമുണ്ടാകാൻ അപ്പച്ചൻ ഞങ്ങൾക്കു മോതിരമുണ്ടാക്കിത്തന്നതുപോലെ, അന്നമ്മ എന്റെ മക്കളുടെ ഹൃദയത്തോടു ചേർന്ന് എപ്പോഴുമുണ്ടാവട്ടെ....

ഈ വീടും സംഗീതവും പാചകവും സഹായികളുമൊക്കെയായി അന്നമ്മ ഉണ്ടാക്കിയെടുത്ത സ്വകാര്യലോകത്തുനിന്ന് അന്നമ്മ മാത്രം പോയപ്പോൾ കൂടെ കൊണ്ടുപോയത് ആ സുന്ദരലോകം കൂടിയായിരുന്നു. അങ്ങനെയുണ്ടായ ആ ശൂന്യതയിൽനിന്നാണ് ഞാനും വീടിനകത്ത് ഒരു സ്വകാര്യലോകം നിർമ്മിക്കാൻ തുടങ്ങിയത്. അത് സുന്ദരമാക്കാൻ അന്നമ്മയെപ്പോലെ എനിക്കു കഴിയില്ലെന്നുറപ്പ്. എങ്കിലും എനിക്കുമൊന്ന് ശ്രമിച്ചുകൂടേ...? വയസ്സുകൂടുകയാണെനിക്ക്. പരാശ്രയത്തിന്റെ കാലം വരുകയാണെങ്കിൽ ആത്മാർഥതയോടെ ഒപ്പം നിൽക്കാൻ ഇവരുണ്ടാവണമെന്നു തോന്നി. ആത്മാർഥത കൊടുത്താലാണ് തിരിച്ചുകിട്ടുകയെന്നും അറിയാം. അങ്ങനെയാണ് ഈ വീട്ടിൽ എനിക്കൊപ്പമുള്ളവരുമായി അടുത്ത ബന്ധം സ്ഥാപിക്കാൻ ഞാൻ ഒരുങ്ങിയത് (അപ്പച്ചനൊന്നും ഇങ്ങനെയൊരു ബന്ധത്തെക്കുറിച്ച് ചിന്തിക്കാൻ പോലും സാധ്യതയില്ല. അടുക്കളയുമായി ബന്ധപ്പെട്ട ഒരു വകുപ്പാണിതെന്നു കരുതി, സഹായികളുമായുള്ള അകലം കുറയ്ക്കാനൊന്നും ശ്രമിക്കാതെ... അപ്പച്ചനെ അക്കാര്യത്തിൽ കുറ്റം പറയാനുമാവില്ല. അക്കാലത്തിന്റെ തന്നെ രീതിയായിരുന്നല്ലോ അത്).

ഈ വീടും സഹായികളും തമാശകളുടെ വൈകുന്നേരങ്ങളുമൊക്കെയായി ഒരു ലോകം നിർമ്മിക്കപ്പെടുന്നത് അങ്ങനെ സന്തോഷത്തോടെ ഞാൻ തിരിച്ചറിഞ്ഞു. അവർക്കൊപ്പം ഞാൻ പ്രാർഥിക്കാൻ തുടങ്ങി. അവരുടെ ഓരോരുത്തരുടെയും കാര്യങ്ങളിൽ എന്റെ ശ്രദ്ധയും കരുതലും നൽകാൻ തുടങ്ങി. അവരെ കളിയാക്കാൻ തുടങ്ങി. പിന്നെപ്പിന്നെ അവരെന്നെ തിരിച്ചുകളിയാക്കാനും തുടങ്ങി... അതേ, മെല്ലെ മെല്ലെ ഈ വീട്ടിൽ ഞങ്ങളുടേതു മാത്രമായ ഒരു സ്വകാര്യലോകം ഉണ്ടാകുകയായിരുന്നു. എന്റെ ഈ തൊണ്ണൂറുവയസ്സിനിടയിൽ, ഇന്ത്യക്കകത്തും പുറത്തും പല സമ്മേളനങ്ങളിലും അധ്യക്ഷത വഹിക്കേണ്ടതായും പ്രസംഗിക്കേണ്ടതായും വന്നിട്ടുണ്ട്. അപ്പോഴൊക്കെയും, എന്താണ് പറയേണ്ടതെന്നോർത്തു പ്രസംഗത്തിനു മുൻപും, ആവശ്യമില്ലാത്ത വല്ലതും പറഞ്ഞുകാണുമോ എന്നോർത്തു പ്രസംഗത്തിനു ശേഷവും ടെൻഷൻ തോന്നിയിട്ടുണ്ട്. പക്ഷേ, മാനസികപിരിമുറുക്കമില്ലാത്ത യോഗത്തിന്റെ സുഖം ഞാനാദ്യമായി അനുഭവിക്കുന്നത് വീട്ടിലെ സഹായികൾക്കൊപ്പമുള്ള സായാഹ്ന കൂടിയാലോചനായോഗങ്ങളിലൂടെയായിരുന്നു!

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അവരെ ചിരിപ്പിക്കാൻ വേണ്ടിമാത്രം ഞാൻ ചില തമാശകളും പ്രായോഗികഫലിതങ്ങളും ഉണ്ടാക്കാനും തുടങ്ങി. അതിലൊരു തമാശയെക്കുറിച്ചു പറയാനായിരുന്നു ദീർഘമായ ഈ ആമുഖം.

അന്നൊരു മഴദിവസമായിരുന്നു. ഞങ്ങളുടെ സ്വീകരണമുറിയിൽ പതിവുപോലെ ഞാൻ അധ്യക്ഷസ്ഥാനത്ത്. വീട്ടിലെ വിവിധ വകുപ്പുമന്ത്രിമാരെല്ലാം എനിക്കു ചുറ്റും നിൽക്കുന്നു. ഞാൻ ആ സദസ്സിൽ വിഷയമവതരിപ്പിക്കാൻ തുടങ്ങി:

“ഇപ്പോൾ സ്ഥലത്തിനൊക്കെ എന്തൊരു വിലയാണ്! ഈ വീടിനും നല്ല വില കിട്ടുമായിരിക്കും. നമുക്കൊരു കാര്യം ചെയ്യാം. ഈ വീടിനു ചുറ്റും ഇരുമ്പുവേലി കെട്ടണം. നല്ല, വലിയ ഇരുമ്പുതൂണുകൾ കൊണ്ടുവന്നു നാലതിരിലും അടിക്കണം. എന്നിട്ട്...”

ഞാനൊന്നു നിർത്തി. പ്രദീപും അനിയനും ലൈജുവും ആലീസും കുര്യനും സീലുവും കുഞ്ഞുമോനുമൊക്കെ ആകാംക്ഷാഭരിതരായി, എന്നെ നോക്കിയിരിക്കുകയാണ്. ഈ അച്ചായൻ ഇതെന്താണ് ഈ പറഞ്ഞുവരുന്നത് എന്ന ഭാവമാണ് അവരുടെയൊക്കെ മുഖത്ത്. ഇടയ്ക്കൊന്നു നിർത്തി, രസച്ചരടു മുറിച്ചത് അവർക്ക് ഇഷ്ടപ്പെട്ടിട്ടില്ലെന്നു വ്യക്തം. ഞാൻ അടുത്ത വാചകത്തിലേക്കു കടന്നു:

“എന്നിട്ട് ഞാൻ മരിക്കുമ്പോൾ ഈ വീട് എന്റെ ശവപ്പെട്ടിയിൽ കെട്ടിയിട്ടേക്കണം. അങ്ങോട്ടു പോകുമ്പോൾ കൂടെ കൊണ്ടുപോകാനാ... ഇത്രയും വിലയുള്ള സ്ഥലവും വീടും വെറുതെ താഴെയിട്ടേച്ചുപോയാൽ പോകുന്ന സ്ഥലത്ത് എനിക്കു മനസ്സമാധാനം കാണുമോ...!”

തമാശ പറഞ്ഞുനിർത്തി, കൂട്ടച്ചിരി പ്രതീക്ഷിച്ച് ഞാൻ അവരുടെ മുഖത്തേക്കു നോക്കി. പക്ഷേ, അവരിലൊരാൾ സ്നേഹംകൊണ്ട് ആ തമാശയെ ഇല്ലാതാക്കിയതു കേൾക്കണോ:

“അങ്ങനെ അച്ചായൻ മാത്രം ഈ വീടുമായി തനിച്ചങ്ങനെ പോവണ്ട. പോവുമ്പോൾ ഓരോ മുറിയിലും ഞങ്ങളും കയറിനിൽക്കാം. മുകളിൽ ഞങ്ങളില്ലാതെ പോയാൽ അച്ചായൻ ബുദ്ധിമുട്ടിപ്പോകും.”

അവർക്ക് എന്നോടുള്ള സ്നേഹത്തിന്റെ ആ പ്രകാശം എന്നെ വല്ലാതെ സ്പർശിച്ചു. സ്നേഹത്തിന്റെ നടുവിൽ ഇരിക്കുന്നതുപോലെയുള്ള ഒരു സ്വസ്ഥതയും സന്തോഷവും മനസ്സിലുണ്ടായി.

ഒരു തമാശ ചെന്നെത്തിയ സ്ഥലം നോക്കണേ! ചില തമാശകൾ ഇങ്ങനെയാണ്. അപ്രതീക്ഷിതമായ ചില പ്രതികരണങ്ങൾകൊണ്ട് അവ തമാശയല്ലാതാവുന്നു. അല്ലെങ്കിൽ ഞാനവരോടു പറഞ്ഞത് ഒരു തമാശയല്ലായിരിക്കാം.

എന്തു നേടിയിട്ടും ഒടുവിൽ അവയൊന്നും കൂടെയില്ലാത്ത അവസ്ഥയിലേക്ക് എത്തുന്നത് മനുഷ്യന്റെ വിധിയാണ്. എല്ലാവരും മരിക്കുമ്പോൾമാത്രം എത്തുന്ന ആ അവസ്ഥയിലേക്കു ചിലർ മാത്രം ജീവിച്ചിരിക്കുമ്പോൾത്തന്നെ എത്തുന്നു; എന്റെ അപ്പച്ചനെപ്പോലെ. നിരണം എന്ന കുഗ്രാമത്തിൽനിന്നു നടന്നുചെന്ന്, ദക്ഷിണേന്ത്യയിലെ വലിയ വ്യവസായികളിലൊരാളായി മാറിയ അദ്ദേഹത്തെ, ഞങ്ങളുടെ ജീവിതകഥയുടെ ഒരു ഘട്ടത്തിൽ വിധി എവിടെക്കൊണ്ടെത്തിച്ചുവെന്നു കണ്ടല്ലോ...! ഉണ്ടാക്കിയ സമ്പത്തെല്ലാം നഷ്ടപ്പെട്ട്, ഉറ്റവരിൽനിന്നു പിരിഞ്ഞ്, സ്വജനങ്ങളാൽ പരിത്യജിക്കപ്പെട്ട്, സമൂഹത്തിനു മുന്നിൽ അപമാനിക്കപ്പെട്ട് പൂജപ്പുരയിലെ ആ ജയിൽമുറിയിൽ... നഷ്ടപ്പെട്ടുപോയതെല്ലാം പിന്നീടു വാശിയോടെ നേടിയെടുക്കാനായെങ്കിലും ആ പതനകാലം സമ്പത്തിന്റെ വ്യർഥത ഞങ്ങളെ ബോധ്യപ്പെടുത്തിത്തന്നു. കൊടുംവർഷത്തിൽ കടൽ കരയെടുക്കുന്നതുപോലെ, എപ്പോൾ വേണമെങ്കിലും നഷ്ടപ്പെട്ടുപോയേക്കാവുന്നതാണ് ഭൗതികസമ്പാദ്യങ്ങളത്രയും എന്ന തിരിച്ചറിവ് അങ്ങനെ യൗവനാരംഭത്തിൽത്തന്നെ എനിക്കു കിട്ടി. ആ അറിവ് പിന്നീടുള്ള യാത്രകളിലൊക്കെയും വഴിവിളക്കാവുകയും ചെയ്തു.

എട്ടാമത്തെ മോതിരം
(കെ.എം. മാത്യു)



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- അവർക്ക് എന്നോടുള്ള സ്നേഹത്തിന്റെ പ്രകാശം എന്നെ വല്ലാതെ സ്പർശിച്ചു. സ്നേഹത്തിന്റെ നടുവിൽ ഇരിക്കുന്നതുപോലെയുള്ള ഒരു സ്വസ്ഥതയും സന്തോഷവും മനസ്സിലുണ്ടായി.

  ഇതുപോലെ നിങ്ങൾക്കുണ്ടായ ഒരനുഭവം ആത്മകഥാരൂപത്തിൽ ആവിഷ്കരിക്കുക.

- 'ജീവിതം ഒരു പ്രാർഥന' എന്ന പാഠഭാഗം വിശകലനം ചെയ്ത് ആത്മകഥാസാഹിത്യത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

സൂചനകൾ

- ഭാഷാപരമായ പ്രത്യേകതകൾ
- ആഖ്യാനസവിശേഷതകൾ
- ജീവിതവീക്ഷണം
- സാമൂഹികാവസ്ഥകളെക്കുറിച്ചുള്ള സൂചനകൾ

- പദങ്ങളിൽനിന്നുണ്ടാക്കുന്ന മറ്റു പദങ്ങൾ നോക്കുക.

  നിരാശ - നൈരാശ്യം
  ലളിതം - ലാളിത്യം

  ഇത്തരത്തിലുള്ള പദങ്ങൾ കണ്ടെത്തി പട്ടികയാക്കുക.

## ഞാൻ എന്നെക്കുറിച്ച്

| | ഉണ്ട് | മെച്ചപ്പെടണം |
|---|---|---|
| • നോവൽ വായിച്ച് അവയുടെ ആഖ്യാനസവിശേഷതകളും സൗന്ദര്യാംശങ്ങളും തിരിച്ചറിയാൻ കഴിയുന്നു. | | |
| • ഉപന്യാസം വായിച്ച് ആശയങ്ങൾ സ്വാംശീകരിക്കാനും ആസ്വദിക്കാനും കഴിയുന്നു. | | |
| • ആത്മകഥ, ജീവചരിത്രം എന്നിവയുടെ രചനാപരമായ സവിശേഷതകൾ തിരിച്ചറിയാനും സമാനമായ ലഘുരചനകൾ നടത്താനും ശേഷി നേടുന്നു. | | |
| • കവിതകൾ വായിച്ചാസ്വദിക്കുന്നു. അവയുടെ ആശയം, ഭാഷ, ചമൽക്കാര ഭംഗി എന്നിവ വിശകലനം ചെയ്ത് ലഘുനിരൂപണങ്ങൾ നടത്തുന്നു. | | |
| • രചനകൾ ആശയപരമായും രൂപപരമായും എഡിറ്റ് ചെയ്ത് മെച്ചപ്പെടുത്താൻ കഴിയുന്നു. | | |
| • കവിതകൾ വായിക്കാൻ താൽപ്പര്യം ജനിക്കുന്നു. | | |
| • ലഘുനാടകങ്ങൾ രചിക്കാനും അതു സംഘമായി അഭിനയിക്കാനും കഴിയുന്നു. | | |

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



എഴുത്തുകാരെ അറിയുക



## എൻ.പി. മുഹമ്മദ്

**(1928–2003)**

കോഴിക്കോട് ഇടിയങ്ങരയിൽ ജനനം. സ്വാതന്ത്ര്യസമരസേനാനി എൻ.പി. അബുവിന്റെ പുത്രൻ. പത്രപ്രവർത്തകനും എഴുത്തുകാരനും. മരം, ഹിരണ്യകശിപു, എണ്ണപ്പാടം, ദൈവത്തിന്റെ കണ്ണ് (നോവലുകൾ); നല്ലവരുടെ ലോകം, തൊപ്പിയും തട്ടവും, പ്രസിഡന്റിന്റെ ആദ്യത്തെ മരണം, ലൗ ഇൻ കുണ്ടുങ്ങൽ (ചെറുകഥകൾ); പുകക്കുഴലും സരസ്വതിയും, വീരരസം സി.വി. കൃതികളിൽ (നിരൂപണം). 'എണ്ണപ്പാട'ത്തിന് കേരള സാഹിത്യ അക്കാദമി അവാർഡും 'ദൈവത്തിന്റെ കണ്ണി'ന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു.



## എം.എൻ. വിജയൻ

**(1930–2007)**

കൊടുങ്ങല്ലൂരിനടുത്ത് ലോകമല്ലേശ്വരത്ത് ജനിച്ചു. അധ്യാപകൻ, നിരൂപകൻ, പ്രഭാഷകൻ എന്നീ നിലകളിൽ സാംസ്കാരികരംഗത്തു നിറഞ്ഞുനിന്നു. പതിനഞ്ചാം വയസ്സിൽ 'ആധ്യാത്മികവിപ്ലവം' എന്ന ആദ്യലേഖനം പ്രസിദ്ധീകരിച്ചു. വൈലോപ്പിള്ളി, കേസരി എ. ബാലകൃഷ്ണപിള്ള, വൈക്കം മുഹമ്മദ് ബഷീർ എന്നിവരെക്കുറിച്ച് മൗലികമായ പഠനങ്ങൾ നടത്തി. ചിതയിലെ വെളിച്ചം, മരുഭൂമികൾ പൂക്കുമ്പോൾ, കവിതയും മനശ്ശാസ്ത്രവും, ശീർഷാസനം, എം.എൻ. വിജയൻ സമ്പൂർണകൃതികൾ എന്നിവ ഉൾപ്പെടെ മുപ്പതിലേറെ കൃതികൾ രചിച്ചു.



## കെ.എം. മാത്യു

**(1917–2010)**

ആലപ്പുഴയിൽ ജനിച്ചു. പ്രമുഖ പത്രപ്രവർത്തകനും പത്രവ്യവസായിയും. മലയാള മനോരമയുടെ ചീഫ് എഡിറ്ററായിരുന്നു. പി.ടി.ഐ., ഇന്ത്യൻ ന്യൂസ്പേപ്പർ സൊസൈറ്റി തുടങ്ങിയവയുടെ നായകത്വം വഹിച്ചിട്ടുണ്ട്. 1998ൽ പദ്മഭൂഷൺ നൽകി ആദരിച്ചു.

അന്നമ്മ, എട്ടാമത്തെ മോതിരം (ആത്മകഥ) എന്നിവയാണ് കൃതികൾ.



## ഉള്ളൂർ എസ്. പരമേശ്വരയ്യർ

**(1877–1949)**

ചങ്ങനാശ്ശേരിയിൽ ജനനം. മഹാകവി, സാഹിത്യചരിത്രകാരൻ, ഗവേഷകൻ, നിരൂപകൻ, പത്രാധിപർ, തിരുവിതാംകൂർ ഗവൺമെന്റിലെ ദിവാൻ പേഷ്കാർ തുടങ്ങിയ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. ഉമാകേരളം (മഹാകാവ്യം), കേരളസാഹിത്യചരിത്രം (5 ഭാഗങ്ങൾ), കർണഭൂഷണം, പിംഗള, ചിത്രശാല, താരാഹാരം, തരംഗിണി, കല്പശാഖി, അമൃതധാര, അംബ മുതലായവ പ്രധാന കൃതികൾ.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

കേരളപാഠാവലി

# മലയാളം

## ഭാഗം 2

സ്റ്റാൻഡേർഡ്

IX

കേരളസർക്കാർ

പൊതുവിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2019

NT-803-1-MALAYALAM-9-AT-VOL.2

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala.
website : www.scert.kerala.gov.in
email : scertkerala@gmail.com
phone : 0471-2341883, Fax : 0471-2341869
Printed at : KBPS, Kakkanad, Kochi-30

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

പ്രിയ വിദ്യാർഥികളേ,

ഒരു ജനതയ്ക്ക് കരുത്തും ആത്മവിശ്വാസവും നൽകുന്നതിൽ മാതൃഭാഷയ്ക്ക് നിർണായകമായ പങ്കുണ്ട്. മലയാളം നമ്മുടെ അഭിമാനവും സ്വത്വത്തിന്റെ അടയാളവുമാണ്. മഹത്തായ ഒരു സാഹിത്യസമ്പത്തും വിജ്ഞാനസമ്പത്തും നമ്മുടെ മാതൃഭാഷയായ മലയാളം ഉൾക്കൊള്ളുന്നു. അതിന് അവകാശികളായിത്തീരാൻ നമുക്ക് പ്രയത്നിക്കാം.

സ്വതന്ത്രമായ വായനയ്ക്കും ചിന്തയ്ക്കും സർഗാത്മകാവിഷ്കാരങ്ങൾക്കും പാഠപുസ്തകത്തിൽ ഒട്ടേറെ അവസരങ്ങൾ ഒരുക്കിയിട്ടുണ്ട്. ഭാഷയുടെ പ്രയോഗസാധ്യതകൾ മനസ്സിലാക്കാനും രചനകളിൽ ഏർപ്പെടാനുമുള്ള ധാരാളം പഠനാനുഭവങ്ങൾ ക്ലാസ്മുറികളിൽനിന്ന് നേടണം. കാലികമായ മെച്ചപ്പെടുത്തലുകളോടെ പ്രസിദ്ധീകരിക്കുന്ന ഈ പാഠപുസ്തകം പുതിയ അനുഭവങ്ങളും അനുഭൂതികളും പകരട്ടെ.

സ്നേഹാശംസകളോടെ,

**ഡോ. ജെ. പ്രസാദ്**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# ഭാരതത്തിന്റെ ഭരണഘടന

## ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്:**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സംസ്കാരസമന്വയത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# ഉള്ളടക്കം

4 പാരിന്റെ നന്മയ്ക്കത്രേ... 71

- കാളകൾ ........ 72
- സാക്ഷി ........ 76
- രണ്ട് ടാക്സിക്കാർ ........ 85

5 തുടിതാളം തേടി... 93

- അമ്പാടിയിലേക്ക് ........ 94
- തേൻവരിക്ക ........ 98
- മതിലേരിക്കന്നി ........ 105

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മിഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപത്കരമായ ജോലികളിൽ നിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽ നിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

### നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

ബന്ധപ്പെടേണ്ട വിലാസം:

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**
'ശ്രീ ഗണേഷ്', റ്റി.സി. 14/2036, വാൻറോസ് ജംഗ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം-34, ഫോൺ: 0471-2326603
ഇ-മെയിൽ: childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ്: www.kescpcr.kerala.gov.in

**ചൈൽഡ് ഹെൽപ്പ്ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ - 1800 425 1400**
**കേരള പോലീസ് ഹെൽപ്പ് ലൈൻ - 0471 - 3243000/44000/45000**


*online **R.T.E Monitoring: www.nireekshana.org.in***

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# 4

# പാരിന്റെ നന്മയ്ക്കത്രേ...



ഞാൻ നിങ്ങൾക്കൊരു മാന്ത്രികസൂക്തം തരാം. നിങ്ങൾ സംശയഗ്രസ്തരാകുമ്പോഴോ അഹന്ത നിങ്ങളിൽ അതിരുകവിയുമ്പോഴോ ഈ ഒരു ഉപായം പരീക്ഷിച്ചുനോക്കിയാൽ മതി.

നിങ്ങൾ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും ദരിദ്രനായ, നിസ്സഹായനായ മനുഷ്യന്റെ മുഖം സങ്കൽപ്പിച്ചുനോക്കുക. എന്നിട്ട് നിങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾക്ക് ഏതെങ്കിലും രീതിയിൽ പ്രയോജനപ്പെടുമോ എന്ന് സ്വയം ചോദിച്ചുനോക്കുക. അതുകൊണ്ട് അയാൾക്ക് എന്തെങ്കിലും നേട്ടമുണ്ടാകുമോ? അതയാൾക്ക് അയാളുടെ ജീവിതഭാഗധേയങ്ങളുടെ മേൽ എന്തെങ്കിലും ഒരു നിയന്ത്രണം ഉണ്ടാക്കിക്കൊടുക്കുമോ? മറ്റൊരു രീതിയിൽ പറഞ്ഞാൽ, നമ്മുടെ നാട്ടിൽ ആധ്യാത്മികമായും ശാരീരികമായും പട്ടിണികിടക്കുന്ന കോടിക്കണക്കിന് ആളുകൾക്ക് സ്വരാജ്യം നേടുന്നതിന് അത് സഹായകമാകുമോ?

അപ്പോൾ സംശയങ്ങളില്ലാതാകുന്നതായും അഹന്ത അലിഞ്ഞുപോകുന്നതായും നിങ്ങൾക്ക് അനുഭവപ്പെടും.

ഗാന്ധിസാഹിത്യസംഗ്രഹം (ഗാന്ധിജി)

വികസനത്തെക്കുറിച്ചുള്ള പുതിയ കാലത്തെ സങ്കൽപ്പങ്ങൾ ഗാന്ധിജിയുടെ ഈ ആശയത്തോട് ബന്ധപ്പെടുത്തി ചർച്ചചെയ്യുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# കാളകൾ



**തോ**ളത്തു ഘനം തൂങ്ങും വണ്ടിതൻ തണ്ടും പേറി-
ക്കാളകൾ മന്ദം മന്ദമിഴഞ്ഞു നീങ്ങീടുമ്പോൾ
മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി-
ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി.
തോളുകൾ കുനിഞ്ഞിട്ടുണ്ടവന്നും, സ്വജീവിത-
നാളുകൾ തൽകണ്ഠത്തിലേറ്റിയ നുകം പേറി.
കാലുകൾ തേഞ്ഞിട്ടുണ്ടിന്നവന്നും നെടുനാള-
ക്കാലത്തിൻ കരാളമാം പാതകൾ താണ്ടിത്താണ്ടി.
ദുർവിധി കുടിച്ചെന്നും മിഴിനീർ വറ്റിക്കയാൽ
നിർവികാരങ്ങളാണാക്കണ്ണുകൾ നിർജീവങ്ങൾ.
മന്നിന്റെ നിലയ്ക്കാത്ത പ്രഹരം സഹിക്കയാൽ
പുണ്ണുകൾ പടർന്നിട്ടുണ്ടവന്നും കരൾക്കാമ്പിൽ.
ഒട്ടേറെക്കാലം മുമ്പിലച്ചെറുപഞ്ഞക്കുടിൽ-
ത്തൊട്ടിലിൽ കൈക്കുഞ്ഞായിപ്പിറന്ന കാലം മുതൽ,
ലക്ഷ്യമെ,ങ്ങറിയാതെ, മൃത്യുവിൻ ഭയാനക-
ശിക്ഷയിൽബ്ഭയം പൂണ്ടു കാൽക്ഷണം പതറാതെ,
ജീവിതം കയറ്റിയോരുൽക്കടബ്ഭാരം തിങ്ങു-
മാവണ്ടി വലിക്കയാണിസ്സാധു നാളിൽ നാളിൽ!
ഗ്രാമവീഥിയിൽ, നേരം വെളുക്കെ,ക്കുടം പേറി,
ത്താമരക്കുളം നോക്കിക്കന്യമാർ ഗമിക്കുമ്പോൾ,
പുഞ്ചയ്ക്കു വെള്ളം തേവും കൃഷിക്കാർതൻ ശുദ്ധമാം
നെഞ്ചുകൾ സംഗീതമായ് ചുറ്റിലും ചുറ്റീടുമ്പോൾ,
ഉച്ചയ്ക്കു വഴിവക്കിൽപ്പേരാലിൻ ചുവട്ടിലായ്
സ്വച്ഛനിദ്രയിൽ മുങ്ങിപ്പഥികർ ശയിക്കുമ്പോൾ;
ചാഞ്ഞിടും കരിക്കൊടിവള്ളിയിലൂഞ്ഞാലാടി-
ക്കാഞ്ഞിരമരത്തോപ്പിൽ തത്തകൾ ചിലയ്ക്കുമ്പോൾ,



Downloaded from https:// www.studiestoday.com


Downloaded from https:// www.studiestoday.com



അന്തിയിൽ, വിഷക്കാവിൽ, വെളിച്ചമകറ്റുവാൻ
ദുർമ്മന്ത്രവാദം ചെയ്യും മൂങ്ങകൾ മൂളീടുമ്പോൾ,
അകലെക്കുന്നിൻമോളിൽ, രാത്രിതൻ ഗുഹകളെ-
യലറും തെണ്ടിപ്പട്ടി'യോളി'യാൽ നിറയ്ക്കുമ്പോൾ
കണ്ടിടാറുണ്ടു ഞാനാക്കിഴവൻ വണ്ടിക്കാരൻ
വണ്ടിയും തെളിച്ചുകൊണ്ടങ്ങിങ്ങു ചരിപ്പതായ്.
മിണ്ടുകില്ലൊന്നും തന്നെ മിഴിയും ചുണ്ടും; വണ്ടി-
ത്തണ്ടിന്റെ ദയാർഹമാം ഞരക്കം മാത്രം കേൾക്കാം.
കാളകൾ ചരിക്കുന്നു മന്ദമായ്; 'ത്തെളിക്കുന്ന
കാള'യും ചലിക്കുന്നിതാവിധമെന്നും തന്നെ!
ഒട്ടേറെയപൂർവമായ്ക്കേട്ടിടാം, വണ്ടിക്കാരൻ -
ചാട്ടവാറുലയ്ക്കവേ മൂളുന്ന പാട്ടൊന്നേവം:
"നാടകമേ....യുലകം; നാളെ, നടപ്പതേ -
യാരറിവാർ - ഒരു നാടകമേ....യുലകം!"
ഒരു നാൾ ഗ്രാമവീഥി തന്നിലായ്ക്കണ്ടൂ ഞാനെൻ
കരളു നടുങ്ങവേയിമ്മട്ടാമൊരു രംഗം:
നാലുപേർ - അല്ലാ - നാലു കാളകൾ - പഴന്തുണി
മൂടിയ മരക്കട്ടിൽ പേറി മുന്നേറീടുന്നു!
കട്ടിലിൽ - ത്തുണിക്കുള്ളിൽക്കിടപ്പൂ തൻ ചൈതന്യം
വറ്റിയ 'വണ്ടിക്കാള'- പണ്ടത്തെ വണ്ടിക്കാരൻ!
കണ്ണുനീർ ചൊരിഞ്ഞീലാ ചുറ്റിലും മിത്രാദികൾ;
വിണ്ണിലായ് വിഷാദത്തിൻ വിലാപം പടർന്നീലാ.
തോളത്തു ഘനം തൂങ്ങും കട്ടിലും പേറിക്കൊണ്ടു
കാളകൾ നാലും മാത്രമിഴഞ്ഞു മുന്നേറുന്നു.

ഓർക്കുക വല്ലപ്പോഴും (പി. ഭാസ്കരൻ)

23D4JR



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



"മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി-
ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി"

വണ്ടിക്കാരനെ മറ്റൊരു വണ്ടിക്കാള എന്നു വിളിക്കാൻ കാരണമെന്ത്? ചർച്ചചെയ്യുക.

'കരിക്കൊടിവള്ളിയിലൂഞ്ഞാലാടുന്ന തത്ത'
'മന്ദം മന്ദമിഴഞ്ഞു നീങ്ങുന്ന കാള'
'താമരക്കുളം നോക്കി ഗമിക്കുന്ന കന്യമാർ'

ജീവിതത്തിന്റെ ചലനാത്മകത ദൃശ്യമാക്കുന്ന സൂചനകളാണിവ.
ഈ ചലനാത്മകതയെ കവിതയുടെ പ്രമേയവുമായി ബന്ധപ്പെടുത്തി ചർച്ചചെയ്യുക.

"അന്തിയിൽ, വിഷക്കാവിൽ വെളിച്ചമകറ്റുവാൻ
ദുർമ്മന്ത്രവാദം ചെയ്യും മൂങ്ങകൾ മൂളീടുമ്പോൾ
അകലെക്കുന്നിൻമോളിൽ, രാത്രിതൻ ഗുഹകളെ-
യലറും തെണ്ടിപ്പട്ടി'യോളി'യാൽ നിറയ്ക്കുമ്പോൾ"

ഈ അന്തരീക്ഷസൃഷ്ടി കവിതയുടെ ഭാവവുമായി എങ്ങനെ ഇണങ്ങിച്ചേരുന്നു? വിശകലനം ചെയ്യുക.

- "നാലുപേർ-അല്ലാ-നാലു കാളകൾ, പഴന്തുണി
  മൂടിയ മരക്കട്ടിൽ പേറി മുന്നേറീടുന്നു!
  കട്ടിലിൽത്തുണിക്കുള്ളിൽക്കിടപ്പൂ തൻ ചൈതന്യം
  വറ്റിയ 'വണ്ടിക്കാള'-പണ്ടത്തെ വണ്ടിക്കാരൻ!"

- "തോളത്തു ഘനം തൂങ്ങും കട്ടിലും പേറിക്കൊണ്ടു
  കാളകൾ നാലും മാത്രമിഴഞ്ഞു മുന്നേറുന്നു."

– ഈ വരികളിൽ തെളിയുന്ന കാളകളെക്കുറിച്ച്, അല്ലെങ്കിൽ മനുഷ്യനെക്കുറിച്ച് കവിക്കുള്ള കാഴ്ചപ്പാട് എന്താണ്? ചർച്ചചെയ്യുക.

- "പുഞ്ചയ്ക്കു വെള്ളം തേവും കൃഷിക്കാർതൻ ശുദ്ധമാം
  നെഞ്ചുകൾ സംഗീതമായ് ചുറ്റിലും ചുറ്റീടുമ്പോൾ"

*കാളകൾ (പി. ഭാസ്കരൻ)*

"പാടത്തുപോയ് പാംസുലപാദചാരി
കൃഷീവലൻ വേലതുടങ്ങി നൂനം
സോത്സാഹമായ് കാലികളെത്തെളിക്കു-
മവന്റെ താരസ്വരമുണ്ടു കേൾപ്പൂ"

*ഗ്രാമീണകന്യക (കുറ്റിപ്പുറത്ത് കേശവൻനായർ)*

തൊഴിലിനോടുള്ള ആത്മസമർപ്പണം ഈ രണ്ടു കാവ്യഭാഗങ്ങളിലും കാണാനാവും. ഇന്ന് തൊഴിൽരംഗത്ത് സമർപ്പണവും മൂല്യബോധവും നിലനിൽക്കുന്നുണ്ടോ? ഈ വിഷയത്തെ ആസ്പദമാക്കി മുഖപ്രസംഗം തയാറാക്കുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- “ലോകമേ തറവാടു തനിക്കീ,ച്ചെടികളും
  പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ”
  *എന്റെ ഗുരുനാഥൻ (വള്ളത്തോൾ)*

മുകളിൽ കൊടുത്ത വരികൾ ‘കേക’ വൃത്തത്തിലാണ് രചിച്ചിരിക്കുന്നത്. ഇതേ വൃത്തത്തിലാണ് ‘കാളകൾ’ എന്ന കവിതയും. രണ്ടു കവിതകളും ഭാവപൂർണതയോടെ ചൊല്ലി അവതരിപ്പിക്കുക.

- • “കേവലമൊരു കാലിച്ചെറുക്കൻ ഞാനെന്നിട്ടും
  കേശവാ, നീയെന്തെന്നെയിത്രമേൽ സ്നേഹിക്കുവാൻ”
  *ഓർമ്മയ്ക്കു താലോലിക്കാൻ (യൂസഫലി കേച്ചേരി)*

  • “വായനക്കാർക്കിഷ്ടമാണെങ്കിൽ സങ്കൽപ്പ-
  വായുവിമാനത്തിലേറിയാലും
  പ്രീതരായ് സഞ്ചാരം ചെയ്യാം നമുക്കൽപ്പം
  ഭൂതകാലാകാശവീഥിയിങ്കൽ”
  *കിളിക്കൊഞ്ചൽ (വള്ളത്തോൾ)*

  • “പാതിരാക്കോഴി വിളിപ്പതും കേൾക്കാതെ
  പാടത്തു പുഞ്ചയ്ക്കു തേവുന്നു രണ്ടുപേർ”
  *പടയാളികൾ (വൈലോപ്പിള്ളി)*

കവിതാഭാഗങ്ങൾ താളത്തിൽ ചൊല്ലിനോക്കൂ. എന്തെങ്കിലും വ്യത്യാസം കണ്ടെത്താനായോ? എന്തുകൊണ്ട്? വിശദമാക്കുക.

23LZLE 23VVN2

**പദകോശം**

| | |
|---|---|
| ആകാരം | - രൂപം |
| ഉൽക്കടം | - വർധിച്ച |
| ഓളി | - ഓരി, കൂവൽ |
| കരാളം | - ഭയങ്കരം |
| ഘനം | - ഭാരം |
| പഞ്ഞം | - ക്ഷാമം |
| പുഞ്ചക്കൃഷി | - മേടമാസത്തിലെ കൃഷി |
| പ്രഹരം | - അടി |
| മന്ന് | - ഭൂമി |
| വിഷക്കാവ് | - സർപ്പക്കാവ് |
| സ്വച്ഛം | - സുഖമുള്ള, തെളിഞ്ഞ |

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com







# സാക്ഷി

അവരെ കാണാൻ തുടങ്ങിയപ്പോഴേ അയാൾക്കു തോന്നി, ദേശാടകയാണ്. ഇവിടത്തുകാരിയല്ല. മുഖത്തെ ഉദ്വേഗവും ക്ഷമാശീലവുമാണ് അയാളെ ക്ഷോഭിപ്പിച്ചത്. ഇത്രമാത്രം അനാസ്ഥയിലാണോ ഈ ഓഫീസ്. ശിപായിയെ വിളിച്ചു:

"കുറേ ദിവസമായല്ലോ ആ സ്ത്രീ തിണ്ണയിൽ ഇരിക്കാൻ തുടങ്ങിയിട്ട്. ആരും ശ്രദ്ധിക്കുന്നില്ലേ? അവരോട് വരാൻ പറയൂ."


അവർ വന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





"അഞ്ചാറു ദിവസമായല്ലോ ഈ തിണ്ണയിൽ ഇരിക്കാൻ തുടങ്ങിയിട്ട്. എന്താ കാര്യം?"

"എനിക്കൊരു മാര്യേജ് സർട്ടിഫിക്കറ്റ് വേണം."

"അതിനു മാര്യേജ് ഇവിടെ റജിസ്റ്റർ ചെയ്തിട്ടുണ്ടോ?"

"എല്ലാവരും ഇങ്ങനെ ഒഴിഞ്ഞു പറഞ്ഞാലോ? സാറാണ് ഞങ്ങളെ അനുഗ്രഹിച്ചത്."

"ക്ഷമിക്കണം, ഓർമ്മവരുന്നില്ല."

"അമ്പലത്തിൽ വച്ചാണു കെട്ട് നടന്നത്. അവിടെ കല്യാണത്തിന് ഒരു രേഖയും കാണില്ല. ഈ ടൗൺഷിപ്പ് ഓഫീസിൽ വന്നാണു മാര്യേജ് റജിസ്റ്റർ ചെയ്തത്. ഓണക്കാലമായിരുന്നു. ഈ ഓഫീസിലെ എല്ലാവർക്കും ഓണ സദ്യയും തന്നിരുന്നു."

അയാൾക്കെല്ലാം നന്നായി ഓർമ്മവരുന്നു. ഈ ഓഫീസിലാകെ വെട്ടിത്തിളങ്ങി നിന്ന നവ വധൂവരന്മാർ.

"ഗുജറാത്തിൽ എവിടെയോ ജോലിയായിരുന്നില്ലേ?"

"അതെ, ജാംനഗറിൽ."

"പേരു മറന്നു?"

"എന്റെ പേര് ഉമ. ഭർത്താവിന്റെ പേര് പരമേശ്വരൻ. സാറ് അന്ന് ഒരു സംസ്കൃതശ്ലോകം ചൊല്ലിക്കൊണ്ട്, 'ഇന്നുവരെ ലോകം കണ്ട ഏറ്റവും ഐഡിയൽ കപ്പിൾസ്' എന്നാണു പറഞ്ഞ ത്."

അപ്പോഴും അയാൾ അതുതന്നെ ഓർത്തു- പരമേശ്വരന്റെ തപസ്സ്? ഉമാമുഖം കണ്ണുകളാൽ നുകർന്ന്. ഏതാണു ചൊല്ലിയ സംസ്കൃത ശ്ലോകമെന്ന് ഓർക്കുന്നില്ല.

പക്ഷേ, അന്നത്തെ ചിരിക്കുടുക്കയായ ഉമ ഇന്നിങ്ങനെ ഒരവസ്ഥയിലെത്തി! ഒരു സിറിഞ്ച് വച്ചു വലിച്ചെടുത്തതുപോലെ അവൾ ഉണങ്ങിയിരുന്നു. വസ്ത്രങ്ങൾ പോലും ഓജസ്സറ്റിരിക്കുന്നു. വൈധവ്യത്തിന്റെ വിളർച്ച?

"ഞാൻ സർട്ടിഫിക്കറ്റ് തയാറാക്കിവച്ചിരുന്നല്ലോ. രാവിലെ വന്നു വാങ്ങാമെന്നു പറഞ്ഞതല്ലേ?"

"ആകെ തിരക്കിലായിരുന്നു. നിറയെ കുടുംബസൽക്കാരങ്ങളും. അന്നതിന്റെ ആവശ്യം തോന്നിയതുമില്ല."

"ഇപ്പോൾ ഇത്ര അത്യാവശ്യം വന്നത്?"

"കോടതിയിൽ ഹാജരാക്കാനാണ്. മുപ്പത്തിയൊന്നാം തീയതിയാണു കേസ്. ഈ സർട്ടിഫിക്കറ്റ് മാത്രമേ ഇനി രക്ഷയുള്ളൂ. സാക്ഷിത്തെളിവൊന്നും ശരിയായില്ല."

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അയാൾ ഓർത്തു- മരിച്ച ഭർത്താവിന്റെ എന്തെങ്കിലും ക്ലെയിംസിന്റെ കേസായിരിക്കും.

"ഇനി കേസ് ഒരിക്കലും നീട്ടില്ല. ഈ സർട്ടിഫിക്കറ്റ് മാത്രം ഹാജരാക്കിയാൽ മതി."

ഏറിയ ദുഃഖത്തോടെയാണ് അവൾ അതു പറഞ്ഞത്.

"ഇങ്ങനെ ഒരു കേസ് വരാൻ കാരണം? മറ്റാരെങ്കിലും ക്ലെയിമെന്റ്സ് ഉണ്ടോ?"

ചോദിച്ചത് ഒട്ടും മനസ്സിലാകാതെ അവൾ മിഴിച്ചു നിന്നു.

"സാറ് എന്റെ കാര്യങ്ങൾ ഒന്നും അറിഞ്ഞിരിക്കാൻ ഇടയില്ല. ഇതു മേട്രിമോണിയൽ കോടതിയിലെ കേസാണ്. കേസിൽ എന്റെ ഭർത്താവ് അവിടത്തെ ഏറ്റവും വലിയ വക്കീലിനെവച്ചു വാദിക്കുന്നത്, ഞാൻ അയാളുടെ ഭാര്യയേ അല്ല, നിയമാനുസൃതം അങ്ങനെ ഒരു വിവാഹം നടന്നിട്ടില്ലെന്നാണ്." അയാൾക്കെല്ലാം അവിശ്വസനീയമായി. അന്ന് ഇവിടെ വിവാഹം റജിസ്റ്റർ ചെയ്യാൻ വന്ന നിമിഷങ്ങൾ. എന്തുമാത്രം ഒത്തിണങ്ങിയവർ; പക്വത വന്നവരും. കുറഞ്ഞ കാലംകൊണ്ടുതന്നെ അതിന്റെയെല്ലാം കണ്ണികളറ്റെന്നോ!

"എന്തേ, ഇങ്ങനെയൊക്കെ സംഭവിക്കാൻ?"

"സംഭവിച്ചൂന്നു മാത്രം കരുതിയാൽ മതി."

അവൾ തലതാഴ്ത്തി ഇരുന്നു തേങ്ങിക്കരഞ്ഞു.

"ഇങ്ങനെയൊക്കെ വാദിക്കുമെന്ന് ഒരിക്കലും കരുതിയില്ല."

"പുറത്തു ചെന്നിരുന്നോളൂ, ഞാൻ സർട്ടിഫിക്കറ്റ് എടുപ്പിച്ചുതരാൻ പറയാം. എനിക്കു പേഴ്സണലായി അറിയാവുന്ന കാര്യമല്ലേ?"

അയാൾ മണിയടിച്ച് സെക്ഷൻ ക്ലാർക്ക് രവീന്ദ്രനാഥിനെ വിളിച്ചു.

"എന്താ രവീ പ്രശ്നം? ആ സ്ത്രീ ഒരു സർട്ടിഫിക്കറ്റിന്റെ എക്സ്ട്രാക്റ്റിനു വേണ്ടി ദിവസം അഞ്ചാറായല്ലോ കുത്തിയിരിപ്പു തുടങ്ങിയിട്ട്. മനുഷ്യരെ ബുദ്ധിമുട്ടിക്കുന്നതിന് ഒരതിരു വേണ്ടേ?"

"തൊണ്ണൂറിലെ റജിസ്റ്ററാണ്. പിള്ളസാറിന്റെ കാലത്തെ റജിസ്റ്റർ. ഇവിടെ മുഴുവൻ തിരഞ്ഞു. ഇനി താലൂക്ക് ഓഫീസിലേക്കെങ്ങാനും കൊടുത്തയച്ചിട്ടുണ്ടോ എന്തോ. ഞാൻ നാളെ താലൂക്ക് ഓഫീസിൽ പോകുന്നുണ്ട്. അവരോട് അവിടെ വരാൻ പറഞ്ഞിട്ടുണ്ട്. കിട്ടിയാൽ അവിടെ നിന്നും കൊടുത്തുവിടാം."

അയാൾ ആ സ്ത്രീയെ വിളിപ്പിച്ചു.

"നാളെ താലൂക്ക് ഓഫീസിൽ ചെന്നാൽ മതി. താലൂക്ക് ഓഫീസ് അറിയോ?"

"ഞാൻ കുറേ വർഷങ്ങളായി ഇവിടെ ഇല്ലല്ലോ. അതു സാരമില്ല. ഞാൻ അന്വേഷിച്ച് എത്തിക്കോളാം."

അവർ ഓഫീസ് വിട്ടിറങ്ങിയപ്പോൾ രവീന്ദ്രനാഥ് തന്റെ ചേംബറിലേക്കു വന്നു.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



"സാറ് എന്തിനാ ആ സ്ത്രീടെ കാര്യത്തില് ഇത്ര താൽപ്പര്യം കാണിക്കുന്നത്?"

"എന്തു താൽപ്പര്യം?"

അയാൾ ശബ്ദം ഉയർത്തിക്കൊണ്ടു ചോദിച്ചു.


രവീന്ദ്രനാഥ് നിന്നു വിളറുന്നു:

"ആ സ്ത്രീ അമ്പേ പെശകാണു സാർ."

രവീന്ദ്രനാഥിന്റെ വിളറിയ മുഖവും വാക്കുകളും അയാളെ കൂടുതൽ ക്ഷുഭിതനാക്കി:

"ആരു പറഞ്ഞു?"

"അവരുടെ ഭർത്താവ് നല്ല ഡീസന്റ് പാർട്ടിയാണ്. രണ്ടാഴ്ച മുമ്പ് ഇവിടെ വന്നിരുന്നു. സാറിനെ കണ്ടു പരിചയപ്പെടണമെന്നുണ്ടായിരുന്നു. സാറ് മീറ്റിങ്ങിൽ പങ്കെടുക്കുകയായിരുന്നു."



അയാൾ ഓർത്തു. രണ്ട് ആഴ്ചകൾക്കു മുമ്പ് ഒരു വെളുത്ത കാറിൽ ഒരപരിചിതൻ ഈ ഓഫീസിൽ വന്നിരുന്നു. ലീവ് എഴുതിവച്ച് രവീന്ദ്രനാഥ് ഓഫീസിൽനിന്ന് അയാളോടൊപ്പം കാറിൽ കയറിപ്പോയതുമെല്ലാം.

"രവീന്ദ്രനാഥിന് അയാളെ മുമ്പു പരിചയമുണ്ടോ?"

"ഏയ്, ഇവിടെവച്ചു കണ്ട പരിചയം മാത്രം."

"രവീന്ദ്രനാഥിനറിയാമോ അവർ തമ്മിലുള്ള കേസ് എന്താണെന്ന്?"

"അറിയില്ല."

രവീന്ദ്രനാഥൻ അതു പറഞ്ഞതു കളവാണെന്നു മുഖം അറിയിച്ചു.

"വിവാഹബന്ധംതന്നെ നടന്നിട്ടില്ലെന്നു വാദിക്കുന്ന മനുഷ്യൻ പിന്നെ അവരെപ്പറ്റി നല്ലതു പറയുമോ?"

അൽപ്പനേരം ഓർത്തിരുന്നിട്ട് അയാൾ പറഞ്ഞു: "ഇനി സ്വഭാവം മോശമാണെന്നു തന്നെയാവട്ടെ. അവൾ ചോദിക്കുന്നത് കോൺഡക്റ്റ് സർട്ടിഫിക്കറ്റല്ലല്ലോ. ഇവിടെ വച്ചു നിയമാനുസൃതം റജിസ്റ്റർ ചെയ്തതിന്റെ എക്സ്ട്രാക്റ്റ്. അതിന് ഒരു വ്യക്തിക്ക് അർഹതയില്ലേ?"

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



"ഉണ്ട് സാർ. അതു കൊടുക്കണം സാർ. അതല്ലേ ഇത്ര പാടുപെട്ടു തിരഞ്ഞുകൊണ്ടിരിക്കുന്നത്? നാളെ റ്റി.പി.ഒ. ഓഫീസിലും തിരയും."

പിറ്റെന്നാൾ രാവിലെ രവീന്ദ്രനാഥ് ഓഫീസിലിരിക്കുന്നു.

"രവീന്ദ്രനാഥ് റ്റി.പി.ഒ. ഓഫീസിൽ പോകുന്നു എന്നല്ലേ പറഞ്ഞത്?"

"ഇവിടെ രണ്ടു വീടുകൾക്കു നമ്പർ ഇട്ടുകൊടുക്കണം. രണ്ടു ദിവസമായി ആളുകൾ നടക്കുന്നു."

"ഏഴ്, എട്ട് ദിവസമായില്ലേ ആ സ്ത്രീ നടക്കാൻ തുടങ്ങിയിട്ട്. അവരെ റ്റി.പി.ഒ. ഓഫീസിലേക്കും നടത്തിച്ചു. താൻ ഇവിടെയും. വെറുതെയല്ല ഉദ്യോഗസ്ഥന്മാരോട്?"

രവീന്ദ്രനാഥ് ബാഗുമെടുത്തു പുറത്തിറങ്ങി.

"സാറ് ഇതു പറഞ്ഞതു നന്നായി. ഞാൻ ആ കാര്യം ആകെ മറന്നു."

കുറച്ചുദൂരം നടന്നിട്ട് തിരിച്ചു വന്നു.

"കുടയെടുക്കാൻ മറന്നു."

പിന്നെ അവിടെ നിന്നു തിരിഞ്ഞു:

"പിന്നെ, വീട്ടുനമ്പർ ഇടാൻ വരുന്നവർ?"

"ഞാൻ അവരെ സമാധാനപ്പെടുത്തി അയയ്ക്കാം. നാളെ വരട്ടെ. ഈ ഒരു ദിവസം കൊണ്ട് അവരുടെ വീടൊന്നും ഒലിച്ചുപോകില്ല."

രവീന്ദ്രനാഥ് കുട നിവർത്തി വില്ലുകൾ പരിശോധിച്ചു നിന്നു.

"കുടയ്ക്കു കേടുണ്ടെങ്കിൽ വഴിയരികിൽ എത്രയോ കുട റിപ്പയർക്കാരെ കിട്ടും. വേഗം പോകൂ."

രവീന്ദ്രനാഥ് വേഗം ഇറങ്ങി നടന്നു.

പിറ്റെന്നാൾ ഉച്ചയോടെയാണ് ഓഫീസിൽ എത്തിയത്. അവർ പുറത്തു തിണ്ണയിൽ തൂണും ചാരി ഇരിക്കുന്നു. ദിവസങ്ങളോളം ഇരിക്കാൻ തുടങ്ങിയതുകൊണ്ടാവാം, ഇരിപ്പ് ഉറയ്ക്കുന്ന ഒരു ഇരിപ്പിടം ഇതിനകം അവർ സ്വയം കണ്ടെത്തിയിരിക്കുന്നു. അയാൾ ചേംബറിലേക്കു നടന്നു. അവർ തന്റെ ചേംബറിനു നേരെ നടന്നു വരുന്നു. അവരുടെ നടത്തത്തിന് ഒരു താളമുണ്ടായിരുന്നു. കാലുകൾക്കു വലുപ്പച്ചെറുപ്പമുണ്ടോ? അതോ, ചെരുപ്പിന്റെ ഹീലുകൾ ചെറുതായതുകൊണ്ടോ? ആദ്യം വന്നപ്പോൾ ഹൈഹീൽ ചെരുപ്പുകളിൽ നൃത്തഭംഗിയോടെ ചവിട്ടിയിരുന്നു. ഒപ്പം ശിരസ്സെടുപ്പും ഉയരത്തിലായിരുന്നു. വന്നപാടെ അവർ കരയാൻ തുടങ്ങി.

"അവിടെ രജിസ്റ്ററൊന്നും എത്തിയിട്ടില്ല. ആപ്പീസിൽ എല്ലാവരും പരിഹസിച്ചു ചിരിക്കുന്നു. ഇവിടെ മാത്രം സൂക്ഷിക്കേണ്ട രജിസ്റ്റർ എങ്ങനെ അവിടെ വരും. എല്ലാവരും പരിഹസിച്ചു ചിരിക്കുന്നു. ആകെ വഷളായി."

"രവീന്ദ്രനാഥ് അവിടെ വന്നില്ലേ?"

"ഇല്ല. അമ്മയ്ക്കു പ്രഷർ പെട്ടെന്നു കൂടി, ഡോക്ടറെ കാണിക്കാൻ പൂവ്വാണന്നു ഫോൺ ചെയ്തിരുന്നു."



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



അയാൾക്കൊന്നും മറുപടി പറയാനുണ്ടായിരുന്നില്ല. ഇവിടെ മാത്രം സൂക്ഷിക്കേണ്ട റജിസ്റ്റർ അവിടെ പോകേണ്ടതില്ലെന്നും അയാൾക്കു ബോധ്യമായി.

"എന്താ അവരുടെയൊക്കെ ഒരു പരിഹാസച്ചിരി? കുത്തുവാക്കും നോട്ടവും. ഒരാൾ മാത്രം നല്ല മര്യാദയായി വർത്തമാനം പറഞ്ഞു. കുറച്ചു പ്രായം ചെന്ന ഒരാൾ. നേരം വൈകിയില്ല്യേ, ഞാൻ സ്കൂട്ടറിൽ വീട്ടിൽ കൊണ്ടു പോയി വിട്ടുതരാമെന്നു പറഞ്ഞു."

അയാൾ ഒന്നറിയാൻ ചോദിച്ചു: "ആ ഓഫീസിൽ ജോലി ചെയ്യുന്ന ആളാണോ?"

"ലീവിലാണെന്നു പറഞ്ഞു. നല്ല ഉയരത്തിൽ ഒരു പെർഫക്ട് ജെന്റിൽമാൻ ഫെയിസുള്ള ഒരാൾ. എല്ലാവരും അയാളെ മോഹു ഏട്ടൻ എന്നു വിളിക്കുന്നു."

അയാൾ അമ്പരന്നു. മോഹനനാണ്. ഭാര്യയെ കഴുത്തു ഞെരിച്ചു കൊന്ന കേസിൽ പ്രതിയാണ്. സസ്പെൻഷനിൽ കഴിയുന്നു. കേസിന്റെ വിചാരണ ഏതുവരെ എത്തിയെന്നറിയില്ല.

"ശരി ഇരിക്കൂ. രവീന്ദ്രനാഥ് വരട്ടെ."

"മുപ്പത്തിയൊന്നാം തീയതിയാണു കേസ്. അടുത്തമാസം എട്ടാം തീയതി വരെയുള്ള സ്ലീപ്പർ ബുക്കിങ് കഴിഞ്ഞു. ബസ്സിൽ പോകാൻ കഴിയുമോ എന്തോ? നാളെ വൈകുന്നേരമെങ്കിലും പുറപ്പെടണം. ഈ കാര്യം രവീന്ദ്രനാഥ് സാറിനോട് എത്രയോ പറഞ്ഞതാണ്."

അയാൾ രവീന്ദ്രനാഥിനെ വിളിപ്പിച്ചു.

ജൂനിയർ സൂപ്രണ്ടാണു വന്നത്.

"രവീന്ദ്രൻ സാറ് നാലുദിവസത്തെ ലീവിന് അപേക്ഷിച്ചിട്ടുണ്ട്."

"ശരി, നിങ്ങൾ പുറത്തുപോയി ഇരിക്കൂ. പോവരുത്. ഞാൻ വിളിക്കാം."

അയാൾക്കു ദുഃഖം തോന്നി. സർക്കാർ ഓഫീസിൽനിന്ന് അർഹതപ്പെട്ട ഒരു കാൽപ്പായ കടലാസിനുവേണ്ടി ഒരു ജീവിതം കരിയിലപോലെ പാറുന്നു.

അവർ പുറത്തേക്കു പോയി. തിണ്ണയിൽ ഇരുന്നു. പൂപ്പൽ കുടകൊണ്ടു തുടച്ചു. തൂണിൽ തല ചാരിയിരുന്നു. അയാൾക്ക് അവരിൽനിന്നു കുറച്ചു കാര്യങ്ങൾ അറിയണമെന്നുണ്ടായിരുന്നു. ശിപായിയെ വിട്ട് അവരെ വിളിപ്പിച്ചു. അവർ വന്നു.

"ഇരിക്കൂ."

അവർ ഇരുന്നു.

"എനിക്കു ചില കാര്യങ്ങൾ അറിയണമെന്നുണ്ട്."

അവർ നെറ്റിചുളിച്ചു. അപ്പോൾ അയാൾ ശ്രദ്ധിച്ചു. അവർ പൊട്ടുതൊടാറില്ല. പക്ഷേ, നെറ്റി ചുളിക്കുമ്പോൾ പുരികങ്ങൾ ചേരുന്നതിനു മുകളിലെ ചുളിവുകൾക്ക് ഒരു ചാന്തുപൊട്ടിന്റെ ആകൃതിതന്നെയായിരുന്നു.

"ഇപ്പോൾ നിങ്ങൾ വേറെ വേറെ താമസിക്കുന്നു, അല്ലേ?"



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



“അതെ. മൂന്നുവർഷത്തിനു മേലെയായി. ഞാൻ ഡോക്ടർ സുശീല നയ്യാർ ലേഡീസ് ഹോസ്റ്റലിൽ താമസിക്കുന്നു.”

“കുട്ടികളോ?”

“ഞങ്ങൾക്കു കുട്ടികളില്ല. ഇതിന്റെയെല്ലാം തുടക്കം അതിൽനിന്നായിരുന്നു. പോയിക്കാണാത്ത ഡോക്ടർമാരില്ല.”

“ആരുടെ ഡിഫക്റ്റ് ആണെന്നാ പറഞ്ഞത്?”

“രണ്ടുപേർക്കും ഒരു ഡിഫക്റ്റും ഇല്ലെന്നു തീർത്തു പറയുന്നു. എന്നിട്ടും ആ മനുഷ്യനു വേറെ കല്യാണം കഴിക്കണം, കുട്ടികളുണ്ടാവാൻ. അതിനു ഞാൻ അനുവാദം കൊടുക്കണം. ഞാൻ പറഞ്ഞത്, ‘ഇംപോസിബിൾ ഏസ് ലോങ് ഏസ് അയാം എലൈവ്’. പിന്നെ വാക്കേറ്റമായി, വഴക്കായി. ഞാൻ മാറിത്താമസിച്ചു. പിന്നെ കേസായി. ഒടുവിൽ എന്നെ കല്യാണമേ കഴിച്ചില്ലെന്ന വാദവും.”

അവരുടെ ശബ്ദം ഒരു ഓഫീസിന്റെ ശാന്തത തകർക്കുന്നു.

“ശരി, പോയി പുറത്തു ചെന്നിരുന്നോളൂ.”

അയാൾ ജൂനിയർ സൂപ്രണ്ടിനെ വിളിപ്പിച്ചു.

“നിങ്ങൾ ഇന്നുതന്നെ ഇവരുടെ മാര്യേജ് സർട്ടിഫിക്കറ്റിന്റെ എക്സ്ട്രാക്റ്റ് ഇവർക്കു കൊടുക്കണം. നിങ്ങളും ഒരു സ്ത്രീയല്ലേ. എന്താ, ഒരു സ്ത്രീയുടെ ധർമ്മത്തിൽ നിങ്ങൾ താൽപ്പര്യം കാണിക്കാത്തത്?”

ഇന്നുവരെ ജൂനിയർ സൂപ്രണ്ട് ഇത്ര അനാദരവോടെ നോക്കിയിട്ടില്ല.

“സ്ത്രീയുടെയും പുരുഷന്റെയും കാര്യം വിടൂ. അതാണു കാര്യമെങ്കിൽ എനിക്ക് ഒരുപാടു കാര്യങ്ങൾ പറയാനുണ്ട്. ”

ജൂനിയർ സൂപ്രണ്ടിന്റെ ഭാവപ്പകർച്ച എന്തിന്റെ സൂചനയെന്നറിഞ്ഞില്ല.

അയാൾ പറഞ്ഞു: “സാമൂഹ്യവും സ്ത്രീവിമോചനവുമൊക്കെ വിടൂ. ഇവരുടെ മാര്യേജ് സർട്ടിഫിക്കറ്റിന്റെ എക്സ്ട്രാക്റ്റ് കൊടുക്കണം.”

“അതൊക്കെ രവീന്ദ്രനാഥ് ഡീൽ ചെയ്യുന്ന കാര്യങ്ങളാണ്. നാലുദിവസത്തേക്കു രവീന്ദ്രൻ സാറ് ലീവിലാണ്.”

“രവീന്ദ്രനാഥ് ഇനി ഒരിക്കലും തിരിച്ചു വന്നില്ലെന്നു വയ്ക്കുക. അർഹതപ്പെട്ട സർട്ടിഫിക്കറ്റ് ആർക്കും കൊടുക്കേണ്ടെന്നാണോ? ഈ ഓഫീസിലെ മുഴുവൻ സ്റ്റാഫും ഒന്നിച്ചു തെരഞ്ഞാലും വേണ്ടില്ല. ഇന്നു നാലുമണിക്കകത്ത് അവർക്ക് അതു കൊടുത്തേ പറ്റൂ.” എന്തോ, ആ പതിഞ്ഞ ശബ്ദം പോലും ഓഫീസിന്റെ മേൽക്കൂരയിളക്കിയെന്നു തോന്നുന്നു. എല്ലാവരും ഒന്നിച്ചു തെരച്ചിൽ ആരംഭിച്ചിരിക്കുന്നു. പൊടിമൂടിയ റാക്കുകളിലെ പൊടി പലരെയും ഇടതടവില്ലാതെ ചുമപ്പിച്ചു. ഡസ്റ്റ് അലർജി എന്നൊക്കെ പറഞ്ഞ് ഒഴിയുന്നവർ പോലും ഭയന്നു.

അയാൾ അവരെ വിളിച്ചു പറഞ്ഞു: “എവിടെയെങ്കിലും പോകാനുണ്ടെങ്കിൽ പോയിട്ടു വന്നോളൂ.”

“ഈ ഓഫീസ് ഒഴികെ ഈ ലോകത്തിൽ എനിക്ക് എവിടെ പോകാനാ?” വേരോടിയുറച്ചതുപോലെ അവർ അനങ്ങാതിരുന്നു.

ഉച്ചയ്ക്കു ഭക്ഷണം കഴിക്കാൻ പോകുമ്പോഴും അയാൾ ശ്രദ്ധിച്ചു. അവർ ഒരളുക്ക് തുറന്നുകൊണ്ട് വറുത്ത ചോളം തിന്നുന്നു; വളരെ യാന്ത്രികമായി. രുചിയോടെയായിരുന്നില്ല. അയാൾ ഊണു കഴിച്ചു തിരിച്ചു വന്നപ്പോഴും അവരുടെ ചോളം അളുക്ക് മൂടിയിരുന്നില്ല.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



ഓഫീസിലെ തെരച്ചിൽ പലരും ഒരനുഷ്ഠാനം പോലെ ശീലപ്പെടുത്തുന്നു. പുറത്തെ വരാന്തയിലെ പരാതിക്കാർ ഒന്നുമറിയാതെ കാത്തിരിക്കുന്നു. അവരുടെ പരാതിയിലെ തീർപ്പിനാണ് ആ ഓഫീസ് ഇളകിമറിയുന്നതെന്നു കരുതിയായിരിക്കാം.

ജൂനിയർ സൂപ്രണ്ട് തന്റെ ചേംബറിലേക്കു ഒരു റജിസ്റ്ററുമായി വായുവേഗത്തിൽ വന്നു.

"തൊണ്ണൂറു – തൊണ്ണൂറ്റി ഒന്നിലെ റജിസ്റ്റർ കിട്ടിയിട്ടുണ്ട്. മുഴുവൻ നോക്കി. ഇവരുടെ മാര്യേജ് റജിസ്റ്റർ ചെയ്തതായി കാണുന്നില്ല."

അയാൾ റജിസ്റ്റർ വാങ്ങി, ശ്വാസമടക്കിപ്പിടിച്ചുകൊണ്ട് റജിസ്റ്ററിന്റെ ഓരോ ഏടും മറിച്ചു. വീണ്ടും വീണ്ടും വെള്ളം തൊട്ട് ഏടുകൾ എണ്ണിമറിച്ചു.

കനത്ത ദുഃഖത്തോടെ ഒന്നറിഞ്ഞു. മൂകനായി അതേറ്റു വാങ്ങി. അമർഷത്തിനും അർഥം കാണാത്ത ഒരവസ്ഥയിൽ.

റജിസ്റ്ററിൽ രണ്ട് ഏടുകൾ മിസ്സിങ് ആയിരുന്നു. എല്ലാം പൂർണമായി ബോധ്യമായപ്പോൾ അയാൾ ശിപായിയെ വിട്ട് അവരെ വിളിപ്പിച്ചു.

"റജിസ്റ്റർ കിട്ടി. പക്ഷേ, നിങ്ങളുടെ മാര്യേജ് റജിസ്റ്റർ ചെയ്തതായി ഈ റജിസ്റ്ററിൽ ഇല്ല."

അവർ അയാളെത്തന്നെ നോക്കി നിന്നു; തളയ്ക്കപ്പെട്ട മൃഗത്തിന്റെ വന്യമായ നോട്ടം.

ശ്രീരാമന്റെ കഥകൾ (സി. വി. ശ്രീരാമൻ)

245RPP

- "അവർ പുറത്തു തിണ്ണയിൽ തൂണുംചാരി ഇരിക്കുന്നു. ദിവസങ്ങളോളം ഇരിക്കാൻ തുടങ്ങിയതുകൊണ്ടാവാം, ഇരിപ്പ് ഉറയ്ക്കുന്ന ഒരു ഇരിപ്പിടം ഇതിനകം അവർ സ്വയം കണ്ടെത്തിയിരിക്കുന്നു."
- "അവർ അയാളെത്തന്നെ നോക്കി നിന്നു; തളയ്ക്കപ്പെട്ട മൃഗത്തിന്റെ വന്യമായ നോട്ടം."

ഉമ നേരിടുന്ന പ്രശ്നങ്ങളുടെ തീവ്രത വ്യക്തമാക്കാൻ ഈ സന്ദർഭങ്ങൾ ഉതകുന്നുണ്ടോ? വിശകലനം ചെയ്യുക.

- ഒരു ജീവിതം കരിയിലപോലെ പാറുന്നു.
- വേരോടിയുറച്ചതുപോലെ അവർ അനങ്ങാതിരുന്നു.

ഇത്തരം സാദൃശ്യപ്പെടുത്തലുകൾ സന്ദർഭത്തിനു നൽകുന്ന സവിശേഷതകൾ വ്യക്തമാക്കുക.

- ഓഫീസിലെ തെരച്ചിൽ പലരും ഒരനുഷ്ഠാനംപോലെ ശീലപ്പെടുത്തുന്നു.
- റജിസ്റ്ററിൽ രണ്ട് ഏടുകൾ മിസ്സിങ് ആയിരുന്നു.

ഈ വാക്യങ്ങൾ നൽകുന്ന സൂചനയെന്ത്? നിഗമനങ്ങൾ അവതരിപ്പിക്കുക.

'സാക്ഷി' എന്ന ശീർഷകത്തിന്റെ ഔചിത്യം വിലയിരുത്തുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- "കനത്ത ദുഃഖത്തോടെ ഒന്നറിഞ്ഞു. മൂകനായി അതേറ്റു വാങ്ങി. അമർഷത്തിനും അർഥം കാണാത്ത ഒരവസ്ഥയിൽ."

  കഥാപാത്രത്തിന്റെ ഈ അവസ്ഥയെക്കുറിച്ചുള്ള നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുക.

- സാമാന്യസ്ത്രീയെ സംബന്ധിച്ചിടത്തോളം (വലിയ ബുദ്ധിജീവികളായ ആളുകളെ മാറ്റിനിർത്താം) അവളുടെ നൈതികത ഉരുത്തിരിയുന്നത് അടുക്കളയിൽ വച്ചു വിളമ്പുന്ന നീതിബോധത്തിൽനിന്നാണ്. അത്തരത്തിലുള്ള ഒരു നീതിബോധവുമായി, അതിനുതകുന്ന ഒരു ഭാഷയുമായി ജീവിതത്തെ ദർശിക്കുന്ന ഒരു സ്ത്രീക്ക് കാണാൻ കഴിയുന്നത് പ്രകൃതിയെയും സ്ത്രീയെയും ആദിവാസികളെയും ദരിദ്ര കർഷകരെയും ദലിതരെയും ചൂഷണം ചെയ്യുന്ന, അല്ലെങ്കിൽ അവർക്കുമേൽ അധിനിവേശം നടത്തുന്ന പുരുഷാധിപത്യപരമായ അധികാരവ്യവസ്ഥയാണ് ഇവിടെ കാലാകാലങ്ങളായി നിലനിൽക്കുന്നതും ഇപ്പോഴും നിലനിൽക്കുന്നതും എന്നാണ്.

  *ആത്മരോഷങ്ങളും ആകുലതകളും (സാറാ ജോസഫ്)*

  മുകളിൽ കൊടുത്ത നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ കഥ വിശകലനം ചെയ്യുക.

**പദകോശം**


ഉദ്വേഗം - സംഭ്രമം
ഓജസ്സ് - ശോഭ
പക്വത - പാകംവന്ന അവസ്ഥ

24EHRC

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





# രണ്ട് ടാക്സിക്കാർ

1957– 1958 കാലങ്ങളിൽ ഞാൻ ബോംബെയിലായിരുന്നു. കണ്ണു കാണാൻ കഴിയാത്ത കോളേജ്‌വിദ്യാർഥികൾക്ക് പുസ്തകങ്ങൾ വായിച്ചുകൊടുക്കുക, അവരെ തിയേറ്ററിൽ കൊണ്ടുപോവുക, വിനോദസഞ്ചാരത്തിന് കൊണ്ടുപോവുക, ശാരീരികവും മാനസികവുമായ കോട്ടങ്ങൾ തീർത്തുകൊടുക്കുക– ഇങ്ങനെയുള്ള സേവനങ്ങളാണ് അന്ന് ചെയ്തിരുന്നത്. അതോടൊപ്പം ടാറ്റാ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ സയൻസസിൽ പി.എച്ച്.ഡി.ക്കായി ഞാൻ ഗവേഷണപഠനം നടത്തുന്നുമുണ്ടായിരുന്നു. അതിനുവേണ്ടി ദിവസവും ദാദറിൽ നിന്നോ മഹാലക്ഷ്മിയിൽ നിന്നോ ചെമ്പൂരിലേക്ക് ബസ് കയറിപ്പോകുമായിരുന്നു. ചിലപ്പോഴെല്ലാം ഞാൻ വിദ്യാർഥിസുഹൃത്തുക്കളെയും കൂടെ കൂട്ടും.

അതിലൊരാളായിരുന്നു ദാമോദർ ഗാവുങ്കർ. ദാമോദർ എൽഫെൻസ്റ്റൻ കോളേജിൽ ഫിലോസഫി എം.എ.യ്ക്കു പഠിക്കുകയാണ്. ദാമോദറിന് വെസ്റ്റേൺ ഫിലോസഫി പഠിക്കേണ്ടിയിരുന്നു. പരീക്ഷ അടുത്ത സമയമായതുകൊണ്ട് എന്നെ വിട്ടുപിരിയാതെ കൂടിയിരിക്കുകയാണ്. ദാമോദറിന്റെ അച്ഛനൊരു മില്ലുടമയാണ്. അതുകൊണ്ട് കൈയിൽ ധാരാളം പണമുണ്ട്. ഒരുദിവസം ചെമ്പൂരേക്കുള്ള യാത്രയ്ക്ക് ഞാൻ ഒരുങ്ങിനിൽക്കുമ്പോൾ ദാമോദർ പറഞ്ഞു: “ഇന്ന് നമുക്ക് ടാക്സിയിൽ പോകാം. ബസ് കാത്തു നിന്ന് സമയം കളയണ്ട.”

ഞാൻ സമ്മതിച്ചു. ആദ്യം കണ്ട ടാക്സിക്ക് കൈകാണിച്ചു. എനിക്ക് ഇൻസ്റ്റിറ്റ്യൂട്ടിലെത്തിയാൽ രണ്ടു മണിക്കൂർ താമസമുണ്ട്. അതുകഴിഞ്ഞ് വേറൊരു ടാക്സിയിൽ ദാദറിലേക്ക് മടങ്ങാമെന്നാണ് തീരുമാനം. ടാക്സിഡ്രൈവറെ ഞങ്ങൾ അത്ര ശ്രദ്ധിച്ചില്ല. സർദാർജി ആണെന്ന് മാത്രം മനസ്സിലായി. ഞങ്ങൾ രണ്ടുപേരും പിൻസീറ്റിലായിരുന്നു. എത്തേണ്ട സ്ഥലം ഏതാണെന്ന് അയാൾക്ക് നിർദേശം കൊടുത്തിട്ട് ജർമ്മൻ തത്ത്വചിന്ത

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കനായ കാന്റിന്റെ നൈതികതത്ത്വങ്ങളെപ്പറ്റി പറയാൻ തുടങ്ങി. പറയുന്ന കൂട്ടത്തിൽ ഒരാളുടെ കർമ്മം ഫലിച്ചില്ലെങ്കിലും കർമ്മത്തിന് പ്രേരിപ്പിക്കുന്ന ഉദ്ദേശ്യം ശുദ്ധമാണെങ്കിൽ അതിന്റെ കർത്താവ് ഈശ്വരദൃഷ്ടിയിൽ സമ്മാനീയനാണ് എന്ന ആശയം കാന്റ് പറയുന്നത് ഞാൻ ഓർമ്മിച്ച് പറഞ്ഞു. പുസ്തകത്തിൽ വായിച്ചതുപോലെ എനിക്ക് പറയാൻ കഴിഞ്ഞില്ല. അപ്പോൾ ടാക്സിഡ്രൈവർ പെട്ടെന്ന് തലതിരിച്ച് ഒന്ന് നോക്കിയിട്ട്, പിന്നെയും കാറോടിക്കുന്നതിനിടയ്ക്ക് ഞാൻ ഉദ്ധരിക്കാൻ ശ്രമിച്ച വാക്യം തെറ്റുകൂടാതെ പറഞ്ഞു. ബോംബെ പട്ടണത്തിലെ ഒരു ടാക്സിഡ്രൈവർ ഇമ്മാനുവൽ കാന്റിന്റെ പുസ്തകത്തിൽനിന്നു സമുചിതമായ ഒരു ഉദ്ധരണി തെറ്റുകൂടാതെ പറയുന്നതു കേട്ടപ്പോൾ ഞങ്ങൾ അന്തംവിട്ടുപോയി.

ടാക്സി റോഡരുകിൽ ചേർത്തു നിർത്തിച്ചിട്ട് ഞാൻ കൂടി ഫ്രണ്ട് സീറ്റിൽ ഡ്രൈവറുടെ അടുത്ത് സ്ഥലംപിടിച്ചു. അയാൾ വെസ്റ്റേൺ ഫിലോസഫി എങ്ങനെ പഠിച്ചു എന്നറിയാൻ എനിക്ക് കൗതുകമായി. സംസാരിച്ചു തുടങ്ങിയപ്പോഴാണ് എന്റെ ടാക്സിഡ്രൈവർ അഭിജാതനായ ഒരു സുന്ദരപുരുഷനാണെന്ന് ഞാൻ മനസ്സിലാക്കാൻ തുടങ്ങിയത്.

അയാൾ ലാഹോറിൽ ഫിലോസഫി ഐച്ഛികമായി എടുത്ത് എം.എ.യ്ക്ക് പഠിച്ചിരുന്നപ്പോഴാണ് ഇന്ത്യാമഹാരാജ്യത്തിന്റെ വിഭജനമുണ്ടായത്. ഒരു വലിയ ധനികനായിരുന്ന അദ്ദേഹത്തിന്റെ പിതാവും സഹോദരനും വധിക്കപ്പെട്ടു. അമ്മയും മകനും കൂടി ജീവരക്ഷാർഥം ഓടി ഇന്ത്യയിലെത്തി. വന്നുചേർന്നത് ബോംബെയിലാണ്. അപ്പോൾ അയാളുടെ കൈവശം ജീവിതഭദ്രത നൽകുന്നതായി രണ്ട് അനുഗ്രഹങ്ങൾ ഉണ്ടായിരുന്നു– ബലിഷ്ഠമായ കൈകളും പതറാത്ത മനസ്സും.

ബോംബെയിലെത്തി കുറച്ചു ദിവസത്തിനുള്ളിൽ ഒരു ടാക്സിഡ്രൈവറാകാൻ കഴിഞ്ഞു. പിന്നത്തെ പത്തുവർഷത്തിനിടയ്ക്ക് ഒരു ഫ്ളാറ്റ് വാങ്ങി, സ്വന്തമായി മൂന്നുനാലു ടാക്സികളുണ്ടാക്കി, അദ്ദേഹവും അമ്മയും കൂടി താമസിക്കുകയാണ്. ഞാൻ എന്റെ കഥ അങ്ങോട്ടും പറഞ്ഞു. ഏതാണ്ട് സമപ്രായക്കാരായ ഞങ്ങൾക്ക് അന്യോന്യം ആദരവു കലർന്ന ഒരു സ്നേഹമാണ് അന്നു തോന്നിയിരുന്നത്. ഒരിക്കൽ വന്ന് എന്നെ കൂട്ടിക്കൊണ്ടു പോയി തന്റെ അമ്മയെ പരിചയപ്പെടുത്തുകയും തന്റെ ബൃഹത്തായ ഫിലോസഫിഗ്രന്ഥശേഖരം എന്നെ കാണിക്കുകയും ചെയ്യാമെന്ന് പറഞ്ഞതുകൊണ്ട് എന്റെ വിലാസം ഞാൻ കുറിച്ചുകൊടുത്തു. ഞാൻ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ദാമോദരിനെയും കൂട്ടിക്കൊണ്ടുചെന്നു. കുറച്ചു കഴിഞ്ഞപ്പോഴേ എന്റെ പേഴ്സ് പോയ കാര്യം ഓർമ്മയിൽ വന്നുള്ളൂ. അത് സർദാർജിയുടെ കാറിന്റെ പിന്നിലത്തെ സീറ്റിൽ ഒരു ചെറിയ ഷോൾഡർ ബാഗിന്റെ ഉള്ളിൽ വച്ചിരിക്കുകയായിരുന്നു.

അയാൾക്ക് ഞാൻ എന്റെ വിലാസം കൊടുത്തിരുന്നെങ്കിലും അസാധാരണനായ ആ ടാക്സിഡ്രൈവറുടെ വിലാസം ഞാൻ വാങ്ങിയിരുന്നില്ല. എന്നാൽ തത്ത്വചിന്തയെ അത്രയ്ക്ക് സ്നേഹിക്കുന്ന ആ നല്ല മനുഷ്യൻ എന്റെ പേഴ്സ് തിരികെ കൊണ്ടുവരുമെന്നു തന്നെ ഞാൻ പ്രതീക്ഷിച്ചു. പ്രതീക്ഷിച്ചതുപോലെ ആ രാത്രി എട്ടുമണിയോടെ അയാൾ എന്റെ ഫ്ളാറ്റിൽ വന്നു പേഴ്സ് തിരികെ തന്നു. അന്ന് രാത്രിയിൽ എന്നെയും കൂട്ടി കൊളാബയിൽ സർദാർജി താമസിച്ചിരുന്ന ഫ്ളാറ്റിൽ കൊണ്ടുപോയി. എന്നെ ഊണിന് കൊണ്ടു ചെല്ലുമെന്ന് പറഞ്ഞതുകൊണ്ട് അമ്മ വിഭവസമൃദ്ധമായ അത്താഴം ശരിയാക്കിവച്ചിരുന്നു.

ഞാൻ ബോംബെ വിടുന്നതുവരെ കർത്താർസിങ് എന്ന ദാർശനികനായ ടാക്സിഡ്രൈവർ എന്റെ ഉത്തമസുഹൃത്തായി. കർത്താർസിങ് എന്തുകൊണ്ടാണ് മറ്റ് ഉദ്യോഗങ്ങൾക്കൊന്നും പോകാതിരുന്നതും വിവാഹിതനാകാതിരിക്കുന്നതും എന്ന് ഞാൻ ചോദിച്ചപ്പോൾ നനഞ്ഞ കണ്ണുകളോടു കൂടി ആ സ്നേഹശാലി എന്നോട് പറഞ്ഞതിങ്ങനെയാണ്: "വിഭജനസമയത്ത് എനിക്കെന്റെ അച്ഛനും സഹോദരനും നഷ്ടപ്പെട്ടു. ദൈവം എനിക്ക്



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



നൽകിയത് എന്റെ അമ്മയെയും ഒട്ടും ചഞ്ചലപ്പെടുത്താതിരുന്ന എന്റെ മനസ്സും മാത്രമാണ്. എന്റെ മനസ്സിന്റെ ദാർഢ്യം തത്ത്വചിന്തയിൽനിന്നു ലഭിച്ചതാണ്. വീണ്ടും ജീവിക്കാൻ അവസരം തന്നത് ടാക്സിഡ്രൈവർ എന്ന പദവിയാണ്. അതുകൊണ്ട് എന്റെ ജീവകാലം അത്രയും എനിക്ക് ജീവൻ തന്ന അമ്മയെ ശുശ്രൂഷിച്ചുകൊണ്ട് ഞാനൊരു ടാക്സിഡ്രൈവറായി ജീവിക്കും." എനിക്കിപ്പോഴും പഞ്ചാബി സിങ് സുഹൃത്തുക്കളെപ്പറ്റി ചിന്തിക്കേണ്ടിവരുമ്പോൾ ആദ്യം മനസ്സിൽ വരുന്ന രൂപം ചിന്താസുന്ദരമായ മുഖത്തോടെ, കണ്ണിന്റെ ആഴത്തിൽ ദുഃഖം തളംകെട്ടി നിൽപ്പുണ്ടെങ്കിലും സൗമ്യനായി പുഞ്ചിരിച്ച് സംസാരിക്കുന്ന കർത്താർസിങ്ങാണ്.

വിവാഹം കഴിക്കാതിരിക്കുന്നതിനെപ്പറ്റി കർത്താർസിങ് ഇങ്ങനെ പറഞ്ഞു: "എന്റെ അച്ഛനും ജ്യേഷ്ഠനും വധിക്കപ്പെട്ടപ്പോൾ ജീവിച്ചിരിക്കാനുള്ള എല്ലാ മോഹവും പോയി. എന്നാൽ അമ്മ എങ്ങനെയോ രക്ഷപ്പെട്ടു. ബോംബെവരെ എത്തിയപ്പോൾ ജീവിതത്തിന് ഒരേയൊരർഥം കണ്ടത് അമ്മയെ പരിചരിക്കുന്നതിലുള്ള സന്തോഷമാണ്. ഈശ്വരനെന്നും മറ്റും കേട്ടുകേൾവിയേയുള്ളൂ. എന്നാൽ അമ്മ കണ്ണിന്റെ മുമ്പിൽ, ഈശ്വരന് നൽകിപ്പോരുന്ന എല്ലാ വിശേഷണങ്ങളോടുംകൂടി ജീവിക്കുന്നു. അമ്മയോട് എനിക്ക് തോന്നിയിട്ടുള്ള സ്നേഹവും ശ്രദ്ധയും ഭക്തിയും ഈ ജീവിതത്തിൽ വേറൊരാളുമായിട്ടും പങ്കുവയ്ക്കേണ്ടെന്നു ഞാൻ തീരുമാനിച്ചു." കർത്താർസിങ്ങിന്റെ ഈ വാക്കുകൾ വളരെ സെന്റിമെന്റലായി തോന്നിയേക്കാം. എന്നാൽ അയാളുടെ ആത്മാർപ്പണം എനിക്ക് വിലപ്പെട്ടതായി തോന്നി. 'അമ്മ' -ആ രണ്ടക്ഷരങ്ങളിൽ മാനവികതയുടെ ആത്മാവ് നിറഞ്ഞുനിൽക്കുന്നു.

1965 – ൽ കൽക്കട്ടയിൽ പത്തുദിവസത്തോളം നീണ്ടുനിന്ന ഒരു ക്യാമ്പിൽ സംബന്ധിക്കാനായി ഞാൻ പോയിരുന്നു. അക്കാലത്ത് ഞാൻ ഡൽഹിയിലെ സൈക്കിക് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായിരുന്നു. ക്യാമ്പിനു പോകുമ്പോൾ ഞാനൊരു പെട്ടിനിറയെ വളരെ വിലപ്പെട്ട പുസ്തകങ്ങളും മറ്റും കൊണ്ടുപോയിരുന്നു. ദീർഘയാത്ര ആയതുകൊണ്ട് കിടക്കയും മറ്റും എടുത്തിരുന്നു. കൽക്കട്ടയിൽനിന്നു തീവണ്ടികയറുമ്പോൾ സുഹൃത്തുക്കൾ ടിക്കറ്റും നൂറുരൂപയുടെ പത്തുനോട്ടുകൾ അടക്കം ചെയ്തിരുന്ന കവറും എന്നെ ഏൽപ്പിച്ചിരുന്നു.

വാരണാസിയിൽ എത്തുന്നതിനുമുമ്പുള്ള സ്റ്റേഷനിൽ വച്ച് ഒരു വെയ്റ്റർ ഊണു കൊണ്ടുവന്നു. ഊണു തരുമ്പോൾത്തന്നെ അയാൾ ഊണു വാങ്ങിയവരുടെയെല്ലാം അറിവിനായി ഒരു നിവേദനം സമർപ്പിച്ചു: "വണ്ടി വാരണാസിയിൽ അധികം നിൽക്കുകയില്ല. ഊണിന്റെ വില നാലു രൂപയാണ്." അയാളുടെ കൈയിൽ ചില്ലറനാണയം കാണുകയില്ല. വാരണാസിയിൽ എത്തുമ്പോഴേക്കും ഊണു കഴിച്ചിട്ട് പാത്രം തിരിയെ കൊടുക്കണം. ഒപ്പം നാലു രൂപയും. ഞാൻ വാരണാസിയിൽ എത്തുന്നതിനു മുമ്പുതന്നെ ഊണു കഴിച്ചു. വണ്ടി നിറുത്തിയപ്പോൾ സ്നേഹിതൻമാർ തന്ന കവറിൽനിന്ന് ഒരു നൂറു രൂപ പുറത്തെടുത്തു. ബാക്കിയെല്ലാം സൂട്ട്കെയ്സിൽ ഭദ്രമായി നിക്ഷേപിച്ചു. സൂട്ട്കെയ്സ് പൂട്ടിയ താക്കോൽ ഡൽഹിയിലെ എന്റെ കെട്ടിടത്തിലെ ഒട്ടേറെ താക്കോലുകളോടൊപ്പം ഷോൾഡർ ബാഗിൽ വച്ചു. ഷോൾഡർ ബാഗ്, സൂട്ട്കെയ്സിന്റെ മുകളിൽ വച്ചിട്ടാണ് ഞാൻ തീവണ്ടിയിൽനിന്നു പുറത്തേക്ക് ഇറങ്ങിയത്.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



റെയിൽവേ ബുക്ക്സ്റ്റാളിൽനിന്ന് ഒരു പുസ്തകം വാങ്ങി ബാക്കി കിട്ടുന്ന തുകയിൽനിന്ന് നാലുരൂപ വെയ്റ്റർക്ക് കൊടുക്കാമെന്നായിരുന്നു പദ്ധതി. ധൃതിയിൽ ഒരു പുസ്തകം വലിച്ചെടുത്ത് ഇരുപത്തിയൊന്ന് രൂപ വിലകൊടുത്തു. നൂറുരൂപ മാറിക്കിട്ടിയതിൽ സന്തോഷിച്ചു. എന്നാൽ എന്റെ വണ്ടി എവിടെ? അതാ പോകുന്നു. അതിന്റെ വാലറ്റം മാത്രം കണ്ടു. പെട്ടെന്നു തോന്നിയത് ലോകം തവിടുപൊടിയായിപ്പോയെന്നാണ്. എന്റെ സകലതും നഷ്ടപ്പെട്ടിരിക്കുന്നു. ഷർട്ടുപോലും തീവണ്ടിയിലാണ്.

ഞാൻ സ്റ്റേഷൻ മാസ്റ്ററുടെ അടുത്തേക്കു കുതിച്ചുപാഞ്ഞു. അയാളോട് വിക്കിവിക്കി പറഞ്ഞു: "സാർ, ഞാൻ ഒരു ഫസ്റ്റ് ക്ലാസ് പാസഞ്ചർ ആണ്. ഡൽഹിയിലേക്കുള്ള വണ്ടിയിൽ വന്നതാണ്. വണ്ടി ചൂളം വിളിക്കാതെ, ഒരറിയിപ്പും കൂടാതെ പോയിരിക്കുന്നു. അതിനെ തിരിയെ വിളിക്കണം." അതു കേട്ടിട്ട് സ്റ്റേഷൻമാസ്റ്റർ പരിഹാസത്തോടെ പറഞ്ഞു: " ഒരു ഫസ്റ്റ് ക്ലാസ് പാസഞ്ചർ ആണെങ്കിൽ ഫസ്റ്റ് ക്ലാസ് ശ്രദ്ധ വേണം." അയാളോട് തർക്കിച്ചു നിൽക്കാൻ എനിക്ക് സമയമില്ല. ഞാൻ സ്റ്റേഷന് വെളിയിലേക്ക് ഓടി. ഗെയ്റ്റിൽ നിന്ന് ടിക്കറ്റ് എക്സാമിനർ വിളിച്ചു കൂവുന്നു- "ടിക്കറ്റ് ടിക്കറ്റ്." എനിക്ക് സമയം കളയാൻ ഇല്ല. ആ തീവണ്ടിയെ പിടിക്കണം. ഞാൻ ആദ്യം കണ്ട ടാക്സിക്കാരന്റെ അടുത്തേക്ക് ഓടി. അയാളോട് ഞാൻ പറഞ്ഞു: "ഭയ്യാ, വണ്ടി മാക്സിമം സ്പീഡിൽ ഓടിക്കുക, നമുക്ക് അടുത്ത സ്റ്റേഷനിൽ അതിനെ പിടിക്കാം." ഒന്നും എതിരെ പറയാതെ ഡ്രൈവർ അതിവേഗത്തിൽ കാറോടിച്ചു കൊണ്ട് അത്യന്തം വിനയത്തോടെ പറഞ്ഞു: "മഹാത്മജീ, നമുക്ക് ഒരിക്കലും ആ വണ്ടിയെ പിടിക്കാൻ ഒക്കുകയില്ല. അത് ഗ്രാന്റ് ട്രങ്ക് എക്സ്പ്രസ്സ് ആണ്. മണിക്കൂറിൽ എൺപത് മൈൽ വേഗത്തിൽ ഓടുന്ന വണ്ടി. എന്റെ കാറിന് 50 മൈലിൽ കൂടുതൽ വേഗത്തിൽ ഓടാൻ ഒക്കുകയില്ല. അടുത്ത സ്റ്റേഷൻ 70 മൈൽ അപ്പുറമാണ്." ഡ്രൈവറുടെ ഈ വാക്കുകൾ കേട്ടപ്പോൾ നിസ്സഹായതയുടെ ആഴത്തിലേക്കു വഴുതിവീഴുന്നതു പോലെ തോന്നി.

ഏതായാലും അടുത്ത സ്റ്റേഷൻ വരെ കാറു പോകട്ടെ എന്നായി. പാവം ഡ്രൈവർ ദയനീയമായി പറഞ്ഞു: "അങ്ങൊരു മഹാത്മാവ്, ഞാൻ ഒരു പാവപ്പെട്ട ഭക്തൻ. ഞാൻ ഒരിക്കലും അനുസരണക്കേട് കാണിക്കുകയില്ല." ഏതോ കള്ളനെ പിടിക്കാൻ പോകുന്ന പോലീസുകാരനെപ്പോലെ അടുത്ത സ്റ്റേഷൻ ലാക്കാക്കി ടാക്സി ഓടുകയാണ്. രണ്ടു മണിക്കൂർ കഴിഞ്ഞ് ഞങ്ങൾ നിർദിഷ്ട സ്റ്റേഷനിൽ എത്തി.

ആത്മരോദനത്തിന്റെ വിതുമ്പലുകൾ ആവുന്നത്രയും അതിശയോക്തി കലർത്തി ആ സ്റ്റേഷനിലെ മാസ്റ്ററോട് ഞാൻ എന്റെ സങ്കടം ഉണർത്തിച്ചു. അദ്ദേഹം എന്തോ മനസ്സിൽ കണക്കുകൂട്ടിയിട്ട് അതിനപ്പുറത്തുള്ള സ്റ്റേഷൻ മാസ്റ്ററോട് വേഗം ടെലിഫോണിൽ ബന്ധം സ്ഥാപിച്ചു. ആ സമയത്ത് കൽക്കട്ടയിൽനിന്നു വന്ന എക്സ്പ്രസ്സ് വാരണാസിയിൽനിന്നുള്ള മൂന്നാമത്തെ സ്റ്റേഷൻ പ്ലാറ്റ്ഫോമിൽ എത്തിയിരുന്നു. എന്റെ കംപാർട്ട്മെന്റിന്റെയും സൂട്ട്കെയ്സിന്റെയും കിടക്കയുടെയും ഷോൾഡർ ബാഗിന്റെയും വിവരങ്ങൾ ഞാൻ സ്റ്റേഷൻ മാസ്റ്ററോട് പറഞ്ഞു, അതെല്ലാം മാസ്റ്റർ അടുത്ത സ്റ്റേഷനിലെ മേധാവിയെ അറിയിച്ചു. അവിടെനിന്ന് എനിക്ക് ഒരു നിർദേശം കിട്ടി. ഞാൻ ആ സ്റ്റേഷനിൽത്തന്നെ കാത്തിരിക്കുക. എന്റെ സാധനങ്ങൾ കൽക്കട്ടയിലേക്ക് പോകുന്ന ഒരു വണ്ടിയിൽ ഉടൻതന്നെ കയറ്റി അയയ്ക്കുന്നുണ്ട്. രണ്ടു മണിക്കൂറോളം കാത്തിരുന്നാൽ അത് അവിടെയെത്തും.

വാരണാസിയിൽനിന്ന് 70 മൈൽ ടാക്സി ഓടിച്ച് എന്നെ കൊണ്ടുവന്ന ഡ്രൈവറെ എങ്ങനെ തൃപ്തനാക്കി അയയ്ക്കും? ഞാൻ വിഷമിച്ച് നിൽക്കുന്നതുകണ്ട് ഡ്രൈവർ എന്റെയടുത്തു പറഞ്ഞു: "മഹാത്മജീ, അങ്ങ് ഒട്ടും വിഷമിക്കരുത്. ഞാൻ അങ്ങയുടെ സേവയ്ക്കായി വന്നവനാണ്. എന്നെ സ്വന്തം കുട്ടി എന്നു കരുതുക. മറ്റേ വണ്ടി വന്നിട്ട് സാധനങ്ങൾ എല്ലാം ഏറ്റുവാങ്ങി ഡൽഹിയിലേക്കുള്ള വണ്ടിയിൽ കയറ്റി അയച്ചിട്ടേ ഞാൻ പോകുകയുള്ളൂ. ജീവിതത്തിൽ ആപത്ത് ആർക്കും ഉണ്ടാവും. ആപത്തിൽ അന്യോന്യം തുണയ്ക്കാനാണ് ദൈവം

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മനുഷ്യന് വിവേകം കൊടുത്തിരിക്കുന്നത്." എനിക്ക് ആ സമയത്ത് ഒരേയൊരാശ്രയം ആ ഡ്രൈവർ മാത്രമായിരുന്നു. ഏതായാലും രണ്ടു മണിക്കൂർ കാത്തുനിന്നേ നിവൃത്തിയുള്ളൂ. ചായ കുടിച്ച് സ്വസ്ഥമായി ഇരിക്കാം എന്നു പറഞ്ഞ് ഡ്രൈവർ എന്നെ റെയിൽവേ റസ്റ്റോറന്റിലേക്കു കൊണ്ടുപോയി. എന്റെ കൈവശമുള്ള പണം അപ്പോൾ കൊടുക്കാം. ബാക്കി ടാക്സിക്ക് ചെല്ലേണ്ടുന്നത് ഡൽഹിയിൽനിന്ന് അയച്ചുകൊടുക്കാം എന്നൊക്കെ പറയാൻ ഞാൻ മനസ്സിൽ പല പ്രാവശ്യം വാചകത്തിന് രൂപംകൊടുത്തു. എന്നാൽ ഒന്നും പറയാൻ കഴിഞ്ഞില്ല. ഒരു ജീവച്ഛവം പോലെ ഞാൻ റസ്റ്റോറന്റിലെ കസേരയിൽ ഇരുന്നു.

അവസാനം വണ്ടി വന്നു. ഒരാളെന്റെ സാധനങ്ങളെല്ലാം വണ്ടിയുടെ പുറത്തേക്ക് ഭദ്രമായി എടുത്തുവയ്ക്കുന്നു. എന്തൊരദ്ഭുതം! എനിക്ക് ഊണ് തന്ന വെയ്റ്റർ ആണ്. നിധികാക്കുന്ന ഭൂതത്തെപ്പോലെ എനിക്ക് തീവണ്ടിയിൽ നഷ്ടപ്പെട്ടതു മനസ്സിലാക്കി അയാൾ എന്റെ കിടക്കയും സാധനങ്ങളും സൂക്ഷിച്ച് ആ കംപാർട്ട്മെന്റിൽ ഇരിക്കുമ്പോഴാണ് ഗാർഡ് ആ കംപാർട്ട്മെന്റ് കണ്ടുപിടിച്ച് എന്റെ സാധനം അടുത്ത വണ്ടിയിൽ തിരിച്ചയയ്ക്കണമെന്ന നിർദേശവുമായി ചെല്ലുന്നത്. അപ്പോൾ എനിക്ക് ഊണ് തന്ന വെയ്റ്റർ ഞാൻ അടുത്ത സ്റ്റേഷനിൽ കാത്തിരിക്കുന്ന വിവരം അറിഞ്ഞ് സന്തുഷ്ടനായി. എന്റെ സാധനങ്ങളോടൊപ്പം കൽക്കട്ടയിലേക്കു പോകുന്ന വണ്ടിയിൽ കയറി വന്നിരിക്കുകയാണ്. എല്ലാ സാധനങ്ങളും തിരിച്ചുകിട്ടി.

ഞാൻ ആ വെയ്റ്റർക്ക് നൂറുരൂപ സമ്മാനമായി കൊടുത്തു. എന്നാൽ വാരണാസിയിൽനിന്നു വന്ന ആ വെയ്റ്റർ സ്നേഹത്തോടെ അത് നിരസിച്ചു. വാരണാസിയിലേക്കുള്ള ടിക്കറ്റ് വാങ്ങിക്കൊടുക്കാമെന്ന് പറഞ്ഞു. അയാൾക്കതാവശ്യമില്ല, പാസുണ്ട്. അവസാനം ഊണിന്റെ നാലുരൂപയും എന്റെ സന്തോഷത്തിനായി പത്തുരൂപയും വാങ്ങി സാധനം കൊണ്ടുവന്ന വണ്ടിയിൽത്തന്നെ വെയ്റ്റർ വാരണാസിയിലേക്കു മടങ്ങി.

ഇതിനിടയ്ക്ക് എന്റെ ഡ്രൈവർ രാംഗോപാൽ മിശ്ര ഡൽഹിയിലേക്കു പോകുന്ന അടുത്ത വണ്ടി രാത്രി ഒൻപതര മണിക്കാണെന്ന് കണ്ടുപിടിച്ചു. അതിലെന്നെ ഭദ്രമായി കയറ്റിയയയ്ക്കാൻ സ്റ്റേഷൻ മാസ്റ്ററെ ശട്ടംകെട്ടി. ആ സ്റ്റേഷനിൽനിന്നു രാത്രിവണ്ടിക്ക് ഉത്തർപ്രദേശിലെ ഒരു മന്ത്രി ഡൽഹിയിലേക്ക് പോകേണ്ടതായിരുന്നു. മന്ത്രി യാത്ര കാൻസൽ ചെയ്തു. മന്ത്രിക്കുവേണ്ടി റിസർവ് ചെയ്ത സീറ്റ് സ്റ്റേഷൻ മാസ്റ്റർ എനിക്കു തന്നു. പണം തിരിച്ചുകിട്ടിയതുകൊണ്ട് ഞാൻ അതിൽനിന്ന് 500 രൂപ രംഗോപാൽ മിശ്രയ്ക്കു കൊടുത്തു. അയാളൊരു ചെറിയ കുട്ടിയെപ്പോലെ കരഞ്ഞുകൊണ്ട് 300 രൂപ തിരിച്ചുതന്നിട്ടു പറഞ്ഞു: "ഒരു മഹാത്മാവിനെ കുറച്ചു നേരത്തേക്ക് സേവിക്കാൻ ദൈവം എനിക്ക് അനുഗ്രഹം തന്നു. ഞാൻ അങ്ങയുടെ ചെറുമകനാണ്, എന്നെ പരീക്ഷിക്കരുത്. അങ്ങേക്കു വേണ്ടി 200 രൂപ ഞാൻ എടുത്തുകൊള്ളാം." ബാക്കി 300 രൂപ എന്റെ മടിയിൽ വച്ച് പാദനമസ്കാരം ചെയ്തു. ഡ്രൈവർ രാംഗോപാൽ മിശ്ര തന്നെയാണ് എനിക്ക് പോകേണ്ട ബർത്തിൽ കിടക്കയെല്ലാം വിരിച്ചുതന്നത്.

കംപാർട്ട്മെന്റിൽനിന്ന് അയാളിറങ്ങി പുറത്തുനിൽക്കുമ്പോൾ വണ്ടി ചൂളം വിളിച്ച് ഡൽഹിയെ ലക്ഷ്യമാക്കി സ്റ്റേഷൻ വിട്ടു. രാംഗോപാൽ ഇരുളിൽ മറഞ്ഞുപോയി. എന്നാൽ ഇന്നും പ്രകാശത്തോടെ അയാൾ എന്റെ മനസ്സിൽ ജീവിക്കുന്നു.

മരണമെന്ന വാതിലിനപ്പുറം (നിത്യചൈതന്യയതി)

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- "ടാക്സി റോഡരുകിൽ ചേർത്തുനിർത്തിച്ചിട്ട് ഞാൻ കൂടി ഫ്രണ്ട്സീറ്റിൽ ഡ്രൈവറുടെ അടുത്ത് സ്ഥലം പിടിച്ചു."
  ലേഖകന്റെ ഈ പ്രവൃത്തി എന്തെല്ലാം ചിന്തകളുടെ പ്രതിഫലനമാകാം?

- • "അപ്പോൾ അയാളുടെ കൈവശം ജീവിതഭദ്രത നൽകുന്നതായി രണ്ട് അനുഗ്രഹങ്ങളുണ്ടായിരുന്നു - ബലിഷ്ഠമായ കൈകളും പതറാത്ത മനസ്സും."
  • "ജീവിതത്തിൽ ആപത്ത് ആർക്കുമുണ്ടാകും. ആപത്തിൽ അന്യോന്യം തുണയ്ക്കാനാണ് ദൈവം മനുഷ്യന് വിവേകം കൊടുത്തിരിക്കുന്നത്."

  രണ്ടു ടാക്സിക്കാരുടെയും മനോഭാവങ്ങൾ അപഗ്രഥിച്ച് കുറിപ്പു തയാറാക്കുക.

- സത്യസന്ധതയുടെയും മനുഷ്യസ്നേഹത്തിന്റെയും മാതൃകകളാണ് യതി തന്റെ അനുഭവത്തിലൂടെ വരച്ചുകാട്ടുന്നത്.

  നിങ്ങൾക്ക് പരിചയമുള്ള ഇത്തരം സന്ദർഭങ്ങൾ ക്ലാസിൽ പങ്കുവയ്ക്കുക.

**പദകോശം**

| | | | | | |
|---|---|---|---|---|---|
| അഭിജാതൻ | - | വിദ്വത്തമുള്ളവൻ, കുലീനൻ | ഉദ്വേഗം | - | ആകാംക്ഷ |
| | | | ഐച്ഛികം | - | ആഗ്രഹത്തിനൊത്ത |
| അർപ്പണം | - | ആദരവോടെ നൽകൽ | ദാർഢ്യം | - | ഉറപ്പ് |
| | | | പഥികർ | - | വഴിയാത്രക്കാർ |

- വാക്യശുദ്ധി പരിശോധിക്കുക.
  • ഏതു വിചാരണ നേരിടാനും താൻ സന്നദ്ധമാണെന്ന് അയാൾ പറഞ്ഞു.

- പാഠഭാഗങ്ങളിൽനിന്നു പരകീയപദങ്ങൾ കണ്ടെത്തി എഴുതുക.
  *ഉദാ:* • ഹാജർ
  • സർട്ടിഫിക്കറ്റ്
  •

24NISZ

24XEUH



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## ഞാൻ എന്നെക്കുറിച്ച്

| | ഉണ്ട് | മെച്ചപ്പെടാനുണ്ട് |
|---|---|---|
| • കവിതയുടെ താളം, ഭാവം, ആശയഭംഗി എന്നിവ കണ്ടെത്തി ആസ്വദിക്കാനും ഈണത്തിൽ ചൊല്ലാനും കഴിയുന്നു. | | |
| • കഥ വായിച്ച് പ്രധാനാശയങ്ങൾ, മുഹൂർത്തങ്ങൾ, ആഖ്യാനരീതി എന്നിവ വിശകലനം ചെയ്ത് പഠനം തയാറാക്കാൻ കഴിയുന്നു. | | |
| • തന്നിരിക്കുന്ന വിഷയത്തെ സമകാലിക അവസ്ഥകളുമായി ബന്ധപ്പെടുത്തി എഡിറ്റോറിയൽ തയാറാക്കാൻ കഴിയുന്നു. | | |
| • പ്രസക്തമായ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഉപന്യാസം തയാറാക്കാൻ കഴിയുന്നു. | | |
| • സെമിനാറുകളിൽ പങ്കെടുത്ത് സ്വന്തം അഭിപ്രായങ്ങൾ യുക്തിപൂർവം അവതരിപ്പിക്കാൻ കഴിയുന്നു. | | |

എഴുത്തുകാരെ അറിയുക



### പി. ഭാസ്കരൻ

**(1924–2007)**

കവി, ഗാനരചയിതാവ്, ചലച്ചിത്രകാരൻ, മാധ്യമപ്രവർത്തകൻ എന്നീ നിലകളിൽ പ്രശസ്തൻ. ദീർഘകാലം ആകാശവാണിയിൽ ജോലിചെയ്തു. ദീപിക പത്രാധിപർ, ഏഷ്യാനെറ്റിന്റെ ആദ്യചെയർമാൻ എന്നീ പദവികളും വഹിച്ചിട്ടുണ്ട്. പത്മശ്രീ, കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ്, ജെ.സി. ഡാനിയേൽ അവാർഡ് എന്നീ ബഹുമതികൾക്ക് അർഹനായി. ഒറ്റക്കമ്പിയുള്ള തംബുരു, ഓർക്കുക വല്ലപ്പോഴും, വയലാർ ഗർജിക്കുന്നു, ഓടക്കുഴലും ലാത്തിയും, ഒരിക്കൽക്കൂടി, കായൽക്കാറ്റ്, രണഭേരി, കർഷകഗാനം, മുൾക്കിരീടം, മുഖത്തോടുമുഖം (കവിതകൾ), ദേശീയഗാനങ്ങൾ, സിനിമാഗാനങ്ങൾ, നാഴിയുരിപ്പാല് (ഗാനസമാഹാരങ്ങൾ), കാടാറുമാസം, സിനിമാനിർമ്മാണം (ഉപന്യാസങ്ങൾ) എന്നിവയാണ് പ്രധാന കൃതികൾ.

257AHA

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com






## സി.വി. ശ്രീരാമൻ

**(1933–2007)**

തൃശൂർ ജില്ലയിലെ ചെറുതുരുത്തിയിൽ ജനിച്ചു. കഥാകൃത്ത്, രാഷ്ട്രീയപ്രവർത്തകൻ, അഭിഭാഷകൻ. കേരള സാഹിത്യ അക്കാദമി ഉപാധ്യക്ഷൻ, കേന്ദ്ര സാഹിത്യ അക്കാദമി അംഗം എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ പ്രസിഡന്റായിരുന്നിട്ടുണ്ട്. വാസ്തുഹാര, ക്ഷുരസ്യധാര, ഓർമ്മച്ചെപ്പ്, തീർഥക്കാവടി, ദുഃഖിതരുടെ ദുഃഖം, പുറംകാഴ്ചകൾ, ചക്ഷുശ്രവണഗളസ്ഥമാം തുടങ്ങിയവ കൃതികൾ. കേന്ദ്ര – കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

25G6XX



## നിത്യചൈതന്യയതി

**(1924–1999)**

പത്തനംതിട്ടയിലെ വകയാറിൽ ജനിച്ചു. തത്ത്വചിന്തകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. മനശ്ശാസ്ത്രം ജീവിതത്തിൽ, യതിചര്യ, മൂല്യങ്ങളുടെ കുഴമറിച്ചിൽ, നളിനി എന്ന കാവ്യശിൽപ്പം, സമ്യക്കായ ലോകവീക്ഷണം, എന്റെ മനസ്സിലെ ഗാന്ധി, പ്രേമവും ഭക്തിയും തുടങ്ങി നൂറിലേറെ മലയാളകൃതികൾ രചിച്ചിട്ടുണ്ട്. Neither this nor that തുടങ്ങി അൻപത്തിയെട്ടോളം ഇംഗ്ലീഷ് കൃതികളും രചിച്ചു. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

25Q2ZK



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

# 5

# തുടിതാളം തേടി...



നമ്മുടെ മാതാവു-കൈരളി-പണ്ടൊരു
പൊന്മണിപ്പൈതലായ് വാണ കാലം-
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിരിയിൽ,
ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ-
റോടിക്കളിച്ചു രസിച്ച കാലം-
പെറ്റമ്മതന്നുടെ വെൺമുലപ്പാൽ തീരെ
വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൽ
പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം.

പണ്ടത്തെപ്പാട്ടുകൾ (വള്ളത്തോൾ)

*ചേതസി - മനസ്സിൽ*  *ഏടലർ - താമരപ്പൂവ്*

- കാവ്യഭാഗത്തിന് ഈണം നൽകി അവതരിപ്പിക്കുക.
- കൈരളി പൊന്മണിപ്പൈതലായി വാണകാലത്ത് പാടിയ പാട്ടുകളുടെ പ്രത്യേകതകൾ ചർച്ചചെയ്യുക.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# അമ്പാടിയിലേക്ക്



**മാ**യംകളഞ്ഞുള്ള മാമുനിമാരുടെ
മാനസമായൊരു മന്ദിരത്തിൽ
നിന്നുവിളങ്ങിന നന്ദകുമാരനെ-
ച്ചെന്നങ്ങു കാണ്മതിന്നായിച്ചെമ്മേ
അക്രൂരമായൊരു മാനസംപൂണ്ടുള്ളൊ-
രക്രൂരനാകിന യാദവന്താൻ
ചൊൽക്കൊണ്ടു നിന്നൊരു തേരിൽക്കരേറിയ-
ദ്ദിക്കിനെ നോക്കി നടന്നാനപ്പോൾ.
പോകുന്നനേരത്തു തന്നിലേ നണ്ണിനാൻ
ഗോവിന്ദപാദങ്ങളുള്ളിലാക്കി:
"കണ്ണനെക്കാണ്മതിന്നായല്ലോ പോകുന്നു
പുണ്യവാനെന്നതു നിർണയം ഞാൻ.
ആയർകോൻതന്നുടെ കാന്തിയായുള്ളൊരു
പീയൂഷവാരിതൻ പൂരംതന്നെ
കോരിനിറച്ചുകൊണ്ടെന്നുടെ കണ്ണിണ
പാരം കുളുർപ്പിച്ചു നിൽപ്പനോ ഞാൻ.
കാർവർണൻ തന്നുടെ കൺമുനയായൊരു
കാർവണ്ടു വന്നിങ്ങു മെല്ലെമെല്ലെ
ദീനനായ് നിന്നൊരു ഞാനായ പൂവിൽനി-
ന്നാനന്ദമാടിക്കളിക്കുമോ താൻ?
കണ്ണന്റെ തൂമൊഴിയായൊരു തേൻകൊണ്ടെൻ
കർണങ്ങൾ രണ്ടും നിറച്ചു ചെമ്മേ
പൂമാതുപൂണുന്ന പൂമേനികണ്ടുക-
ണ്ടാമോദം പൂണ്ടങ്ങു നിൽപ്പനോ ഞാൻ?
പുഞ്ചിരിയായൊരു തൂനിലാവേറ്റു നി-
ന്നെഞ്ചിത്തമായുള്ളൊരാമ്പൽ ചെമ്മേ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





ഉല്ലസിച്ചാനന്ദമായൊരു തേനുംപൂ-
ണ്ടല്ലലെപ്പോക്കുമാറുണ്ടോ വന്നു?
വെണ്ണ പിരണ്ടിട്ടു തിണ്ണം കുളുർത്തുള്ളൊ-
രുണ്ണിക്കൈയൊന്നു മുകർന്നുതാവൂ.
കണ്ടൊരു നേരത്തു കാർമുകിൽവർണനെ
മണ്ടിയണഞ്ഞൊന്നു പൂണ്ടുതാവൂ.
ചേവടി രണ്ടുമെടുത്തുടൻ മെല്ലവേ
ചൊവ്വോടു മൗലിയിൽ ചേർത്തുതാവൂ."
ഇങ്ങനെ തന്നിലേ ചിന്തിച്ചുചിന്തിച്ചു
പൊങ്ങിന കൗതുകം പൂണ്ടുപൂണ്ട്
സായമായുള്ളൊരു കാലം വരുന്നപ്പോ-
ളായർകുലം തന്നിൽ ചെന്നു പുക്കാൻ.
ആഴിനേർവർണന്റെ ചേവടിത്താരിണ
പൂഴിയിൽക്കാണായി പോകുംനേരം
തേരിൽനിന്നന്നേരം പാരിലിറങ്ങീട്ടു
പാരാതെ കുമ്പിട്ടുകൂപ്പിനിന്നാൻ
ആഴംപൂണ്ടീടുന്നോരാമോദം തന്നാലേ
പൂഴിയിൽവീണു പുരണ്ടാൻ ചെമ്മേ
പിന്നെയെഴുന്നേറ്റു ധന്യമായുള്ളൊരു
നന്ദന്റെ മന്ദിരം തന്നെക്കണ്ടാൻ;
കാലികറന്നുള്ളൊരൊച്ചയുണ്ടെങ്ങുമേ
ബാലന്മാർ കോലുന്ന ലീലകളും
ഒന്നിനോടൊന്നു കലർന്നുകളിക്കുന്ന
കന്നും കിടാക്കളുമുണ്ടെങ്ങുമേ.
കാളകൾ തങ്ങളിൽക്കുത്തിക്കുതർന്നിട്ടു
ധൂളിയെഴുന്നുമുണ്ടോരോരോ ദിക്കിൽ
ധേനുക്കളെച്ചെന്നു ചാലക്കറപ്പാനായ്
ചേണുറ്റ പാൽക്കുഴ ചേർത്തു കൈയിൽ
ചാലേ മുറുക്കിന കാഞ്ചിയുമാണ്ടുള്ള
നീലവിലോചനമാരുണ്ടെങ്ങും.
ഗോക്കളെപ്പേർചൊല്ലി നീളെ വിളിക്കയും
പാൽക്കുഴ താവെന്നു ചൊല്ലുകയും
ചേൽക്കണ്ണിമാരുടെ വാക്കുകളിങ്ങനെ
കേൾക്കായി വന്നുതേ പാർക്കുംതോറും
"എന്നുടെ കന്നിനെക്കണ്ടുതില്ലേന്തോഴീ
നിന്നുടെ വീട്ടിങ്കലുണ്ടോ കണ്ടു?"
എന്നങ്ങു തങ്ങളിൽ ചോദിച്ചു നിന്നുള്ള
സുന്ദരിമാരുമുണ്ടങ്ങുമിങ്ങും.

കൃഷ്ണഗാഥ (ചെറുശ്ശേരി)

25YY28

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- “പുഞ്ചിരിയായൊരു തൂനിലാവേറ്റു നി-
  ന്നെഞ്ചിത്തമായുള്ളൊരാമ്പൽ ചെമ്മേ
  ഉല്ലസിച്ചാനന്ദമായൊരു തേനും പൂ-
  ണ്ടല്ലലേ പോക്കുമാറുണ്ടോ വന്നു?”

  ഇത്തരത്തിലുള്ള എന്തെല്ലാം ചിന്തകളാണ് അമ്പാടിയിലേക്കു പോകുന്ന അക്രൂരന്റെ മനസ്സിൽ ഉയരുന്നത്?

- കാഴ്ചയുടെയും കേൾവിയുടെയും എന്തെല്ലാം അനുഭവങ്ങളാണ് അമ്പാടിയിലെത്തിയ അക്രൂരനുണ്ടാകുന്നത്? കുറിപ്പ് തയാറാക്കുക.

- അക്രൂരന് കണ്ണനോടുള്ള സ്നേഹാതിരേകം വ്യക്തമാകുന്ന വരികൾ കണ്ടെത്തി അവയുടെ ഔചിത്യം ചർച്ചചെയ്യുക.

- താഴെ കൊടുത്ത കാവ്യഭാഗങ്ങളിലെ ചമൽക്കാരഭംഗി വിശദമാക്കുക:
  - “കാർവർണൻ തന്നുടെ കൺമുനയായൊരു
    കാർവണ്ടു വന്നിങ്ങു മെല്ലെമെല്ലെ
    ദീനനായ് നിന്നൊരു ഞാനായ പൂവിൽനി-
    ന്നാനന്ദമാടിക്കളിക്കുമോ താൻ?”
  - “അക്രൂരമായൊരു മാനസം പൂണ്ടുള്ളൊ-
    രക്രൂരനാകിന യാദവന്താൻ”

- “കണ്ണന്റെ തൂമൊഴിയായൊരു തേൻകൊണ്ടെൻ
  കർണങ്ങൾ രണ്ടും നിറച്ചു ചെമ്മേ”

  ‘തൂമൊഴിയായൊരു തേൻ’ എന്ന പ്രയോഗം ശ്രദ്ധിച്ചല്ലോ. സമാനമായ കല്പനകൾ പാഠഭാഗത്തുനിന്നു കണ്ടെത്തി വിശകലനം ചെയ്യുക.

- ആയർ, ചാലേ, ചെമ്മേ, പുക്കാൻ തുടങ്ങിയ പഴയകാലപദങ്ങൾ പാഠഭാഗത്തുണ്ടല്ലോ.
  സമാനമായ പദങ്ങൾ കണ്ടെത്തി എഴുതുക. പദങ്ങളുടെ സവിശേഷതകൾ ചർച്ചചെയ്യുക.

268U3V

26HQ5I

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



**പദകോശം**

| | |
|---|---|
| അല്ലൽ | സങ്കടം |
| ആനന്ദമാടുക | ആനന്ദനൃത്തം ചെയ്യുക |
| ആയൻ | ഇടയൻ |
| ആയർ | ഇടയന്മാർ |
| എഴുക | പൊങ്ങുക |
| കാഞ്ചി | അരഞ്ഞാൺ |
| കോലുന്ന | ചെയ്യുന്ന |
| ചാലേ | ഭംഗിയായി, നല്ലതുപോലെ |
| ചെമ്മേ | വേണ്ടപോലെ, നല്ലതുപോലെ |
| ചേവടി | വണങ്ങാൻ തക്ക പാദം, ഭംഗിയുള്ള പാദം |
| തിണ്ണം | നന്നായി |
| ധൂളി | നേരിയ പൊടി |
| ധേനു | കറവപ്പശു |
| നണ്ണുക | വിചാരിക്കുക |
| പാരാതെ | വേഗത്തിൽ |
| പാരം | വളരെ |
| പാൽക്കുഴ | പാലുകറക്കുന്ന പാത്രം |
| പീയൂഷം | അമൃത് |
| പുക്കാൻ | അവൻ പ്രവേശിച്ചു |
| പൂമാത് | മഹാലക്ഷ്മി |
| മൗലി | ശിരസ്സ് |
| വിലോചനം | കണ്ണ് |

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



# തേൻവരിക്ക



പ്ലാവിലകൾ കൊഴിഞ്ഞുവീഴുന്നത് കരച്ചിലോടെയല്ലേ? മുറ്റത്തുനിന്ന അയ്യപ്പൻ പ്ലാവിനെ സൂക്ഷിച്ചുനോക്കി. വീടിനും പരിസരത്തിനും തണലും കാറ്റും നൽകി രക്ഷകനായിപ്പടർന്നു നിൽക്കുന്ന തേൻവരിക്ക. വളവും പുളവുമില്ലാതെ നല്ല വണ്ണവും ഉയരവുമുള്ള തടിയിൽ ചാരിവച്ച മുളയേണി. ചെറിയ കൊമ്പുകളിലൊക്കെ ഒടുവിലുണ്ടായ ചക്കകൾ, അതൊക്കെ ഇനിയും വിളഞ്ഞിട്ടില്ല.

മകൻ സുരേന്ദ്രനോടൊപ്പം രണ്ടുപേർ, തടിയുടെ വണ്ണമളക്കുന്നു. അതെന്തിനെന്നോർക്കുമ്പോൾ വെള്ളം നിറച്ച കുടവും ചുമന്ന് സുരേന്ദ്രന്റെ ഭാര്യ ലീല വന്നു. ഒന്നു തിരിഞ്ഞു നോക്കിയിട്ട്, അവൾ പറഞ്ഞു: "തടിക്കച്ചോടക്കാരാ അച്ഛാ കൂടെയൊള്ളത്."

"ങ്ഹേ?" അയ്യപ്പൻ നടുങ്ങിപ്പോയി. ലീലയെ തുറിച്ചൊന്നു നോക്കി.

"വിൽക്കണ്ടെന്നു പറഞ്ഞില്ലേ?"

"ഓ, ഞാൻ പറഞ്ഞാലുണ്ടോ കേൾക്കുന്നു!"

"ങും, ഷാപ്പിലെ പറ്റുതീർക്കാനായിരിക്കും."

സുരേന്ദ്രന്റെ മക്കൾ രണ്ടുപേരും മുറ്റത്തിറങ്ങി. അവർ പറഞ്ഞു: "തേൻവരിക്ക വിക്കണ്ട മുത്തച്ഛാ."

"വിക്കണ്ടെന്ന് മക്കള് അച്ഛനോട് പറ."

മനസ്സിലൊരു നീറ്റലോടെ, അയ്യപ്പൻ പിന്നെയും പ്ലാവിലേക്കു നോക്കി. ചില്ലകളിലൊക്കെ, ഏതെല്ലാം പക്ഷികളാണു വന്നിരിക്കുന്നത്! മുമ്പൊക്കെ പക്ഷികളുടെ കൂട്ടമായിരുന്നു. ഇപ്പോൾ രണ്ടും നാലുമൊക്കെയേയുള്ളൂ.

ആ തടിക്കു പലകാലത്തും ആവശ്യക്കാരുണ്ടായിരുന്നു. പക്ഷേ, നാളിതുവരെ വിറ്റുതുലയ്ക്കാൻ ആർക്കും തോന്നിയില്ല. എന്നാലിപ്പോൾ തന്റെ മകൻ? ദാരിദ്ര്യം എന്തെന്നറിയാതെയാണ്, കുടുംബത്തിൽ മക്കൾ വളർന്നതും വളരുന്നതും. അക്കാര്യത്തിൽ ഈ പ്ലാവിന് വലിയ പങ്ക് എന്നുമുണ്ടായിരുന്നു.

തുലാമാസമാകുമ്പോൾ, ചുവടുമുതൽ മുകൾവരെ ചവുണ്ട കായ്കൾ വിരിഞ്ഞു തുടങ്ങും. ഒരു ഞെട്ടിൽ രണ്ടും മൂന്നും വീതം. ചിലതു കൊഴിഞ്ഞുപോകും. ബാക്കിയുള്ളവ മകരത്തിലെ തണുപ്പാകുമ്പോൾ, പകുതി വിളവാകും. തടിയിലും കൊമ്പുകളിലുമെല്ലാം രണ്ടാം



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



തവണക്കാർ വിരിയുന്നതും മകരത്തിലാണ്. കുംഭമാസത്തിലെ ശിവരാത്രിക്ക് നൊയമ്പും ഉറക്കമൊഴിക്കലും പതിവുണ്ട്. അന്നു ചോറും കറികളുമില്ല. ഒരു നേരത്തെ അരിയേതര ഭക്ഷണം. പുഴുങ്ങാൻ പാകമായ ചക്ക തേൻവരിക്കയിലുണ്ടാകും. രാവിലെ കുളിച്ച് ഭസ്മക്കുറിയും തൊട്ട് അയ്യപ്പൻ പ്ലാവിൻചുവട്ടിലെത്തും. എടുക്കാനുള്ള ചക്ക നേരത്തേ നോക്കിവച്ചതാണ്. എന്നാലും വീണ്ടുമൊരു നോട്ടം, ഒന്നു കുറയുകയാണല്ലോ. ചക്കയുടെ പുറത്തെ മുള്ളിന്റെ കറുപ്പ് വിളഞ്ഞതിന്റെ തെളിവ്. ആരോടോ അനുവാദം ചോദിക്കും പോലെ, ഒരു നിമിഷത്തെ മൗന പ്രാർഥന. 'ഇതെല്ലാം നിങ്ങൾക്കുള്ളതല്ലേ? ഇഷ്ടമുള്ളതു മുറിച്ചെടുക്ക്' -പ്ലാവ് അങ്ങനെ പറഞ്ഞെന്ന തോന്നലോടെ. മുകളിലെങ്ങാനുമിരിക്കുന്നതാണെങ്കിൽ ഏണി ചാരി കയറി കയറുകെട്ടി ഇറക്കും. ചുവട്ടിലാണെങ്കിൽ ചക്കയോടു ചേർത്തു ഞെട്ടു മുറിക്കും. തടിയിൽനിന്നു വേർപെടാത്ത ഞെട്ടിന്റെ മുറിവിലൂടെ രണ്ടു നാളേക്കു തേനൂറിവരും. ഇലക്കുമ്പിളിൽ ശേഖരിച്ചെടുക്കാം. ചെറുപ്പത്തിൽ അയ്യപ്പനങ്ങനെ ചെയ്യുമായിരുന്നു. ഇപ്പോൾ മുത്തച്ഛനാണല്ലോ.

കൈകാലുകൾക്കും കണ്ണിനുമൊക്കെ പ്രായത്തിന്റെ ക്ഷീണമുള്ള അയ്യപ്പന് തേൻവരിക്കയുടെ കാര്യം നല്ല ഓർമ്മയുണ്ട്. സമൃദ്ധിയുടെ ആ കാലം കുംഭത്തിൽ തുടങ്ങി മിഥുനമാദ്യം വരെയാണ്. അതിനിടയിൽ പഴുത്തതും പച്ചയുമായി നൂറുനൂറ്റമ്പതു വരിക്കച്ചക്കകൾ കിട്ടിയിരിക്കും.

കാലത്തു കാപ്പിക്കും വൈകുന്നേരം പുഴുങ്ങാനുമുള്ള ചക്ക വെട്ടിപ്പിളർന്ന് കഷണങ്ങളാക്കി ചുളയടർത്തും. ചകിണി കളഞ്ഞ് ചുളയുടെ ഒരു വശം കീറി പാടപൊട്ടിക്കാതെ കുരുവെടുക്കും. ചുള പിന്നെ നീളത്തിൽ കനംകുറച്ചു കീന്തി ചുരണ്ടിയ തേങ്ങ, വേപ്പില, പാകത്തിന് ഉപ്പും മുളകും മഞ്ഞളും ചേർത്തിളക്കി വേവിച്ചാൽ ചക്കപ്പുഴുക്ക്. കുരുവിനു പുറമെയുള്ള പാട ഒന്നു ഞെക്കിയാൽ പൊട്ടി വേർപെടും. ഞെട്ടുകളഞ്ഞ് അരിഞ്ഞു തോരനുണ്ടാക്കാം. കുരുചുരണ്ടി കനംകുറച്ചരിഞ്ഞാൽ തോരനോ മെഴുക്കുപുരട്ടിയോ. മുരിങ്ങക്കായ്, മാങ്ങ, ചെമ്മീൻ ഏതെങ്കിലും ചേർത്തു ചാറുകറി.

മീനം-മേടം മാസങ്ങളിൽ ചക്ക കൂട്ടമായി വിളയും. നോക്കിയും കണ്ടും എടുത്തില്ലെങ്കിൽ ഒന്നിച്ചു പഴുത്തു ചീഞ്ഞളിയും. അതിനാൽ മൂപ്പായത് മൂപ്പായത് ഇറക്കിക്കൊണ്ടുവരും. മുറിച്ചു ചുളകളെടുത്തു നാലായിപ്പിളർന്ന് തിളയ്ക്കുന്ന വെള്ളത്തിലിട്ടു വാട്ടി, വെയിലിലുണക്കി സൂക്ഷിച്ചുവയ്ക്കാം, പഞ്ഞക്കാലത്തു പുഴുക്കിന്. മടലും ചകിണിയുമെല്ലാം വളർത്തുമൃഗങ്ങൾക്കു തീറ്റിയും.

കയറിപ്പറ്റാനാവാത്തതോ തോട്ടി എത്താത്തതോ ആയ ചില്ലയിലെങ്ങാനും ചക്ക പഴുത്താൽ അണ്ണാൻ, വവ്വാൽ, കാക്ക, കിളികൾ... എല്ലാവരുമെത്തും. ചുളകൾ തിന്ന് കുരു താഴെ വീഴ്ത്തും, മണ്ണിൽക്കിടന്നു മുളച്ച്




Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വംശവർധനവിന്. പക്ഷേ, സ്വാർഥനായ മനുഷ്യൻ സമ്മതിക്കില്ല. ഒന്നില്ലാതെ പെറുക്കിയെടുക്കും. മനുഷ്യന് എത്ര തിന്നാലും തികയുകയില്ലല്ലോ!

നല്ല കുരു ധാരാളമുണ്ടെങ്കിൽ കഴുകി തോരാനിടും, മൂടയ്ക്കിടാൻ. അടുക്കളവശത്തെ തിണ്ണയുടെ കോണിൽ കല്ലും മണ്ണും ചേർത്തു കെട്ടിയ ചതുരക്കുഴിയിൽ ഉണങ്ങിയ മണൽ കുറച്ചു നിരത്തണം. അതിനു മുകളിൽ കുരു. വീണ്ടും മണലോ ഉണങ്ങിപ്പൊടിഞ്ഞ മണ്ണോ വിതറും. ചില കാലം കുഴി നിറച്ചുണ്ടാകും. മഴയും തണുപ്പും കൂട്ടിനു പഞ്ഞവുമുള്ള മിഥുനവും കർക്കടകവും തള്ളിയാൽ നീങ്ങുകയില്ല. മൂടിപ്പുതച്ചിരിക്കാം. പിള്ളേരുള്ള വീടുകളിൽ ദാരിദ്ര്യം കൂട്ടിനു വരും. പിന്നത്തെ കാര്യം കഠിനമാണ്. എരിപൊരികൊള്ളുന്ന കൊച്ചുവയറുകൾ കടന്നലുകൾ പോലെ മൂളിനടക്കും. എങ്ങുമൊരു കാട്ടുതാൾ പോലുമില്ലാത്ത കാലം. മൂടക്കുരുവും വാട്ടുകപ്പയുമുള്ള വീട്ടമ്മയ്ക്ക്, തലവേദനയില്ല. അത്താഴം കഴിഞ്ഞ് രാവിലെ പുഴുങ്ങാൻ വേണ്ടത്ര കപ്പയും കുരുവും ഓരോ പാത്രത്തിൽ വെള്ളമൊഴിച്ചിടും. രാവിലെ, കുതിർന്ന കപ്പ കഴുകിയെടുത്ത്, ചുരണ്ടിപ്പിളർന്ന കുരുവും ഒന്നിച്ചൊരു പുഴുക്ക്. കൂട്ടാൻ, കറിയോ ചമ്മന്തിയോ ഉണക്കമീൻ ചുട്ടതോ.

പിള്ളേർക്കിഷ്ടം പുഴുക്കും കൂട്ടാനുമല്ല. പൊട്ടക്കലമോ ചീനച്ചട്ടിയോ അടുപ്പിൽവച്ച് ചുട്ടുപഴുക്കുമ്പോൾ മൂടക്കുരു വാരിയിട്ട് ഇളക്കി വറുക്കണം. പാകമായാൽ മുറത്തിൽ ചൊരിഞ്ഞിട്ട് ചിരട്ട കൊണ്ടമർത്തിത്തേച്ചാൽ തൊലിയും ചവരും പോയിക്കിട്ടും. കടിച്ചു തിന്നാം. തേങ്ങാപ്പൂളുമുണ്ടെങ്കിൽ രസം പരിപാടി. കുരു അടുപ്പിലിട്ടു ചുട്ടും തിന്നാം.

സന്ധ്യനേരത്ത് അയ്യപ്പൻ തേൻവരിക്കയിൽ ചാരിനിന്നു. ആരുടെയോ ഗദ്ഗദം പോലെ ചെറിയൊരു ചുടുകാറ്റ്. 'ഇനിയിങ്ങനെ എത്രനാൾ?' പ്ലാവിനു മറഞ്ഞുനിന്ന് ആരോ അങ്ങനെ ചോദിച്ചില്ലേ? തടിയുടെ മറുവശം ഒരാൾ നിന്നാൽ ഇപ്പുറം കാണാനാവില്ല. അയ്യപ്പൻ ഓർത്തു പിറുപിറുത്തു: "പ്ലാവേ, നിന്റെ ദുരന്തം ഈ പൊണ്ണത്തടിയല്ലേ? നീയൊരെലിമ്പനോ പൊത്തനോ ആയിരുന്നെങ്കിൽ!"

"അല്ല, അയ്യപ്പനും അതറിയില്ലെന്നുണ്ടോ? മണ്ണുതരുന്നതെല്ലാം മരങ്ങൾ സ്വീകരിക്കും. പിന്നെ, നിന്റെ മുത്തച്ഛനല്ലേ എന്റെയരികിൽ വീടുവെച്ചത്? എന്നെ വെട്ടിക്കളയാൻ കുറേ ആളുണ്ടോന്നും അയാൾ നോക്കിയല്ലോ. എലുമ്പനും പൊത്തനുമൊക്കെപ്പോട്ടെ, രുചിയില്ലാത്ത കായ്കളായിരുന്നു എന്റേതെങ്കിൽ, എന്നെ എന്നേ അഗ്നിക്കിരയാക്കുമായിരുന്നു. മുതുമുത്തച്ഛൻ മുതൽ ഇളംമുറയിലെ കുഞ്ഞുങ്ങൾവരെ എന്റെ മധുരക്കനികൾ തിന്നു. എന്റെ തണലിൽത്തന്നെ ഓടിയുമൊളിച്ചും കളിച്ചുവളർന്നു. ആനന്ദമായിരുന്നു അന്നൊക്കെ. നിങ്ങളിൽ പലരും എന്നെ വിൽക്കാൻ വിചാരിച്ചില്ലേ? എന്തേ ചെയ്തില്ല? നിന്റെ മകൻ തീർച്ചയായും അതു ചെയ്യും."

"ഇല്ല, ഇല്ല. അവനെന്റെ മകനാണ്, ഞാനതനുവദിക്കില്ല."

"ങ്ഉംഹും, ഒരു വൃദ്ധന്റെ വ്യാമോഹം! അച്ഛന്റെ വാക്കുകൾക്ക് മകൻ ചെവിതരുമെന്നോ?"

"ഇല്ലേ?" നിശ്വാസംപോലെ പിന്നെയുമൊരിളങ്കാറ്റ്. കടുപ്പമുള്ള തടിയിൽ ഒരു കോടാലി ആഞ്ഞു പതിക്കുന്നില്ലേ? മഞ്ഞനിറമുള്ള ചീളുകൾ ചിതറുന്നു. മുറിപ്പാടിലൊഴുകുന്ന വെളുത്ത ചറത്തിനു ചോരനിറം. വേദനകൊണ്ട് തേൻവരിക്കയുടെ കൊമ്പുകൾ വിറയ്ക്കുന്നു. "അയ്യോ പ്ലാവേ, ദേവവൃക്ഷങ്ങളിൽ നീ ഉത്തമനും പുണ്യവാനുമല്ലേ! എന്തു കുറ്റത്തിനാണു നിന്നെ വെട്ടിവീഴ്ത്തുന്നത്?"

"പലകാലം ഒരു കുടുംബത്തിന്റെ വിശപ്പടക്കി, തണലേകി, ജീവജലം വറ്റിപ്പോകാതെ കാത്തു. ചുറ്റുവട്ടത്തിലുള്ള മണ്ണ് വളക്കൂറുള്ളതാക്കി നിലനിർത്തി. പുതിയനിയമത്തിൽ ഇതെല്ലാം കുറ്റങ്ങളല്ലേ? റബ്ബറിന് പ്ലാവൊരു തടസ്സമാണെന്ന് നിന്റെ മകൻ വിചാരിക്കുന്നു. എന്നെ വിൽക്കാൻ അവൻ പണം വാങ്ങിയല്ലോ."



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



"തലയിൽ ഒരു കൊമ്പൊടിച്ചിട്ടെങ്കിലും ആ ദുഷ്ടനെ......"

"കൊല്ലണം അല്ലേ? എന്തൊരു കഷ്ടമാണിത്? വൃക്ഷങ്ങൾക്ക് പകയില്ലെന്ന കാര്യവുമറിയില്ല. വെട്ടി മുറിക്കുമ്പോഴുണ്ടാകുന്ന വേദന പൊറുക്കണമെന്ന് വെട്ടുകാരനപേക്ഷിച്ചാൽ നിരസിക്കുന്നതെങ്ങനെ? വൃക്ഷങ്ങൾ നശിക്കുമ്പോൾ പ്രകൃതിയിൽ മാറ്റങ്ങളുണ്ടാകും. അതിനൊന്നും ഞങ്ങൾ ബാധ്യസ്ഥരല്ല. അതുമോർക്കുക."

മടിച്ചാണെങ്കിലും അയ്യപ്പൻ മകനെ ഉപദേശിച്ചു: "തേൻവരിക്ക വിൽക്കരുത്. അത് മക്കളെ പോറ്റിയതല്ലേ?"

സുരേന്ദ്രൻ മുഖമുയർത്താതെ ചുറ്റിലും നോക്കി. അച്ഛൻ മാത്രമല്ല, ഭാര്യയും മക്കളുംകൂടി തന്റെ മറുപടിക്കു കാതോർക്കുന്നു. തീരെ ഇഷ്ടപ്പെടാതെ അയാൾ പിറുപിറുത്തു: "ഒരു പ്ലാവല്ലേ, പോട്ടെ."

"ഞേഹ്?" നിരാശയോടെ അയ്യപ്പൻ കണ്ണുകൾ പിൻവലിച്ചു.

"ആ പ്ലാവൊള്ളതുകൊണ്ട് മക്കൾ പഞ്ഞമറിഞ്ഞിട്ടില്ല"-ലീലയുടെ ശബ്ദം.

"നിന്റെ മക്കളേടീ, കുറച്ച് പഞ്ഞംകൊള്ളട്ടെ."

"ങും, കണ്ണിക്കടിയുള്ളോരു ചിരിക്കും."

"ചിരിച്ചോട്ടെ."

"ഇതുപോലൊന്ന് വേറെയാർക്കുമില്ലെന്നോർക്കണം."

"നിനക്കു സ്ത്രീധനം കിട്ടിയതല്ലല്ലോ? എരമ്പുപോയാൽ അവിടെ അമ്പതറുപതു റബ്ബറുവെക്കാം. നല്ല പാലുള്ളതാണെങ്കിൽ ദിവസവും മൂന്നുനാലുകിലോ പോരായിരിക്കും."

ലീലയ്ക്ക് അനുഭവങ്ങളുടെ സംശയമാണ്: "അതിനു തൈവെച്ച് ആറേഴു കൊല്ലം കഴിയണ്ടേ? അന്നു റബ്ബറിനു വിലകിട്ടുമെന്നാരറിഞ്ഞു?"

അയ്യപ്പൻ കൂട്ടിച്ചേർത്തു: "അതെ, ഒന്നാന്തരം വരിക്കപ്ലാവ് വെട്ടി വിറ്റേച്ച്..."

സുരേന്ദ്രന് കോപം വന്നു: "കടം വീട്ടണ്ടേ? നിങ്ങൾക്കൊക്കെ തിന്നാനും തരണം."

"ഉവ്വെടാ, ആയ കാലത്ത് രാപകലില്ലാതെ കഷ്ടപ്പെട്ടിട്ടാ മൊതലൊണ്ടായത്. വിറ്റു തിന്നാനല്ലാതെ കാൽക്കാശിന് നീയുണ്ടാക്കിയോ?"

"അച്ഛനൊന്നു മിണ്ടാതിരിക്ക്" -മരുമകൾ വിലക്കി.

"സുരേന്ദ്രനില്ലേ? പൂയ്..."

"ആരാ?"

വാതുക്കൽ വന്നുനോക്കിയത് അയ്യപ്പനാണ്. തേച്ചുമിനുക്കി മൂർച്ച കൂട്ടിയ മഴുവും വളയമാക്കി തോളിലേറ്റിയ വടവുമായി മൂന്നുപേർ മുറ്റത്ത്.

"ഞങ്ങളേ, പ്ലാവുവെട്ടാൻ വന്നതാ."

അയ്യപ്പനു ശബ്ദമില്ലാതായി. കാലിലൂടെ ഒരു വിറയൽ മേൽപ്പോട്ടു കയറി. അതു നെഞ്ചിലുടക്കി വിങ്ങുമ്പോൾ തൊണ്ട വരണ്ടു, കാഴ്ച മങ്ങി. തേൻവരിക്കയുടെ ഒരു കൊമ്പു വെട്ടുന്നതുപോലും നോക്കി നിൽക്കാൻ തനിക്കാവില്ല.





Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



വെട്ടിവീഴ്ത്തുമ്പോൾ ഒരുപക്ഷേ... വേണ്ട... വേച്ചുവേച്ച് അയ്യപ്പനിറങ്ങി നടന്നു; മനസ്സിൽ തടിവീണ് മണ്ണു കുലുങ്ങുന്ന പ്രകമ്പനത്തോടെ.

മുറ്റത്ത് പ്ലാസ്റ്റിക് കൂടുകളിൽ റബ്ബർത്തൈകൾ. തണൽപോയി നഗ്നമായി ഉണങ്ങിവരണ്ട മണ്ണിൽ വായ്തുറന്ന് കുഴികൾ. കുടിക്കാനും കുളിക്കാനുമുള്ള വെള്ളം തേൻവരിക്കയുടെ തണലിലായിരുന്നു. ചെറിയൊരു പാറവിടവിലൂടെ ഊറിവന്ന് ഓലി നിറയും. അതു വറ്റുമായിരുന്നില്ല. അതിനാൽ വേറൊന്ന് അന്വേഷിച്ചുമില്ല.

ഓലിയിലെ വെള്ളം ചൂടായിക്കിടന്നു, നിമിഷംതോറും വറ്റിക്കൊണ്ട്.

ചപ്പുചവറും മേൽമണ്ണും നിറച്ചിട്ടിരുന്ന കുഴികളിൽ മഴപെയ്ത ശേഷം നട്ട റബ്ബർത്തൈകൾ, വേനലാരംഭത്തിൽ വാടിത്തളർന്നു തലകുനിച്ചുനിന്നു. ലീല അതിനൊക്കെ ഓലമെടഞ്ഞു തണൽ കുത്തി. മണ്ണു വരണ്ടുപൊടിഞ്ഞ തക്കത്തിന് കാറ്റുവന്ന് ഊതിപ്പറത്തി.

ഓലിയിലെ നീരുറവ നിശ്ശേഷം വറ്റിപ്പോയി. അലുമിനിയക്കുടങ്ങളുമായി താഴെഭാഗത്തെ കിണറ്റുകരയിൽ വെള്ളമെടുക്കാൻ നിന്ന ലീലയോട് വീട്ടുടമ പറഞ്ഞു: "എങ്ങനെയാ പറയുന്നത്, എന്നുമിങ്ങനെ വെള്ളം തരാൻ പറ്റുകയില്ല കേട്ടോ."

"കുടിക്കാനൊരു കുടം."

"ഇന്നുകൂടിത്തരാം."

"ചൂടുകൊണ്ട് ഒരു രക്ഷയുമില്ല. ഒന്നു കുളിക്കാതെങ്ങനെ കിടന്നുറങ്ങാനാണ്?" സുരേന്ദ്രൻ പാത്രങ്ങളിൽ നോക്കി. എല്ലാം കാലി.

"മേലൊന്ന് നനയ്ക്കാൻ പോലും വെള്ളമില്ലേടീ?"

"ഞാനെവിടുന്നു കൊണ്ടുവരാനാ?"

വറുതിക്കൊരവസാനം പോലെ മഴ ചിതറിവീണു, ആശ്വാസം. അങ്ങനെയിരിക്കുമ്പോൾ മുറ്റത്തിന്റെ കോണിടിഞ്ഞതു കണ്ട്, സുരേന്ദ്രൻ നടുങ്ങി. ചാറ്റൽ മഴയത്ത് തലയിൽ തുണിയുമിട്ട് നോക്കിനിൽക്കുന്ന ഭാര്യയുടെ അടുത്തു ചെന്ന് അയാളും നോക്കി. മൂന്നു കൊല്ലം മുമ്പ് നട്ട റബ്ബർത്തൈകൾ കൈവണ്ണമാകേണ്ടതായിരുന്നു, ആയില്ല. മണ്ണെല്ലാമൊഴുകിപ്പോയതിനാൽ മിക്കതും കടപുഴകി വീണു. ഇതൊന്നുമല്ല പ്രതീക്ഷിച്ചത്. ഉരുൾപൊട്ടലുണ്ടായതു പോലെ എവിടെയും എഴുന്നുനിൽക്കുന്ന കല്ലുകളേ കാണാനുള്ളൂ. പിറകിൽ വന്നുനിന്ന് അച്ഛൻ പരിഹസിച്ചോ? "സുരേന്ദ്രാ, മണ്ണും മരവും തമ്മിലുള്ള ബന്ധം നിനക്കറിഞ്ഞുകൂടാ. മരം വെട്ടിയാൽ വേരുണങ്ങും, മണ്ണുണങ്ങും, കാറ്റത്തും മഴയത്തും പറന്നും ഒലിച്ചും പോകും. കുടിനീർ ചുരത്താത്ത കല്ലുകൾ തെളിഞ്ഞുവരും. ഇവിടംവിട്ട് എവിടെയെങ്കിലും പൊയ്ക്കൂടേ?"

"എങ്ങോട്ടാണച്ഛാ...?"

നിസ്സഹായന്റെ നിലവിളി (നാരായൻ)

---

"മനസ്സിലൊരു നീറ്റലോടെ അയ്യപ്പൻ പിന്നെയും പ്ലാവിലേക്കു നോക്കി."

"... വേണ്ട. വേച്ചുവേച്ച് അയ്യപ്പനിറങ്ങി നടന്നു; മനസ്സിൽ തടിവീണ് മണ്ണ് കുലുങ്ങുന്ന പ്രകമ്പനത്തോടെ."

അയ്യപ്പനും പ്ലാവും തമ്മിലുള്ള ബന്ധം വ്യക്തമാകുന്ന കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തി അതിലെ വൈകാരികത ചർച്ചചെയ്യുക.



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- "കൊല്ലണം അല്ലേ? എന്തൊരു കഷ്ടമാണിത്. വൃക്ഷങ്ങൾക്കു പകയില്ലെന്ന കാര്യവുമറിയില്ല. വെട്ടിമുറിക്കുമ്പോഴുണ്ടാകുന്ന വേദന പൊറുക്കണമെന്ന് വെട്ടുകാരനപേക്ഷിച്ചാൽ നിരസിക്കുന്നതെങ്ങനെ?"

  ഈ വരികളിൽ തെളിയുന്ന മനോഭാവം വിശകലനം ചെയ്യുക.

- കഥയിൽ പ്ലാവ് ഒരു കഥാപാത്രമായി മാറുന്നതെങ്ങനെയെന്ന് വിശദീകരിക്കുക.
- "ചക്ക തിന്നുന്തോറും പ്ലാവ് വെക്കാൻ തോന്നും."

  ഭക്ഷ്യസംസ്കാരവുമായി ബന്ധപ്പെട്ട കൂടുതൽ പഴഞ്ചൊല്ലുകൾ ശേഖരിച്ച് വ്യാഖ്യാനിക്കുക.

- അയ്യപ്പനും മകനും പ്രകൃതിയെ രണ്ടു രീതിയിലാണ് സമീപിക്കുന്നത്. നിങ്ങൾ ആരുടെ സമീപനത്തോടാണ് യോജിക്കുന്നത്? എന്തുകൊണ്ട്? സംവാദം സംഘടിപ്പിക്കുക.
- • "ആ പ്ലാവൊള്ളതുകൊണ്ട് മക്കൾ പഞ്ഞമറിഞ്ഞിട്ടില്ല."
  • "വീടിനും പരിസരത്തിനും തണലും കാറ്റും നൽകി രക്ഷകനായി പടർന്നു നിൽക്കുന്ന തേൻവരിക്ക."
  • "കയറിപ്പറ്റാനാവാത്തതോ തോട്ടി എത്താത്തതോ ആയ ചില്ലയിലെങ്ങാനും ചക്ക പഴുത്താൽ അണ്ണാൻ, വവ്വാൽ, കാക്ക, കിളികൾ... എല്ലാവരുമെത്തും."

  മനുഷ്യന്റെയും മറ്റു ജന്തുജാലങ്ങളുടെയും ജീവിതത്തിൽ പ്ലാവിനുള്ള സ്ഥാനം വ്യക്തമാക്കുന്ന വരികൾ വായിച്ചല്ലോ. പ്രമേയം, ഭാഷ, ആഖ്യാനരീതി, സമകാലികപ്രസക്തി എന്നിവകൂടി പരിഗണിച്ച് 'തേൻവരിക്ക' എന്ന കഥയ്ക്ക് നിരൂപണം തയാറാക്കുക.

- • ഇവിടംവിട്ട് എവിടെയെങ്കിലും പൊയ്ക്കൂടേ?
  • സന്ധ്യനേരത്ത് അയ്യപ്പൻ തേൻവരിക്കയിൽ ചാരിനിന്നു.
  • ചില്ലകളിലൊക്കെ, ഏതെല്ലാം പക്ഷികളാണ് വന്നിരിക്കുന്നത്!

  വാക്യങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന ചിഹ്നങ്ങൾ നൽകുന്ന അർഥസൂചനകൾ എന്തൊക്കെയാണ്?

**പദകോശം**

| | | | |
|---|---|---|---|
| എരമ്പ് | ചോല | ചറം | കറ (ചെടികളുടെ തണ്ടുപൊട്ടിക്കുമ്പോൾ ഉറന്നൊഴുകുന്ന ദ്രാവകം) |
| ഓലി | വട്ടം കുറഞ്ഞ കുളം, ഊറ്റുകുഴി | മൂടക്കുരു | ഉണങ്ങിയ കുരു |
| കീന്തി | നെടുകെ പിളർത്തി, നെടുകെ മുറിച്ച് | മൂടയ്ക്കിടുക | ഉണങ്ങാനിടുക |
| ചവുണ്ടകായ | ഇളം കായ | | |

26RL76

271H8T

27ADAG

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com





ചിറക്കര വാഴുന്നവരുടെ മകളാണ്
മതിലേരിക്കന്നി.
ചെറുപ്പത്തിലേ അമ്മ മരിച്ചുപോയ അവളെ
അച്ഛനാണ് വളർത്തിയത്.
അദ്ദേഹംതന്നെ
ആയോധനമുറകളും പഠിപ്പിച്ചു.
പതിനേഴാം വയസ്സിൽ അവൾ
ചിറക്കരനാട് വാണുതുടങ്ങി.
വൈകാതെ വേണാട്ടുരാജാവുമായുള്ള
വിവാഹവും നടന്നു.
ഒരടിയന്തരസന്ദേശം ലഭിച്ചതിനാൽ
ദിവസങ്ങൾക്കകം രാജാവ്
വേണാട്ടേക്കു തിരിച്ചുപോയി.
മൂന്നുവർഷം കഴിഞ്ഞു.
രാജാവിനെപ്പറ്റി ഒരു വിവരവുമില്ല.
ഒരു തിരുവാതിരനാൾ മതിലേരിക്കന്നി
തന്റെ സങ്കടങ്ങൾ അച്ഛന്റെ മുന്നിൽ
അവതരിപ്പിച്ചു:
"എന്നെ രാജാവ്  മറന്നിരിക്കുന്നു.
ചൊല്ലിയയച്ചിട്ടും കാണാൻ വന്നില്ല.
ഓണക്കോടിയില്ല, ഓണപ്പണമില്ല,
ഒരു എഴുത്തോലപോലുമില്ല."
അപ്പോഴാണ് വാഴുന്നവർ മകളോട്
കാര്യങ്ങൾ തുറന്നു പറയുന്നത്.
ഓടനാടും പാണ്ടിപ്പടയും വേണാടിനെ
ആക്രമിച്ചിരിക്കുന്നു.
മൂന്നാണ്ടുകാലമായി രാജാവ്
പടക്കളത്തിൽ പൊരുതിക്കൊണ്ടിരിക്കുന്നു.
കാര്യങ്ങളെല്ലാം അതത് സമയത്തു
തന്നെ അറിയിക്കുന്നുണ്ട്.
കന്നി വിഷമിക്കരുത്.
അതിനാൽ അവളോട് ഇതൊന്നും  പറയരു
തെന്നും പ്രത്യേകം സൂചിപ്പിക്കാറുണ്ട്.
അച്ഛന്റെ വിവരണം കേട്ട്
അവളുടെ മനസ്സ് നൊന്തു.
ഭർത്താവിനെ തെറ്റിദ്ധരിച്ചതിൽ പശ്ചാത്തപിച്ചു.
ആ സമയത്താണ് വേണാട്ടു രാജാവിന്റെ ദൂതൻ
എഴുത്തോലയുമായി അവിടെയെത്തിയത്.
എഴുത്തോല വായിച്ച
മതിലേരിക്കന്നിയുടെ പ്രതികരണമാണ്
പാഠഭാഗം.

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com




# മതിലേരിക്കന്നി

തിരുവെഴുത്താലോലാതു കണ്ടോണ്ടാരെ
കിടുകിടെ പൊട്ടിക്കരഞ്ഞേ കന്നി
കണ്ണീരും കൈയ്യായി നിന്നവള്
കരഞ്ഞും പറഞ്ഞല്ലോ കുഞ്ഞിക്കന്നി:
"കനകം നാളേറെ മനം കൊതിച്ച്
കരളിനകത്തുള്ള നാടുവാഴിക്ക്
അറിയാതെയായിരം കുറ്റം കണ്ട്
അതിനെന്തുടയോനെ! വേണ്ടത് ഞാനേ
ഓലുണ്ടെരിപൊരിയങ്കത്തില്
ഞാനുണ്ടിപ്പട്ടൂരിക്കട്ടുമ്മല്
ഓലുണ്ടമ്മണ്ണിലും ചോരയിലും
ഞാനുണ്ടീയേഴ്തട്ട് മാള്യേമ്മല്
പൊറുക്കുന്നില്ലച്ഛാ പൊറുക്കുന്നില്ലേ
നെഞ്ഞുണ്ടിരുമ്പൊലച്ചൂളയാവുന്നേ!
പതിനേഴും കോപ്പും തലതേഞ്ഞിറ്റ്
പതിനെട്ടോടത്താഴം വെച്ചെനക്ക്
ഇരുപത്തിയാറ് വയസ്സവർക്ക്
തിരുമേനി പടയിലെന്തേം വന്നെങ്കില്
എവിടെവെച്ചച്ഛാ പൊറുക്കും ഞാനേ
നാടുവാഴി തെളിഞ്ഞാലേ ഞാൻ തെളിയൂ!
നാടുവാഴീരുന്നാലേ ഞാനിരിക്കൂ!
നാളത്തേ പുല്ലപുലരും കാലം
വേണാട് പൂങ്കൊയിലോം പോണെനക്ക്
തിരുവെഴുത്താലോലാതുകാണുന്നേരം
കൈമെയ്യിറക്കവും വന്നെനക്ക്
മെയ്യെല്ലം കണ്ണായിത്തോന്ന്യേനക്ക്
തലവൻ പടനായരത്തേടിയച്ഛൻ
കേക്ക് മലയോരം കാരണ്ടാലോ
പന്തിരണ്ടോമനത്തിരുവയസ്സിൽ
പയറ്റിത്തെളിഞ്ഞ് പണിക്കരാക്കി
അടവും തൊഴിലും പഠിപ്പിച്ചച്ഛൻ
പടനിലച്ചന്തം പഠിപ്പിച്ചച്ഛൻ
ആണായും പെണ്ണായും പോറ്റ്യേന്റച്ഛൻ
അച്ഛൻകനിവെന്നോടുണ്ടെങ്കില്
പടപൊയ്തു താപ്പൂട്ടി വന്നോളാലോ."

*സമ്പാദനം:* ടി.എച്ച്. കുഞ്ഞിരാമൻനമ്പ്യാർ

27J9C4



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



- തിരുവെഴുത്തോല വായിച്ച മതിലേരിക്കന്നി സങ്കടപ്പെട്ടതെന്തിന്? വിശദീകരിക്കുക.

- "ഓലുണ്ടെരിപൊരിയങ്കത്തില്
ഞാനുണ്ടിപ്പട്ടൂരിക്കട്ടുമ്മല്
ഓലുണ്ടമ്മണ്ണിലും ചോരയിലും
ഞാനുണ്ടീയേഴ്തട്ട് മാള്യേമ്മല്
പൊറുക്കുന്നില്ലച്ഛാ പൊറുക്കുന്നില്ലേ
നെഞ്ചുണ്ടിരുമ്പൊലച്ചൂളയാവുന്നേ!"

  മതിലേരിക്കന്നിയുടെ മാനസികസംഘർഷം പ്രകടമാക്കാൻ ഈ വരികൾ പര്യാപ്തമാണോ? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

- പ്രതിസന്ധിഘട്ടത്തിൽ മതിലേരിക്കന്നി ഉത്തരവാദിത്വങ്ങൾ സ്വയം ഏറ്റെടുക്കുന്നു. ഇതിന് അവരെ സഹായിച്ച ഘടകങ്ങൾ എന്തൊക്കെയാവാം?

- ചക്ക്പലമേലിരുന്ന് ചക്കര തിന്നാലും
സംശയം കൂടാതെ പുണ്ണാക്കാണതെന്ന് ബോലും
ഹഖറിയാതാട്ടിയാളെ വാക്ക് കേട്ടിട്ടല്ലേ,
അല്ലലായെ ചേരമാന്റെ ചേതി കേട്ടിട്ടില്ലേ?
ഒക്കെയും കണ്ണും ചെവിടില്ലാതെ കാണും റബ്ബ്
ഓനറിയാം എന്നിലുങ്കൾ മേലിലുള്ള ഹുബ്ബ്
വെക്കമെന്നെ ദുക്കമിക്കുയ്യിന്ന് കരക്കാക്കി
വെത്തിടാനപേക്ഷ വിണ്ടിക്കത്ത് മതിയാക്കി.

*മറിയക്കുട്ടിയുടെ കത്ത് (പുലിക്കോട്ടിൽ ഹൈദർ)*

പൊട്ടിക്കരയിണ്ടോൾ ഓമനപ്പൂവി
എന്നും കരയിണ്ടോൾ ഓമനപ്പൂവി?
നമ്മള ഓടം കൊടുക്കിണ്ടി ബാപ്പാ?
എന്നേ വിൽക്കിൽ ബാപ്പാ ഓടം ബില്ലായേ!

*ഓമനപ്പൂവി : ലക്ഷദ്വീപിലെ നാടൻപാട്ടുകൾ*

ചെങ്ങന്നൂക്കുഞ്ഞാതീടെ പാട്ടുപാടാം
എന്റാശാൻ ചൊല്ലിത്തന്ന പാട്ടുപാടാം
ചെങ്ങന്നൂക്കുഞ്ഞാതി ചെനിച്ചു വളർന്നൂ
അരമണി കിങ്ങിണിയിട്ടു വളർത്തിയമ്മ
ഏഴര തിരുവയസ്സായി കുഞ്ഞാതിക്ക്
പറവിത്യ പഠിക്കാതെയിരുന്നൊരു കാലം
എരിയാവും കോട്ടയിലെ എരിയാപണിക്കനും
കരിയാവും കോട്ടയിലെ കരിയാപണിക്കനും
എരിയാപണിക്കനുമായിട്ടൊരങ്കമുണ്ടായി
അങ്കത്തിത്തോറ്റോടി കരിയാപണിക്കൻ
കരിയാത്തമ്പുള്ളായി പറന്നുപോന്നു
എരിയാപണിക്കനും പിന്തുടർന്നു
ചെറിയാത്തമ്പുള്ളായി പിന്തുടർന്നു

*ചെങ്ങന്നൂർ കുഞ്ഞാതി*

| | | |
|---|---|---|
| *ബോലും* | - | *പറയും* |
| *ഹഖ്* | - | *സത്യം* |
| *ആട്ടിയാൾ* | - | *ഭാര്യ* |
| *അല്ലൽ* | - | *ദുഃഖം* |
| *ചേതി* | - | *കഥ* |
| *റബ്ബ്* | - | *ദൈവം* |
| *ഓനറിയാം* | - | *അവനറിയാം* |
| *ഹുബ്ബ്* | - | *അഗാധമായ സ്നേഹം* |
| *ദുക്കമിക്കുയ്യിന്ന്* | - | *ദുഃഖമാകുന്ന ഈ കുഴിയിൽനിന്ന്* |
| *കരക്കാക്കിവെത്തിടാൻ* | - | *കര കയറ്റാൻ* |
| *വിണ്ട്* | - | *പറഞ്ഞു* |
| *നമ്മള* | - | *നമ്മുടെ* |
| *ഓടം* | - | *ചെറിയ വള്ളം* |
| *കൊടുക്കിണ്ടി* | - | *കൊടുക്കുന്നുണ്ടോ* |
| *ബില്ലായേ* | - | *വിൽക്കരുതേ* |
| *പറവിത്യ* | - | *പറവിദ്യ* |



Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



മുകളിൽ കൊടുത്ത പാട്ടുകളും പാഠഭാഗവും പരിശോധിച്ച് നാടൻപാട്ടിന്റെ സവിശേഷതകൾ കണ്ടെത്തുക.

- താളം
- പദാവർത്തനം
- 
- 

**പദകോശം**

| | |
|---|---|
| തിരുവെഴുത്താലോലാതു | - തിരുവെഴുത്താൽ ഓല അത് |
| കണ്ടോണ്ടാരേ | - കണ്ടുകൊണ്ട നേരത്ത് |
| ഓലുണ്ടെരിപൊരിയങ്കത്തില് | - അവരുണ്ട് എരിപൊരി യുദ്ധത്തിൽ |
| ഞാനുണ്ടിപ്പട്ടൂരിക്കട്ടുമ്മല് | - ഞാനുണ്ട് ഈ പട്ടുവിരിക്കട്ടിലിന്മേൽ |
| ഓല് | - അവർ (അദ്ദേഹം) |
| മാള്യേമ്മല് | - മാളികയിൽ |
| കൈമെയ്യിറക്കം | - പടയാളികൾക്ക് പടക്കലിവന്നാലുണ്ടാകുന്ന ഒരുതരം അനുഭവം |
| കേക്ക് | - കിഴക്ക് |
| കാരണ്ടാലോ | - കയറേണ്ടല്ലോ |
| പോറ്റ്യെന്റച്ഛൻ | - എന്റെ അച്ഛൻ വളർത്തി |

27T5DR

2831FE

## ഞാൻ എന്നെക്കുറിച്ച്

| | ഉണ്ട് | ഇല്ല |
|---|---|---|
| • നാടൻപാട്ടുകൾ, കവിതകൾ എന്നിവയുടെ താളവും ഈണവും തിരിച്ചറിഞ്ഞ് ഭാവത്തോടെ ആലപിക്കാൻ കഴിയുന്നുണ്ട്. | | |
| • കഥ, കവിത, നാടൻപാട്ടുകൾ എന്നിവയുടെ പ്രമേയം, ഭാഷ, ചമൽക്കാരം എന്നിവ കണ്ടെത്തി നിരൂപണം തയാറാക്കാൻ കഴിയുന്നുണ്ട്. | | |
| • പ്രയോഗങ്ങൾ, ശൈലികൾ എന്നിവ കണ്ടെത്തി ആവശ്യമായ ഘട്ടങ്ങളിൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | |
| • പഴഞ്ചൊല്ലുകൾ, ശൈലികൾ തുടങ്ങിയവ വ്യാഖ്യാനിക്കാനും അവയിലെ ജീവിതവീക്ഷണം കണ്ടെത്തി രചനകളിൽ ഏർപ്പെടാനും കഴിഞ്ഞിട്ടുണ്ട്. | | |
| • കഥകളിൽ പ്രതിഫലിക്കുന്ന സാമൂഹികജീവിതം വിശകലനംചെയ്ത് ചർച്ച, സംവാദം എന്നിവയിലേർപ്പെട്ട് യുക്തിപൂർവം വാദഗതികൾ അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | |

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



"ഫോക്ജീവിതമെന്നു പറയുമ്പോൾ തെയ്യം, തിറ, നാടോടിക്കലകൾ എന്നിവയെ മാത്രമല്ല ഞാനുദ്ദേശിക്കുന്നത്. ജനങ്ങളുടെ മനോഭാവം, പെരുമാറ്റം, സംസാരഭാഷ, ശരീരചലനങ്ങൾ, ജനജീവിതപരിസരങ്ങളിൽ പ്രകൃതിയുടെ ഭാഗമായി നിലനിൽക്കുന്ന മരങ്ങൾ, ചെടികൾ, മനുഷ്യേതരജീവികൾ എന്നിവയെല്ലാം അതിലുൾപ്പെടുന്നു. കയറ്റം കയറിപ്പോകുന്ന ഒരിടവഴി, മരത്തണലിൽ വെളിച്ചം വരയ്ക്കുന്ന വൃത്തം, കുളങ്ങൾ, തോടുകൾ, പക്ഷികൾ- ഇവയൊക്കെ ചേർന്നതാണ് ഫോക് അനുഭവലോകം. അനുഭവത്തിന്റെ അനന്യവും അതിസൂക്ഷ്മവുമായ ഘടകങ്ങൾ ഉൾച്ചേർന്നതാണത്. ഈ ലോകം എഴുത്തിൽ ഇടംനേടുമ്പോൾ ഉണ്ടാകുന്ന ആവേശം വേറെത്തന്നെയാണ്."

*– ഫോക്‌ലോറും എന്റെ എഴുത്തും (എൻ. പ്രഭാകരൻ)*

- ഈ പ്രസ്താവനയെ സാധൂകരിക്കുന്ന തെളിവുകൾ പാഠഭാഗങ്ങളിൽനിന്ന് കണ്ടെത്തുക. വിശകലനം ചെയ്ത് ഉപന്യാസം തയാറാക്കുക.


**എഴുത്തുകാരെ അറിയുക**

## ചെറുശ്ശേരി

ക്രി.വ. പതിനഞ്ചാം നൂറ്റാണ്ടിൽ ഉത്തരകേരളത്തിൽ ജീവിച്ചിരുന്ന മഹാകവി. കോലത്തുനാടു ഭരിച്ചിരുന്ന ഉദയവർമ്മ രാജാവിന്റെ പണ്ഡിതസദസ്സിലെ അംഗമായിരുന്നു. ഭാഗവതം ദശമസ്കന്ധത്തെ ആധാരമാക്കി രചിച്ച കൃഷ്ണഗാഥയാണ് അദ്ദേഹത്തെ അനശ്വരനാക്കിയ കൃതി.

28BHH2

## നാരായൻ



ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ പെടുന്ന കുടയത്തൂരിൽ 1940 സപ്തംബർ 26നു ജനിച്ചു. 'കൊച്ചരേത്തി'യാണ് ആദ്യനോവൽ. ഊരാളിക്കുടി, വന്നല, ആരാണു തോൽക്കുന്നവർ, കഥകൾ-നാരായൻ എന്നിവയാണു പ്രധാന കൃതികൾ. ഗോത്രസ്മൃതികളുടെ അനുഭവം പേറുന്നവയാണ് അദ്ദേഹത്തിന്റെ രചനകൾ. 'കൊച്ചരേത്തി'ക്കു കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.

28KSIP

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കുറിപ്പുകൾ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



## കുറിപ്പുകൾ

ഇമ്പം മലയാളം

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com



കുറിപ്പുകൾ

Downloaded from https:// www.studiestoday.com

Downloaded from https:// www.studiestoday.com

## പുകയിലയെ പ്രതിരോധിക്കാം

ലഹരി വസ്തുക്കൾ സങ്കീർണമായ സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ആരോഗ്യം, സംസ്കാരം, സമ്പത്ത്, പഠനം, മനുഷ്യബന്ധങ്ങൾ എന്നിവയെല്ലാം തകർത്തെറിയുന്ന ലഹരിവസ്തുക്കളെ കണിശമായും വർജിക്കണം.

ലോകത്ത് പത്തിലൊരാൾ എന്ന ക്രമത്തിൽ പ്രതിവർഷം അമ്പതുലക്ഷത്തോളം പേരുടെ മരണത്തിന് കാരണമാകുന്ന അതീവ മാരകമായ ലഹരിപദാർഥമാണ് പുകയില. പുകയിലയുടെ ഉപയോഗം പ്രധാനമായും രണ്ടു രീതിയിലാണ്.

- പുകവലി (Tobacco smoking)
- പുകരഹിത പുകയില ഉപയോഗം (Use of smokeless tobacco)

പുകയിലയിൽ ഒട്ടേറെ ദോഷകരവും മാരകവുമായ രാസവസ്തുക്കൾ അടങ്ങിയിക്കുന്നു.

നിക്കോട്ടിൻ, ടാർ, ബെൻസോപൈറീൻ, കാർബൺമോണോക്സൈഡ്, ഫോർമാൽഡിഹൈഡ്, ബെൻസീൻ, ഹൈഡ്രജൻ സയനൈഡ്, കാഡ്മിയം, അമോണിയ, പ്രൊപ്പലീൻ ഗ്ലൈക്കോൾ എന്നിവ അവയിൽ ചിലതാണ്.

**പുകയിലയുടെ ദോഷഫലങ്ങൾ**

- വിട്ടുമാറാത്ത ചുമ
- രക്തചംക്രമണം, രക്തസമ്മർദം എന്നിവയിലുണ്ടാകുന്ന പ്രശ്നങ്ങൾ
- ഹൃദ്രോഗം
- നാവ്, വായ, തൊണ്ട, സ്വനപേടകം, ശ്വാസകോശം, അന്നനാളം, ആമാശയം, പാൻക്രിയാസ്, കരൾ എന്നിവയെ ബാധിക്കുന്ന ക്യാൻസർ
- ശ്വാസകോശരോഗങ്ങളായ ക്ഷയം, ബ്രോങ്കൈറ്റിസ്, എംഫിസീമ, ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമനറി ഡിസീസ് തുടങ്ങിയവ
- വായ്ക്കുള്ളിലെ രോഗങ്ങളായ പെരിയോഡോൺഡൈറ്റിസ്, പല്ലുകളിലെ നിറം മാറ്റം, പോടുകൾ, വായ്നാറ്റം, അണുബാധ തുടങ്ങിയവ
- പുകവലി ലൈംഗിക-പ്രത്യുൽപ്പാദനശേഷി കുറയ്ക്കുന്നു. പുകവലിക്കാരായ സ്ത്രീകളിൽ ഗർഭസ്ഥശിശുക്കളുടെ ആരോഗ്യക്കുറവിനും ഇത് കാരണമാകുന്നു.

*പുകവലിക്കുന്നവരുമായുള്ള സാമീപ്യംമൂലം പുകവലിക്കാത്തവരും പുക ശ്വസിക്കാനിടവരുന്നതാണ് നിഷ്ക്രിയ പുകവലി (Passive smoking).*
*ഇത് ഏറെ അപകടകരമാണ്.*



*ഇന്ത്യയിൽ 14 ശതമാനം പേർ പുകവലിക്കാരും 26 ശതമാനം പേർ പുകരഹിത പുകയില ഉപയോഗിക്കുന്നവരുമാണ്. അഞ്ച് ശതമാനം പേർ പുകവലിയും പുകരഹിത പുകയിലയും ശീലമാക്കിയവരാണ്.*
*നാം ഇതിനെ വേണ്ട രീതിയിൽ പ്രതിരോധിക്കേണ്ടതില്ലേ?*

Downloaded from https:// www.studiestoday.com